Reg: No. M. 2689
T 32.

License No: 427
Dated 14—8—1943.

# മലയാളരാജ്യം

പുസ്തകം ൨൧ | കൊല്ലം ൧൯൪൩ ജൂലായ് ൧൯-ാംനു | ലക്കം ൧൫
പേജ് ൧൨ | ൧൧൧൮ കർക്കടകം ൩-ാംനു തിങ്കളാഴ്ച | ഒററപ്രതി അണ ൧

# ശ്രീ സ്വാമി രാമതീർത്ഥൻ

സ്വാമി രാമതീർത്ഥൻെറ പേരുകേൾക്കാത്ത വിദ്യാഭ്യാസംസിദ്ധിച്ച യാതൊരു ഭാരതീയനും ഉണ്ടായിരിക്കയില്ല. ദീപാളിയുടെ പിറേറന്നാൾ പഞ്ചനദികളുടെനാട്ടിൽ ഉദിച്ചുയർന്ന ഈ ധർമ്മത്തിൻെറ ആദിത്യൻ മുപ്പത്തു മൂന്നു വർഷം മുഴുവനും ജന്മദേശത്തും വിദേശത്തുമായി തൻെറ പ്രഭാവീചികൾ പ്രചരിപ്പിച്ചതിനുശേഷം 1906-ൽ ദീപാളിദിവസം അസ്തമിച്ചു. തൻെറ പ്രകാശം വിതരണംചെയ്യാൻവേണ്ടി കറുത്ത മേഘങ്ങളോടു കഷ്ടപ്പെട്ടു പടവെട്ടുന്ന സൂര്യഗ്രഹംപോലെ, ഈ ആദ്ധ്യാത്മികസൂര്യനും ജീവിതം മുഴുക്കെ പടവെട്ടിയതിനുശേഷമാണ് തൻെറ ആത്മീയതേജസ്സ് വിസ്താരമായി പരത്തിയതു്.

മനുഷ്യജീവിതത്തിൻെറ സകല മണ്ഡലങ്ങളിലും, അയോദ്ധ്യയിലെ രാമനെപ്പോലെ, മുരളീവാലയിലെ ഈ രാമനും മാതൃകസൃഷ്ടിച്ചിട്ടുണ്ടു്.

1) ശൈശവത്തിൽ മാതൃലാളനകൾ ലഭിക്കാതെയും മററുവിധം പോഷണം സമ്പാദിച്ചും വളരുക.

2) സമ്പൂർണ്ണദാരിദ്ര്യത്തിൽ ഉന്നതവിദ്യാഭ്യാസംനേടുക.

3) തൻെറ ഗുരുവിൻെറ ശാസനങ്ങളെ ചോദ്യംചെയ്യാതെ നടപ്പാക്കുക.

4) ഐ. സി. എസ്. ഉദ്യോഗം കൈവിട്ടു് അദ്ധ്യാപകവൃത്തി സ്വീകരിക്കുക.

5) തൻെറ ഉയർന്ന ലൌകികപദവിയും, സ്വത്തും ഭാര്യാപുത്രരേയും ഉപേക്ഷിച്ചുംവെച്ചു ഈശ്വരസാക്ഷാൽക്കാരത്തിന്നു ഹിമവൽപാർശ്വങ്ങളിൽ പോകുക.

6) ഈശ്വരാരാധനകൊണ്ടു ഈശ്വരനായിഭവിക്കുക, അതായതു് എല്ലായിടത്തും സകലരേയും ഈശ്വരനെന്നു കാണുക.

7) ഹിമാലയങ്ങളുടെ ഉച്ചസ്ഥാനങ്ങളിലും, ശാന്തിയുടേയും പരമാനന്ദത്തിൻെറയും ഉയർച്ചകളിലുംനിന്നു തിരിച്ചുവന്നു് ലോകവുമായി മുഷിഞ്ഞവർക്കുമാത്രം സമാധാനവും ആനന്ദവും വിതരണംചെയ്യുക.

ഇവയാണ് അന്യന്മാർക്കു ദൃഷ്ടാന്തമാകുന്നിച്ചുകൊടുത്ത അദ്ദേഹത്തിൻെറ ജീവിതത്തിലെ ചില ഉപാധികൾ.

എന്നാൽ ഈ ധീരോദാത്തൻെറ ഏററവും മഹത്തായ കൃത്യം രാഷ്ട്രങ്ങളുടെ ഭിന്നിതഹൃദയങ്ങളെ ചികിത്സിച്ചുസുഖമാക്കിയതാണ്. ഒരേനാട്ടിലെ സന്താനങ്ങളായ ഹിന്ദുക്കളും മുസ്ലീമിങ്ങളും പരസ്പരം കലഹിച്ചുകൊണ്ടിരുന്നു. ഈ ദുർഘടദശയിൽ സ്വാമി രാമൻ രംഗപ്രവേശംചെയ്തു തൻെറ മാതൃകകൊണ്ടും, നിഷ്പക്ഷവും ആത്മപ്രചോദകവും ആയ ഉപദേശങ്ങൾമൂലവും അവരെ രഞ്ജിപ്പിക്കാൻ തന്നാൽ കഴിവതെല്ലാം ചെയ്തു. "അക്ബർ—ഇ—ദലി" എന്ന അദ്ദേഹത്തിൻെറ പ്രഭാഷണം അവയിൽ ഒന്നാണ്. അതിൽനിന്നു ഏതാനും ഭാഗം അടിയിൽ ചേർക്കുന്നു:—

"ഇതരമതാനുയായികളോടു സൗജന്യം കാണിക്കണമെന്നും, നിങ്ങളെ ദ്വേഷിക്കുന്നവരെ സ്നേഹിക്കണമെന്നും വ്യക്തിപരമായ ശത്രുതപാലിക്കല്ലാതെചെയ്യണമെന്നും ചുരുക്കത്തിൽ സകലരേയും പ്രേമിക്കണമെന്നും പറയുക വളരെ എളുപ്പമാണ്. എന്നിട്ടും, അതിൻപ്രകാരം പ്രവർത്തിക്കുക ബഹുവിഷമമത്രേ. ഒരു വിശ്വമതമോ, വിഷമതരമോ ആയിക്കൊള്ളട്ടെ; പക്ഷേ

## വർഗ്ഗീയസമാധാനത്തിൻെറയും ഐക്യത്തിൻെറയും പ്രവാചകൻ എന്ന നിലയിൽ

ശ്രീ: വേണീപ്രസാദഭട്നഗർ എം. ഏ. എൽ.ടി; എഫ്. ററി. എസ്.

ഇതു നടപ്പിൽവരാത്ത രാഷ്ട്രത്തിൽ ഐകമത്യം ഉണ്ടാകയില്ല. നാട്ടിൽ ഐക്യവും വന്നുകൂടുന്നതല്ല. ഇതൊരു സാമാന്യയാഥാർത്ഥ്യമാണ്. എന്നാൽ ഇന്ത്യയ്ക്കിതൊരു പ്രത്യേകസത്യമായിത്തീർന്നിട്ടുണ്ടു്. നിങ്ങൾ ഏതുമതത്തിൽ ജനിച്ചുവോ അതിനെ പരിത്യജിക്കാൻ നാം ആവശ്യപ്പെടുന്നില്ല. പിന്നെയോ, നിങ്ങൾ ഏതൊരുമതത്തിൽ ജനിച്ചുവോ ആ മതത്തിൻെറ അതിരുകൾക്കു പുറത്തുപോകുന്നതു മഹാപാപമാണെന്നു നിങ്ങൾ പരിഗണിക്കുന്നുവെങ്കിൽ, അതു ഒരു ആത്മീകമായ ആത്മഹത്യാപാതകമത്രെ. ഒരു മതത്തിൻെറ നാല്ഭിത്തികൾക്കുള്ളിൽ ജനിക്കുവാനും പോഷിപ്പിക്കപ്പെടുകയും ചെയ്യേണ്ടതു അത്യാവശ്യമത്രേ. എന്നാൽ അതിനുള്ളിൽ തന്നെ മരിക്കുന്നതു മഹാപാപമത്രെ."

ഞാൻ ഉദ്ധരിച്ച വരികൾ എഴുതിയ ആളും ഹിന്ദുക്കളിലും; മുഹമ്മദീയരിലും, ക്രിസ്ത്യാനികളിലും ഒരു സവിശേഷ പ്രേരണാശക്തി ചെലുത്തിയിരുന്നു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ അവരെല്ലാവരും ഒരുപോലെ മതഭിന്നതകൾ മറന്നു പരസ്പരപ്രേമത്തിൽ യോജിച്ചു വർത്തിച്ചിരുന്നു. പുറമേ കാണപ്പെടുന്ന ഹിന്ദുമതം, മുഹമ്മദുമതം, കൃസ്തുമതം മുതലായതു് പലവിധത്തിലുള്ള ലോട്ടാകൾ പോലെയാണെന്നും സാർവലൗകികപ്രേമമാകുന്ന പാൽവിതരണം ചെയ്യുന്നതിനു ഈ ലോട്ടാകൾ ഉപയോഗിക്കാൻ ശ്രമംചെയ്യപ്പെട്ടു"വെന്നും അദ്ദേഹം പറയുന്നു. "ഈ ലോട്ടാകളെ ആരാധിക്കുന്നതു മൂലം, അനൈക്യം വർദ്ധിക്കുന്നു. ഈ ലോട്ടാകൾ നിരവധിയാണ്; അതുകൾ ബിംബങ്ങൾ പോലെ ദുരുപയോഗപ്പെടുന്നു. പ്രതിമകൾമുഖേന ഈശ്വരനെ ഭക്തി സമ്പാദിക്കയും, ചഷകങ്ങളിൽക്കൂടി പരമാത്മതത്വത്തിൽ എത്തുകയും ചെയ്യുന്നവൻ അനുഗൃഹീതൻതന്നെ. എന്നാൽ ആത്മാനന്ദലഹരികൊണ്ടു യാതൊരുവൻെറ കയ്യിൽനിന്നു ഈ ലോട്ട താഴെവീണുതകർന്നുവോ അവൻ ഇരട്ടി അനുഗൃഹീതനാണ്." അദ്ദേഹം വീണ്ടും പറയുന്നു:—"മനുഷ്യവർഗ്ഗത്തിൻെറ സവിശേഷഗുണമായ പ്രേമം, ജാതിമത രാജ്യഭിന്നതകൾ ഗണിക്കാതെ എല്ലാവരോടും ഒരുപോലെ തോന്നണം. ഒരു കുടുംബത്തിലെ രണ്ടു അംഗങ്ങൾക്കു പരസ്പരമുണ്ടാകാവുന്നതു തീക്ഷ്ണതയോടുകൂടി അതു തോന്നുകയും വേണം. നിങ്ങളുടെ നാട്ടിനോടുള്ള പ്രേമംകൊണ്ടു മനസ്സുനിറയ്ക്കുക. അപ്പോൾ ഈ പ്രപഞ്ചം സ്വർഗ്ഗത്തെ തള്ളിത്താഴ്ത്തി ഉയരുകയൊ എന്നു ഭാരതപക്ഷം എന്നോടു പരാതിപറയുക. ഹൃദയത്തിൽനിന്നു സ്വാർത്ഥവും മനസ്സിൽനിന്നു ദ്വേഷവും എല്ലാം കളയുന്നതാണു ഒരു പരീക്ഷണം ചെയ്തു എപ്പോഴെങ്കിലും നിങ്ങൾ നോക്കിയിട്ടുണ്ടോ? നിങ്ങളാപരീക്ഷ നോക്കിയിട്ടില്ലെങ്കിൽ, അതിനെ അപഹസിക്കാനോ നിഷേധിക്കാനോ നിങ്ങൾക്കവകാശമില്ല. ഉദാത്തമായി ശമം (അഹിംസ) അഥവാ സാർവ്വലൗകികപ്രേമം ആരാധിക്കുന്നവനോടു വന്യമൃഗങ്ങൾപോലും വൈരം ത്യജിക്കുമെന്നു യോഗശാസ്ത്രഗ്രന്ഥങ്ങൾ പ്രസ്താവിക്കുന്നു. ക്രിയയും പ്രതിക്രിയയും തുല്യമാണെന്നു—ആഘാതപ്രത്യാഘാതങ്ങൾ സമമാണെന്നുള്ള തത്വം ശരിയാണെങ്കിൽ, ഇതെന്നുകൊണ്ടു യഥാർത്ഥമാകയില്ല.



വേറൊരു കവിസത്തമൻ ഇതേ ചിന്തകളെ അനുഭവപ്പെട്ടുത്തിയിട്ടുണ്ടു്. അദ്ദേഹം പറയുന്നു:—"മുകളിലത്തെ ആകാശം സൂര്യനും ചന്ദ്രനും ഒരുപോലെ പ്രകാശിപ്പിക്കുന്നതുപോലെ—അഥവാ രണ്ടു കണ്ണുകൾ ഒരു പ്രിയതമയുടെ മുഖത്തിനു സൌന്ദര്യംകൊടുക്കുന്നതുപോലെ ഇൻഡ്യയിൽ ഹിന്ദുക്കളും മുഹമ്മദീയരുംകൂടി പരിശോഭിക്കുന്നു. മുഹമ്മദീയർ ശ്രീകൃഷ്ണപ്രേമംകൊണ്ടു ആവിഷ്കരിക്കയും, ഹിന്ദുക്കൾ മുഹമ്മദിൻെറ സ്തുതികൾ പാടുകയും ചെയ്യുന്നദിവസം അനുഗൃഹീതമായിരിക്കും."

സ്വാമി രാമൻ വീണ്ടും പറയുന്നു:—"ഹൃസ്വഹൃദയനായ ഒരാൾക്കു അതായതു് ഹിന്ദുമതം, മുഹമ്മദുമതം, ക്രിസ്തുമതം എന്നീ ചെറിയ വൃത്തങ്ങൾക്കുള്ളിൽ ചുരുങ്ങി ഒതുങ്ങിക്കിടക്കുന്ന ഒരാൾക്കു, ഒരിക്കലും "അക് ബർ-ദിലി" അഥവാ വിശാലമനസ്സൻ ആയിത്തീരാൻ കഴിയുന്നതല്ല. അക് ബർ-ഇ-ദിലി ആയ ഒരു മനുഷ്യൻപറയും—"സകല ജീവനും എൻെറ ജീവനാണ്; സകല ഹൃദയവും എൻെറ ഹൃദയമാണു. അതേ എൻെറ പ്രകാശം തന്നെയാണ് ബുൾബുലിയും റോസായിലുമുള്ളതു്, സൂര്യനിലും ചന്ദ്രനിലും ഇതിക്കുന്നതു. ഹിന്ദുക്കളുടെയും, മുഹമ്മദീയരുടെയും, പാഴ്സികളുടെയും, സിക്കുകളുടെയും, ജൈനരുടെയും കൃസ്ത്യരുടെയും ഹൃദയങ്ങളിൽ സ്പന്ദിക്കുന്നതു് എൻെറ ഹൃദയംതന്നെയാണു."

അനേകശതാബ്ദങ്ങൾ ആയി ഈ രാജ്യത്തു് ഒന്നിച്ചു പാർത്തതിനുശേഷവും, ഹിന്ദുക്കളും മഹമ്മദീയരുമായ നാം ഒരേ ഭാരതമാതാവിൻെറ സന്താനങ്ങളാണെന്നും അവളുടെ പാൽ കുടിച്ചു—അവളിൽനിന്നു ലഭിക്കുന്ന വിഭവങ്ങൾ ഭക്ഷിച്ചു് പോഷണം സമ്പാദിക്കുന്നവരെന്നും ഉള്ള കഥ ന

(ശേഷം പതിനൊന്നാംപേജിൽ)

# നമ്മുടെ ഭാഷകൾ

വി. കെ. മൂത്തത്ത്

സർ ഗ്രിയേഴ്സൺറെ ലിംഗ്വിസ്റ്റിക് സർവ്വേ ഓഫ് ഇൻഡ്യ എന്ന ഗ്രന്ഥത്തിലെ കണക്കുപ്രകാരം ഭാരതത്തിൽ ഒട്ടാകെ 179 ഭാഷകൾ ഉണ്ടത്രെ. ഇവയിൽ ഹിന്ദി, ബംഗാളി, മറാട്ടി, ഗുജറാത്തി, പഞ്ചാബി, സിൻഡി, കാശ്മീരി, ഒറിയാ, തെലുങ്ക, കന്നടകം, തമിഴ, മലയാളം ഇവ സ്വന്തമായ ലിപിയും സാഹിത്യവുമുള്ള പ്രധാന ഭാഷകളാണ്. മററു ഭാഷകൾ ഇവയുടെ പിരിവുകളും ദേശ്യരൂപങ്ങളും മാത്രമാണ്. അവയും പറയത്തക്ക ഗ്രന്ഥസമ്പത്തില്ല.

കാലാകാലമായി ഭാഷകൾ അടിസ്ഥാനമാക്കി നമ്മുടെ പ്രവിശ്യകൾ വിഭജിക്കണമെന്നുള്ള വാദം പുറപ്പെട്ടിട്ടുണ്ട്. അതിനെ ഇപ്പോൾ ഔദ്യോഗികമായി അംഗീകാരവും ലഭിച്ചുകഴിഞ്ഞു. ബീഹാറിന്റെ ഏതാനുംഭാഗം ബംഗാളിനോടും തിരുവിതാംകൂറിന്റെ ഏതാനുംഭാഗം തമിഴുനാട്ടിനോടും ചേർക്കണമെന്നും പറയപ്പെടുന്നു. അതുപോലെ മദിരാശി പ്രവിശ്യ നാലായി വിഭജിക്കേണ്ടതായിവരുന്നു. വിദ്യാഭ്യാസസംബന്ധമായ ചില കാര്യങ്ങൾക്കു ഈ വിഭജനം പ്രയോജനകരമാണെന്നു വരികിലും ഭാഷയുടെപേരിൽ ഭിന്നതകൾ വളർത്താൻ നാം അനുവദിച്ചുകൂടാ. നമുക്കു ലഭിച്ച സ്വാതന്ത്ര്യത്തിന്റെ സൽഫലങ്ങൾ അനുഭവിക്കണമെങ്കിൽ എല്ലാപ്രകാരത്തിലും ഭാരതത്തിന്റെ ഐക്യം പുനസ്ഥാപിക്കയും മതതാ സമുദ്ധരിക്കയും ചെയ്യുന്നതിനാണ് നാം യത്നിക്കേണ്ടതു്. ഈ ഐക്യത്തിന്റേയും മതതാത്തിന്റേയും അധിഷ്ഠാനങ്ങളിൽ ഏററവും പ്രധാനമായ ഒന്നാണ് രാഷ്ട്രഭാഷ.

രാഷ്ട്രഭാഷയുടെ ആവശ്യവും സ്ഥാനവും പ്രാന്തീയഭാഷകൾ തമ്മിലുള്ള ബന്ധവും നാം മനസ്സിലാക്കിയിരുന്നാൽ ഭാഷകളുടെപേരിൽ നമുക്കു കലഹിക്കേണ്ടതായി വരികയില്ല. ഭാരതീയഭാഷകൾ എല്ലാം സംസ്കൃതത്തിൽനിന്നു ഉളവായവയാണ്. സംസ്കൃതത്തിൽനിന്നും ശബ്ദങ്ങൾ കൊണ്ടു സംഭവിച്ച അകൽച്ചയുടെ ഏററക്കുറവിലാണ് ഇന്നത്തെ ഭാഷാവ്യത്യാസങ്ങൾക്കു കാരണം. ഈ ഭാഷകളുടെ ലിപികൾ ദേവനാഗരിതന്നെയോ അല്ലെങ്കിൽ അതിന്റെ രൂപാന്തരങ്ങളോ ആണ്. ശാബ്ദികമായും ലിപിപരമായും ഉള്ള വ്യത്യാസങ്ങൾ ഒന്നിച്ചുചേരുമ്പോൾ ഈ ഭാഷകളെല്ലാം പരസ്പരം ദുർഗ്രഹമായിത്തീർന്നു പ്രവിശ്യകൾ പങ്കിടുകയാണ്. ശബ്ദത്തിലും ലിപിയിലും ഉത്തരേന്ത്യൻ ഭാഷകളെക്കാൾ അധികം പരിവർത്തനം ദക്ഷിണേന്ത്യൻഭാഷകളിൽ വന്നിട്ടുണ്ട്.

നമ്മുടെ ഏതാനും ഭാഷകളുടെ ലിപിസ്വഭാവം ഇപ്രകാരമാണ്:—

1) ഹിന്ദി, മറാട്ടി എന്നീ ഭാഷകൾക്കു ദേവനാഗരിതന്നെ ഉപയോഗിച്ചുവരുന്നു. 1931-ലെ സെൻസസ്സുപ്രകാരം 40·53 ശതമാനം ഭാരതീയർ ദേവനാഗരിയിൽ എഴുതുന്ന ഭാഷകൾ സംസാരിക്കുന്നവരാണ്.

2) ബംഗാളിയിൽ ഇ മുതൽ ഔ വരെയുള്ള സ്വരങ്ങളുടേയും ഖ, ഛ, ഝ, ഢ, ഞ, ട, ഠ, ഭ, ര, ശ, ഹ, എന്നീ വ്യഞ്ജനങ്ങളുടേയും ലിപികൾക്കു ദേവനാഗരിയിൽനിന്നു അല്പം വ്യത്യാസമുണ്ട്. മററു ലിപികൾ ദേവനാഗരിയുമായി പ്രത്യക്ഷമായ സാമ്യം ഉള്ളവയാണ്.

3) ഗുജറാത്തി ലിപികളിൽ ദേവനാഗരിയിലെ ശിരോരേഖ തീരെ ഉപേക്ഷിച്ചിരിക്കുന്നു. അതിനപ്പുറമെ ഇ, ഈ, എ, ഐ, ക, ഖ, ഛ, ജ, ണ, ഫ, ബ, ല, ഹ എന്നീ ലിപികൾക്കു അല്പം ഭേദം കൂടിയുണ്ട്.

4) ദ്രാവിഡഭാഷാ ലിപികളിൽ ഒററ പക്ഷിച്ചും ദേവനാഗരിയുമായി പ്രകടമായ സാമ്യമുള്ളവയല്ല. പുരാതന ശിലാലേഖങ്ങളിലെ ബ്രാഹ്മിലിപിയിൽനിന്നാണ് ദേവനാഗരലിപി രൂപീകരിച്ചതു്. ദ്രാവിഡലിപികൾക്കും ബ്രാഹ്മിതന്നെയാണ് മൂലം. ശിലാശിലകളിലെ ലേഖനത്തിൽ കാലക്രമേണ ഇവയ്ക്കു രൂപഭേദംവന്നിട്ടുള്ളതാണ്. തെലുങ്കിലെ ഒ, മലയാളത്തിലെ ഒ, ക, ഗ, ഠ, ധ തമിഴിലെ ക, ന മുതലായ ലിപികൾ ദേവനാഗരിയുമായി ബന്ധപ്പെട്ടതാണെന്നു കണ്ടെത്താൻ പ്രയാസമില്ല. മററുള്ളവയുടെ ബന്ധം അവയുടെ ക്രമാനുഗതമായ ചരിത്രംകൊണ്ടേ അറിയാൻ കഴിയൂ.

എന്നാൽ ദ്രാവിഡലിപികൾ തമ്മിൽ തമ്മിലുള്ള ബന്ധം വളരെ പ്രകടമാണ്. തമിഴിലും മലയാളത്തിലും ഉ, ഊ, ഒ, ഓ, ഔ, ങ, ന, പ, ര, ഴ എന്നിവയ്ക്കു വളരെ അടുപ്പമുണ്ട്. തെലുങ്കും കന്നടകവും ലിപികൾ അധികവും ഒന്നുതന്നെ. ഉ, ഊ, ത, ശ, ഹ എന്നീ ലിപികൾക്കുമാത്രമേ അല്പം ഭേദമുള്ളു. മലയാളത്തിലെ ഇ, ഈ, ജ, ഞ, ധ, ഝ, ല, വ, ഷ ഇവ തെലുങ്ക - കന്നടകലിപികളോടു സാമ്യമുള്ളവയാണ്.

ഇതിൽനിന്നു ഉത്തരലിപികൾ തമ്മിൽ തമ്മിൽതമ്മിലും ദക്ഷിണലിപികൾ തമ്മിൽതമ്മിലും അത്യന്തം ബന്ധമുണ്ടെന്നു കാണാവുന്നതാണ്. എന്നാൽ ഈ ബന്ധം ഒന്നിലധികം ലിപികൾ താരതമ്യപ്പെടുത്തി പഠിക്കുമ്പോഴേ അറിയാൻകഴിവുള്ളു. വിദ്യാലയങ്ങളും പ്രസിദ്ധീകരണങ്ങളുംമുഖേന അതിനു വേണ്ട സൗകര്യങ്ങൾ നമുക്കു ലഭിക്കുവാൻ പ്രയാസമുണ്ട്.

ഭാരതീയഭാഷകൾ തമ്മിലുള്ള ശബ്ദബന്ധവും ഏററവും ഹൃദയംഗമമാണ്. വ്യത്യാസം അധികവും സംസ്കൃതേതരങ്ങളുടെ കാര്യങ്ങളിലാണ്. അവയ്ക്കു ദക്ഷിണഭാഷകളിൽ അധികം രൂപഭേദം വരുന്നുണ്ടെങ്കിലും പൊതുവെ ഈ ഭാഷകൾ തമ്മിലുള്ള ബന്ധം സുഗ്രഹമാണ്. എന്നാൽ ലിപിഭേദംകൊണ്ടു ഈ ബന്ധം മറയ്ക്കപ്പെട്ടിരിക്കയാണ്. ഭാരതീയഭാഷകൾക്കെല്ലാം ഒരേ ലിപിയാക്കിയാൽ വിവിധഭാഷാഭ്യസനം ലഘുസാദ്ധ്യമായിത്തീരുന്നതാണ്. ഇൻഡ്യയിൽ ഏതുഭാഗത്തും ഒന്നിലധികം ലിപികൾ കൈകാര്യംചെയ്യേണ്ടതായിട്ടാണ് ഇരിക്കുന്നതു്. വിദ്യാഭ്യാസത്തിലും ആധുനികലോകത്തിന് അനിവാര്യമായ കച്ചവടയിലും ഈ ലിപിവൈവിധ്യംകൊണ്ടു ബുദ്ധിമുട്ടു നേരിടുന്നു. ലിപികളുടെ ഏകീകരണം രാഷ്ട്രഭാഷയായ ഹിന്ദിയും ഇതരദേശ്യഭാഷകളും തമ്മിലുള്ള സമ്പർക്കത്തിനും ഉതകുന്നതാണ്. ഏററവും വ്യാപ്തിയുള്ള ഹിന്ദി രാഷ്ട്രഭാഷയായിരിക്കുന്നതുപോലെ ഏററവും വ്യാപ്തിയുള്ള ദേവനാഗരി നമ്മുടെ രാഷ്ട്രലിപിയും ആയിരിക്കേണ്ടതാണ്. ഇതിന്റെ പ്രചാരത്തിനു വിദ്യാഭ്യാസാധികൃതരുടെയും പത്രപ്രവർത്തകരുടെയും സഹകരണമുണ്ടാവുമെങ്കിൽ അതു ഭാരതത്തിനു മഹത്തായ അനുഗ്രഹമായിരിക്കും.

തമിഴലിപിമാലയുടെ അപൂർണ്ണത പരിഹരിക്കേണ്ടതും ആവശ്യമാണ്. ഇതരദേശ്യഭാഷകളിലെ അതിഖരഘോഷങ്ങളും ജ ഒഴിച്ചുള്ള ഊഷ്മാക്കളും മററും തമിഴിൽ രേഖപ്പെടുത്താൻ കഴിയുന്നതല്ല. ദേശ്യഭാഷകൾമുഖേന ഉയർന്ന ശ്രേണിയിലുള്ള വിദ്യാഭ്യാസം നടപ്പാക്കുന്നതിനു സംസ്കൃതത്തിനെ ആശ്രയിച്ച് ആ ഭാഷകളിൽ ആധുനികശബ്ദകോശം ഉണ്ടാകേണ്ടതാവും. മററു ഭാഷകൾക്ക് അപ്രകാരം ഉണ്ടാകാവുന്ന വികാസം ലിപിക്കുറവുകൊണ്ടു തമിഴിനു സിദ്ധിക്കാതെപോവാനാണ് ഇടയാവുക.

ഭാരതീയഭാഷകളുടെ ശബ്ദബന്ധം ഉദാഹരിക്കാനായി ഒരേവിഷയത്തെപ്പററിയുള്ള ചില ഖണ്ഡികകൾ താഴെ ചേർക്കുന്നു. വാട്ടർബറീസ് കാമ്പൗണ്ട് എന്ന ഔഷധത്തിന്റെ പരസ്യത്തിൽനിന്നാണ് അവ എടുത്തു ചേർക്കുന്നതു്. പരസ്യങ്ങളിലെ പോലെ ഭിന്നഭാഷകൾ ഒന്നിച്ചു കാണേണ്ടതാണ് എളുപ്പമില്ല. ചില ഭാഷകൾക്ക് എഴുത്തും ഉച്ചാരണവും ആയി വ്യത്യാസമുണ്ട്. എഴുത്തിനെ അടിസ്ഥാനമാക്കിയാണ് ഈ ഉദാഹരണങ്ങൾ ചേർക്കുന്നതു്.

## ഹിന്ദി

ആജകല പൗഷ്ടികപദാർത്ഥവിഹീന ഭോജന പ്രായഃ സഭീ ജഗഹ കിയാ ജാരഹാ ഹേ. ആധുനികയുഗ കാ ഔഷധശാസ്ത്ര ഇസ ക്ഷതിപര ബല ദേതാ ഹേ. നികൃഷ്ട ഭോജനസേ സ്വാസ്ഥ്യ ഖരാബ രഹതാ ഹേ ഔര ആഗ ദുർബലതാ ബഢതീ ഹേ. രോഗോം പ്രതിരോധ കരനേ കാ ബലഭീ ക്ഷീണ ഹോ ജാതാ ഹേ. ഭോജനമേ പൗഷ്ടികപദാർത്ഥ ന രഹനേസേ ബച്ചോം കീ സ്വാസ്ഥ്യ ഉന്നതിമേ ബാധാ പഡതീ ഹേ ഔര ഇസപ്രകാര മനുഷ്യജാതി കേ ബല ഔര പരാക്രമകാ ഹ്രാസ ഹോതാ ജാരഹാ ഹേ.

വാട്ടർബറീ കമ്പൗണ്ട് കേ നിയമിത പ്രയോഗ സേ പൗഷ്ടിക പദാർത്ഥോം കീ കമീ കാ നിവാരണ കിയാ ജാ സകതാ ഹേ. ഇസമേ ക്ഷീണതാ ദൂര കരനേ വാലേ സഭീ ഉപാദാന മൗജൂദ ഹേ. ഖാസ സ്വാദു ഹോ ഔര ബഢതേ ഹുഏ ബച്ചോം കേലിയേ വിശേഷകര ലാഭപ്രദ ഹേ.

ഭോജന കേ പഹലേ യാ ബാദ ഏക ബഡാ ചമച ദിനമേ 4 ബാര. ബച്ചോം കോ ഏക യാ ദോ ചമച ആയു കേ അനുസാര.

## ബംഗാളി

ആധുനികചികിത്സാ വിജ്ഞാനേ അപരിപുഷ്ടി ദൂരീകരണേര അപരിഹാര്യ്യ പ്രയോജനീയതാരേ പ്രതിവിശേഷഭാവേ ആകർഷണ കരേ. അപരിപുഷ്ടി ഭഗ്നസ്വാസ്ഥ്യ ഓ സാധാരണ ദുർബലതാ പ്രഭൃതിര ഏകമാത്ര കാരണ. ഏഇ പരിപുഷ്ടിര അഭാവേ ഇഹ രോഗപ്രതിരോധകരിവാര ക്ഷമതാ ഹ്രാസ ഹയ, ശിശുദേര സ്വാസ്ഥ്യ പരിമിത പുഷ്ടിലാഭ കരിതേ പാരേ നാ ഏവം ഫലേ ജനസമാജേര സകലേര ശക്തി ഓ ഉദ്യമേര ശോചനീയ അധഃപതന ഘടേ.

ഏഇ അപരിപുഷ്ടിര ഏകമാത്ര അമോഘ പ്രതികാര വാട്ടർ ബറീസ് കമ്പൗണ്ട നിയമിതഭാവേ സേവന കരാ. ഹീനസ്വാസ്ഥ്യ ഓ ദുർബലതാ പരിശോധന കരിതേ യേ സമസ്ത ഉപാദാന സമൂഹേര ഏകാന്ത പ്രയോജന താഹാ സബഇ വാട്ടർബറീകമ്പൗണ്ടേ വിദ്യമാന ആഛേ. വർദ്ധിഷ്ണു ശിശുദേര പക്ഷേ ഇഹാ അത്യന്ത ഉപകാരീ ഏവം ഇഹാ ഖാഇതേ ഓ അത്യന്ത സുസ്വാദു.

ആഹാരേര പൂർവ്വേ കിംവാ പരേ ബഡ ചാമചേര ഏക ചാമച കരിയാ ദിന 4 ബാര സേവ്യ. ശിശുദേര വയക്രമാനുസാരേ ചായേര ചാമചേ ഏക ഹഇതേ 2 ചാമച സേവ്യ.

## മറാട്ടി

ദോഷയുക്ത അന്ന ഖേതല്യാനേം ഹോണാര്യാ പരിണാമാംചാ പ്രതികാര കരണ്യാസ ആവശ്യക അശാം ജീവനശക്തിവര സധ്യാംചീ ഔഷധം ഫാരതാണ ഉപയോഗാ. നികസ അന്ന ഖേതല്യാനേം ശാരീരിക ആരോഗ്യ വിഘഡൂന കമകുവതപണാ യേതോ. ത്യാചപ്രമാണോ ഹീ ഔഷധേം രോഗാംവര പ്രതികാര കരണ്യാചീ ശക്തി കമജോര കരുനമുലാംചീ ഹോണാരീ മരണാസ്ഥ വാഢ ഖുംടവൂന മനുഷ്യാചീ ജീവനശക്തി നഷ്ടകരുന ടാകതാത.

യാ സർവ്വ ഗോഷ്ടീനാം മാരക അശീശക്തി ഫക്ത വാട്ടർബറീസ് കമ്പൗണ്ട ഖേതല്യാനേം മില്ലും ശകതേ വ കമജോരപണാ വഗൈരേ ഹോണാരേ അനിഷ്ട പരിണാമ യാംനാ മാരുന ടാകണാരീ അശീ സർവ്വ സത്വേം വാടർബറീംത ആഹേത. ഏക ഉൽകൃഷ്ട ഔഷധ ആഹേ, തസേം ച തേം ഏക സ്വാദിഷ്ട പേയാംന അസൂന മുലാംചീ ബാഢ ഹോണ്യാസ കാംഗലീ മദത കരതേ.

ജേവണാനന്തര അഗര പൂർവ്വീ ഏക മോഠാ ചമചാഭര ദിവസാംതൂന ചാരവേലാ ഘ്യാവേം. ലഹാന മുലാംനാ ഏക തേ ദോന പഞ്ചൂന ചഹാചേ ചമചേ വയപ്രമാണേം ദ്യാവേം.

## ഗുജറാത്തി

ആധുനിക തബീബീ ശാസ്ത്ര അധൂരാ പോഷണ നാം ബഹോളാ പ്രമാണമാം ഫേലായലാ അനിഷ്ട സാമേ പഗലാം ലേവാനീ ജരൂരിയാത ഉപര ഭാരമൂകേ ഛേ. പൂരതാ പോഷണനോ അഭാവ തന്ദുരസ്തീമാം ബഗാഡോ അസമര്ത്ഥതാ നോ അഭാവ ലായീ പേദാ കരേ ഛേ. ബാലകോനാ തന്ദുരസ്ത വികാസനോ അവരോധ കരേ ഛേ അനേ മാനസ ജാതനോ ജോമ അനേ കൗവത ഹരീ ലേ ഛേ.

അധൂരാ പോഷണനോ പ്രതികാര കരവാനോ അസരകാരക ഇലാജ വാട്ടർബറീസ കമ്പൗണ്ഡ നിയമിത വാപർവാനോ ഛേ. വാട്ടർബറീ കമ്പൗണ്ഡമാം കമതാ കാഢനാരാ അസരോ നാബൂദ കരവാനേ ജരൂരനാം സഘളാം ദ്രവ്യോ രഹേലാം ഛേ. തേ സ്വാദിഷ്ട ഛേ. അനേ ഖാസ കരീനേ വൃദ്ധി പാമതാ ബാളകോ മാടേ ഘണാം ജ ഫായദാകാരക ഛേ.

ഖാധാ പഹേലാം അഥവാ തേ പഛീ ഹരരോജ ചാര വഖത ഏക ചമചോ ലേവും. ബാളകോനേ ഉമരനാ പ്രമാണമാം ഏക അഥവാ ബേ ചമചാ ആപവാ.

## തെലുങ്ക്

ശരീരപോഷണ സരിഗാ ലേനന്ദുന കലുഗു വ്യാധുലനു നിവാരിംചുടകു തഗിന അവസരമു ഉന്നദനി ആധുനിക വൈദ്യശാസ്ത്രജ്ഞുലു ബോധിംചുചുന്നാരു. ശരീരപോഷണ സരിഗാ ലേനന്ദുവല്ല ശരീര അസ്വസ്ഥത, നിസ്സത്തുവ കലുഗുചുന്നവി. ശരീര നിസ്സത്തുവ ജബ്ബുല നെദുര്കൊനു ശക്തിനി തഗ്ഗിംചി ബിഡ്ഡല ആരോഗ്യാഭിവൃദ്ധിനി അഡ്ഡഗിംചി ജാതി പുഷ്ടിനി ക്രമക്രമമുഗാ ക്ഷീണിംപജേയുചുന്നദി.

ശരീരപോഷണ ലോപമുചേ കലുഗു സ്ഥിതി വാട്ടർബറീസ് കാമ്പൗണ്ഡു സേവിംചിനചോ തൊലഗിപോവുനു. നീരസമുവല്ല കലുഗു ബലഹീന ലക്ഷണമുല പാരദ്രോലു ദ്രവ്യമുലു വാട്ടർബറീസ് കാമ്പൗണ്ഡുനന്ദു ഗലവു. വീട്ടിവലന വാട്ടർബറീസ് കാമ്പൗണ്ഡു ജീവാമൃതമുവലെ ഉപയോഗപഡുനു. മരിയു ബിഡ്ഡലു സേവിംചുടകു ഇമ്പുഗാനുണ്ടുനു.

ഭോജനമുനകു പൂർവ്വമുഗാനി പിമ്മടഗാനി ദിനമുനകു നാലുഗുസാരിയായ മുലു ഒക പെദ്ദ ചെംചാ പരിമാണമു സേവിംചവലെനു. പില്ലലു വയസ്സുനു ബട്ടി ഒകടി രെണ്ഡു ചിന്ന ചെംചുല പരിമാണമു സേവിംചവലെനു.

## കന്നടകം

ബലകാരിയല്ലദ ആഹാരദിന്ദ ബരുവ പരിണാമവാഗി സർവ്വത്ര ഹബ്ബിരുവ ദുഷ്പരിണാമഗളന്നു ഇദിരിസ തക്ക ദ്ദും ദിനമഹത്വദ ആവശ്യകതെയന്നു ആധുനിക വൈദ്യരെല്ലരു ഒത്തി ഒത്തി ഹേളുത്തിദ്ദാരെ. ബലകാരിയല്ലദ ആഹാര സേവനെയിംദ അനാരോഗ്യ അശക്തതെഗളും ടാഗുവുവു. അല്ലദെയല്ല രോഗവന്നു ഇദിരിസലു ദേഹക്കിരുവ ശക്തി തഗ്ഗുവുദു. മക്കളു യോഗ്യ രീതിയല്ലി ബെളയലു ആതംഗ ഉംടാഗുവുദു. ഇദരിംദ മാനവ വർഗ്ഗശക്തി സാമർത്ഥ്യ ഗളു നാശവാഗിഹോഗുവുവു.

ബലകാരിയല്ലദ ആഹാരദ ദുഷ്പരിണാമഗളന്നു നാശമാഡലിസലു തക്ക ഉപായമെംദരെ തപ്പദെ ക്രമവാഗി വാട്ടർബറീസ് കാംപൗണ്ഡന്നു ഉപയോഗിസുവദു.

നിശ്ശക്തിയ മൂലക ഉംടാഗുവ പരിണാമഗളന്നു പരിഹരിസലു ബേകാദ സാമഗ്രിഗളെല്ലവു വാട്ടർബറീസ് കാംപൗണ്ഡിനല്ലി ഇവേ- അദു രുചികര വാഗിദെ. ബെളയുവ മക്കളിഗെ ആമൂല്യവാദദാഗിദെ.

ഊട അഥവാ തിണ്ടിഗെ മുഞ്ചെ അഥവാ അനന്തര ദിനക്കെ നാൽകുവരെഗെ ഒംദു ചമച ദൊഡ്ഡ സേവിസബേകു. മക്കളിഗെ അവരവയസ്സിനന്തെ ഒംദരിംദ എരഡു ചമച കൊഡബേകു.

## തമിഴ്

തർക്കാലവൈദ്യശാസ്ത്രം പോഷാക്കക്കുറൈവാൽ എങ്കും പരവിയിരുക്കും കെടുതലൈ എതിർപ്പതിൻ അത്തിയാവശ്യത്തൈ വർപുറുത്തുകിറതു. പോഷാക്കക്കുറൈവിനാൽ ദേകആരോക്കിയക്കുറൈവും ബലഹീനമും ഏർപ്പടുകിന്റന. ഇതു വിയാതിയൈ എതിർക്കും ശക്തിയൈക്കുറൈത്തു കുഴന്തൈകളിൽ ഇയർക്കൈയാന ആരോക്കിയ വളർച്ചിയൈത്തടുത്തു മാനിടവർക്കത്തിൽ വീരിയത്തൈയും വലിമൈയൈയും ചിതൈത്തു വിടുകിറതു.

ഇക്കുറൈവാന പോഷാക്കാൽ ഏർപ്പടും കെടുതൽ കളൈത്തടുപ്പതർക്കു ച്ചിറന്തമുറൈ തവറാമൽ വാട്ടർബറീസ് കാമ്പൗണ്ടു ചാപ്പിടുവതു താൻ. പലഹീനത്താൽ ഏർപ്പടും കെടുതൽകളൈത്തടുപ്പതർക്കു വേണ്ടിയ ചത്തുക്കൾ അനൈത്തും വാട്ടർബറീസ് കാമ്പൗണ്ടിൽ അടങ്കിയുള്ളന. ചാ

(ശേഷം അഞ്ചാംപേജിൽ)

# ആർട്ടിക്കും അൻറാർട്ടിക്കും
## അഥവാ
# രണ്ടു് ആശാകേന്ദ്രങ്ങൾ

കാവാലം കേശവൻനായർ

(തുടർച്ച)

ധ്രുവസമുദ്രത്തിനടുത്തു കിടക്കുന്ന മിക്ക സ്ഥലങ്ങളും പരന്നതാണെങ്കിലും അപൂർവം ചില ദ്വീപുകൾ വെള്ളത്തിനുമീതെ പൂമൊട്ടുകൾ കുമ്പിനിൽക്കുന്നതുപോലെയുണ്ട്. അവയുടെ ഉപരിതലവും ഹിമമയംതന്നെ. മുൻപറഞ്ഞ ദ്വീപുകളുടെ കൂട്ടത്തിൽ ഒന്നാമത്തേതാണ് ഗ്രീൻലണ്ട്. സമുദ്രനിരപ്പിൽനിന്നു ഇതു വളരെ ഉയർന്നുനില്ക്കുന്നു. ഈ ദ്വീപിന്റെ ഒരംശം വലിയ ഒരു പാറക്കൂട്ടവും മറുവശം ഏകദേശം 10000 അടി ഘനത്തിൽ മഞ്ഞുകട്ട പിടിച്ചതും ആണ്. വേനൽക്കാലത്തു് ഗ്രീൻലണ്ടിന്റെ ഒരു ഭാഗം തരുലതാദികൾ പുഷ്പിച്ചു് മനോജ്ഞമായിരിക്കും. എറിക്ക് ദി റെഡ് എന്ന ധീരനാണ് ആദ്യമായി ഗ്രീൻലണ്ട് കണ്ടുപിടിച്ചതു്. അയാൾ ഒരു സംഘം വെള്ളക്കാരെ അവിടെകൊണ്ടുപോയി താമസിപ്പിച്ചിരുന്നു. ആ കുടിയേറിപ്പാർപ്പ് കുറേക്കാലം നീണ്ടുനിന്നു. ഈ എറിക്ക് ഭൂമുഖത്തെ ആദ്യത്തെ വലിയ എസ്റ്റേറ്റ വ്യാപാരിയെന്നുള്ളനിലയിൽ ഖ്യാതനാണ്. ആളുകളെ ആ സ്ഥലത്തേക്കു ആകർഷിക്കുന്നതിനുവേണ്ടിയാണ് അയാൾ അതിനു ആകർഷകമായ ഒരു പേരിട്ടതു്. പേരുകേട്ടു ഭ്രമിക്കുന്നവരായിരിക്കും എല്ലാം മനുഷ്യരും എന്നു് അയാൾ വിചാരിച്ചതും വലിയ പരിഹാസമായിപ്പോയി.

ധ്രുവപ്രദേശങ്ങളിലെ ഒരു ദിവസം ഒരാണ്ടുപോലെയാണ്. ... അതിതീവ്ര ഗ്രീഷ്മം; അല്പമാത്രം സൂര്യപ്രകാശമുള്ള വസന്തം; കുളിർപ്പും വെളിച്ചവും ഉള്ള വേനൽ; ഒരിക്കലും സൂര്യനുദിക്കാത്ത തണുത്തുറഞ്ഞ വർഷകാലം; ഇങ്ങനെയാണ് ഋതുക്കളുടെ പോക്ക്. ഒരിക്കലും സ്ഥിരതയും ക്രമീകരണവുമില്ലാത്ത ശീതോഷ്ണാവസ്ഥയാണ് ഗ്രീൻലണ്ടിൽ. എങ്കിലും അൻറാർട്ടിക്കിനെ അപേക്ഷിച്ചു് ഏറ്റവും ഭേദം. അവിടുത്തെ ശൈത്യം അതിഭയങ്കരമാണ്. ആർട്ടിക്കിൽ ഉല്ലാസയാത്രചെയ്യേണ്ടിവന്ന വോളയിലെ ... എന്നിവർ ദ്വീപിന്റെ കൂട്ടത്തിൽ ... ശിലാസ്തൂപങ്ങളെല്ലാം കുഴിച്ചെടുക്കുകയുണ്ടായി. ഉഷ്ണമേഖലാജീവികളായ നമുക്കു അതു് അത്ഭുതമായി തോന്നാമെങ്കിലും വെള്ളക്കാർക്കു സാദ്ധ്യമാണ്. ആർട്ടിക്കിൽ എസ്കിമോകൾ വസിച്ചിരുന്നതിനു സാക്ഷ്യം നൽകുന്ന പല തെളിവുകളും എറിക്കിന്റെ ദൃഷ്ടിയിൽപെട്ടു. അസ്ഥിപഞ്ജരങ്ങൾ കൊണ്ടുനിറച്ചിട്ടിരിക്കുന്ന അനേകം പാറക്കുഴികൾ അയാൾ കാണുകയുണ്ടായി. എസ്കിമോകൾ അവരുടെ ഭക്ഷണസാധനങ്ങൾ സംഭരിച്ചിരുന്ന കലവറകളായിരുന്നിരിക്കണം പ്രസ്തുത കുഴികൾ. ഇപ്പോൾ മനുഷ്യവാസം അവിടെങ്ങും കാണുന്നില്ല. അതിനാൽ അവിടുത്തെ ആദിമനിവാസികൾ ഒന്നടങ്കം അസ്തമിതമായതായി വിചാരിക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ പ്രകൃതിയോടുള്ള മല്ലിടലിൽ പരാജിതരായി അന്യസ്ഥലങ്ങളിലേക്കു അവർ പാർപ്പുമാറിയിരിക്കണം. എല്ലുകളും കല്ലുകളുമല്ലാതെ അവിടെ മറ്റൊന്നുംതന്നെ ഇപ്പോൾ കാണുന്നില്ല. വർഷകാലത്തിന്റെ വരവോടുകൂടെ വൻതരം തിമിംഗലങ്ങളും ഒഴിച്ചു മറ്റുള്ള കലജന്തുക്കളും അവിടെനിന്നു കടന്നുകളയും. എന്നാൽ ആ ജന്തുവിനു അവിടെ കഴിഞ്ഞുകൂടുവാൻ തക്കവണ്ണം പ്രകൃതി അതിനെ അനുഗ്രഹിച്ചിട്ടുണ്ട്. അതു് അവിടെ മുട്ടയിടുകയും വിരിക്കയും ചെയ്യുന്നു. വർഷത്തിന്റെ ഉത്തരാർദ്ധത്തോടുകൂടി സൂര്യന്റെ അസ്തമനവും ആരംഭിക്കുന്നു. മൃത്യുവിളംബരംപോലെ തണുത്തു മരവിച്ച കൊടുങ്കാറ്റു സുന്ദരമായ ആ പ്രദേശത്തെ വിജനവും വികൃതവും ഭയങ്കരവും ആക്കിത്തീർക്കുന്നു.

ഉത്തരധ്രുവത്തെപ്പറ്റിയുള്ള പര്യവേക്ഷണങ്ങൾ ഒന്നിലധികം വഴിച്ചുവരികയാണു ചെയ്യുന്നതു്. അതിന്നു മാർഗ്ഗവും ഉണ്ടു. മനുഷ്യനു അത്യന്താപേക്ഷിതമായിട്ടുള്ള പല വിഭവങ്ങളും ആ കാര്യകുവിന്റെ ഉദരത്തിൽ പ്രകൃതി ഒളിച്ചുവച്ചിട്ടുണ്ട്. അവയെ ചികഞ്ഞും കുഴിച്ചും കണ്ടെടുത്തു ഉപയോഗിക്കേണ്ട ഭാരം അഥവാ ആവശ്യം മനുഷ്യനിൽ സ്ഥിതിചെയ്യുന്നു. ചെമ്പു, യുറേനിയം, സ്വർണ്ണം മുതലായവ ഉത്തരധ്രുവമണ്ഡലത്തിൽനിന്നു ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. അലാസ്കായിൽനിന്നും കൽക്കരിയും എണ്ണയും കിട്ടുമെന്നാണു പ്രതീക്ഷ. കമ്പിളി, ധാതുവസ്തുക്കൾ, മാംസത്തു് ഇനത്തിന്റെ കൊമ്പുകൾ തുടങ്ങിയ പലതും സൈബീരിയൻ ആർട്ടിക്കിൽ ഉണ്ടു്. ഗവേഷണവർദ്ധനവോടുകൂടി മുൻചൊന്ന പട്ടികയും വിപുലമാകാനിടവന്നേക്കാം. എങ്കിലും അവിടം മനുഷ്യവാസത്തിനു എത്രകണ്ടു പ്രയോജനപ്പെടുമെന്നും, മനുഷ്യവാസം ഉണ്ടാകുമോ എന്നും സംശയിക്കത്തന്നെ വേണം. ആറ്റംബാംബുകൊണ്ടു സ്വർഗ്ഗം നരകമാക്കാനും, നരകം സ്വർഗ്ഗമാക്കാനും കഴിയുമെന്നു വിചാരിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ പ്രശ്നഫലമായി ലോകം പല പരിവർത്തനങ്ങൾക്കും വശംവദമാകാൻ ഇടയുണ്ട്. ഗഹനമായ സഹാറാമരുഭൂമിയെപ്പോലും ഒന്നോരണ്ടോ ആറ്റംബാംബിന്റെ പ്രയോഗത്താൽ പരമസുന്ദരവും സസ്യശ്യാമളവുമായ ഒരു വാസഭൂമി ആക്കാൻ കഴിയുമെന്നാണു ശാസ്ത്രലോകത്തിന്റെ കണക്കുകൂട്ടൽ. കൃഷിയോഗ്യമെങ്കിൽ അങ്ങോ ആറോ ആറ്റംബാംബുകൊണ്ടു ഉത്തരദക്ഷിണ ധ്രുവപ്രദേശങ്ങൾ വമ്പിച്ച പരിവർത്തനങ്ങൾക്കു വിധേയമായേക്കാം. സൃഷ്ടിസ്ഥിതിസംഹാരകർത്തൃത്വം അവരുടെ പൌരാണികാധികാരികളിൽനിന്നും അണുകബോംബുകളിലേക്കു കൈമാറുമെന്നും തോന്നിപ്പോകുന്നു.

ആർട്ടിക്കിന്റെ ഉള്ളിൽക്കടന്നു് പലരും പര്യവേക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഒരിക്കൽ കനേഡിയന്മാർ അവിടെവെച്ചു ഒരു സൈനികപരീക്ഷണം നടത്തുകയുണ്ടായി. പറക്കുന്ന കതിരകളുടെ വരവിനുശേഷമേ മനുഷ്യനു ധ്രുവപ്രദേശങ്ങളുടെ മുകൾഭാഗം മുഴുവനും കാണുവാനൊത്തിട്ടുള്ളു. ആർട്ടിക്കിൽ വനോദ്ദേശം താമസിക്കാനൊരുങ്ങുന്നവർക്കു ഒന്നും രണ്ടും വിമാനങ്ങൾകൂടി ഉണ്ടായിരിക്കണം. അല്ലെങ്കിൽ കാര്യങ്ങളെല്ലാം അവതാളത്തിലാകും. കോടീശ്വരന്മാരല്ലാതെ മറ്റാരും അവിടെ താമസിക്കാനും ഒരുങ്ങുകയില്ല. ആർട്ടിക്കിന്റെ അഭിവൃദ്ധിയെ ഉദ്ദേശിച്ചു ഒരു കാര്യം ചെയ്യാൽകൊള്ളാം. ലോകത്തുള്ള എല്ലാ കോടീശ്വരന്മാരേയും ഒന്നടങ്കം അങ്ങോട്ടു മാറ്റണം. അങ്ങിനെയാണെങ്കിൽ അല്പനാളുകൾക്കകം അവിടം തെളിയും.

ആകാശം വലിയ ഗതാഗതകേന്ദ്രമായിത്തീർന്നിട്ടുണ്ട്. ഇപ്പോഴത്തെ തീവണ്ടിയുടെയും, മോട്ടോർകാറിന്റെയും, കപ്പലിന്റെയും, ബോട്ടിന്റെയും സ്ഥാനം ഒരുകാലത്തു വിമാനം കൈക്കലാക്കുമെന്നുള്ളതു തീർച്ചതന്നെ. ആ കാലം അത്ര വിദൂരവുമല്ല. കേണൽ സി. ഏസ്. ബെവിൻ എന്ന ഒരുമാനികൻ 1946 ഒക്ടോബർമാസത്തിൽ ബി. 29 എന്ന വിമാനത്തിൽ ഹോണോലുലുവിൽനിന്നും കെയ്റോവിലേക്കു നേരിട്ടുപറക്കുകയുണ്ടായി. അയാളുടെ അഭിപ്രായത്തിൽ ലോകത്തിന്റെ ഏതുഭാഗത്തേക്കും പോകുന്നതിനുള്ള എളുപ്പവഴിയാണു് ആർട്ടിക്കിന്റെ മീതെക്കൂടെയുള്ള യാത്ര. അയാളുടെ അഭിപ്രായത്തിൽ ആർട്ടിക്കിന്റെ മിക്കസ്ഥലങ്ങളുംകൂടിയും കപ്പൽയാത്ര സാധ്യമാണെന്നാണ്. യൂറോപ്പിൽനിന്നും ഏഷ്യയിലേക്കും, അമേരിക്കയിൽനിന്നും യൂറോപ്പിലേക്കും ആർട്ടിക്കിന്റെ മുകളിൽക്കൂടെയുള്ള വിമാനമാർഗ്ഗം നടപ്പിലാക്കുന്നതിനുമുമ്പായി ഒട്ടുവളരെ താവളങ്ങൾ അതിനായി നിർമ്മിക്കേണ്ടിവരും. അന്നു് ആ പ്രദേശത്തിന്റെ വിജനാവസ്ഥയും മാറിക്കൊള്ളും.

## II

ഒരു കടങ്കഥയാണു അൻറാർട്ടിക്ക്. അവിടെ എപ്പോഴും മഞ്ഞുതന്നെ. അതു് ഉറഞ്ഞു കട്ടിപിടിച്ചിരിക്കും. തുഷാരസംഘാതശിലാപ്രദേശങ്ങൾ എന്നുതന്നെ പറയാം. ചിലതരം വൻതിമിംഗലങ്ങളല്ലാതെ മറ്റൊരു പ്രാണിയും അവിടെ കഴിയുകയില്ല. അതും വേനൽക്കാലത്തുമാത്രം. ആ കാലത്തു തിമിംഗലനായാട്ടിനായി ആരെങ്കിലും ചെല്ലുന്നെങ്കിലല്ലാതെ മറ്റാരുംതന്നെ അവിടെ പോകാറില്ല.

ചെറുതരം തിമിംഗലങ്ങൾ വേനൽക്കാലത്തിന്റെ സന്ധ്യാരംഭത്തോടുകൂടി അവിടംവിട്ടു പൊയ്ക്കളയും. വൻതരം തിമിംഗലങ്ങൾക്കു് ആ ഭയമില്ല. ഏതു വർഷത്തിലും മഞ്ഞിലും അതു് അവിടെത്തന്നെ ജീവിക്കയും സന്താനോൽപാദനം നടത്തുകയുംചെയ്യും. സ്ഥിരവും ദൃഢവും ആയ ഒരു ശൈത്യം ഉണ്ടെന്നുള്ളതാണു് അൻറാർട്ടിക്കിന്റെ പ്രത്യേകത. മറ്റൊരു പ്രത്യേകത മണിക്കൂറൊന്നിനു് ഏകദേശം ഇരുനൂറുമൈൽവേഗമുള്ള പ്രചണ്ഡവാതങ്ങൾ പർവ്വതനിരകളുടെ സമീപങ്ങളിൽ വീശിക്കൊണ്ടിരിക്കുമെന്നുള്ളതാണ്. ആകാശത്തിൽ ദൃശ്യമാകുന്ന വർണ്ണശബളത അൻറാർട്ടിക്കിന്റെ സൗന്ദര്യത്തെയാണു കുറിക്കുന്നതു്—സൗന്ദര്യം ഉണ്ടെങ്കിൽ സൂര്യബിംബം നഭോമണ്ഡലത്തിൽ ഉച്ചസ്ഥമായിരിക്കുമ്പോഴും, അന്തരീക്ഷത്തിൽ ഇളകിമറിയുന്ന മൂടൽമഞ്ഞിനുള്ളിൽ ചുവപ്പ്, പച്ച, സ്വർണ്ണനിറം ഇവയുടെ മനോഹരമായ നിറപ്പകിട്ടും വരഞ്ഞുകിട്ടുന്ന സൗന്ദര്യം ചേതസ്സമാകർഷകംതന്നെയാണല്ലോ. അപ്പോഴത്തെ സൂര്യബിംബത്തിന്റെ സൗന്ദര്യവും പ്രത്യേകതന്നെയാണ്. കനകോജ്ജ്വലമായ ആ സൂര്യബിംബത്തിന്റെ ചുറ്റും മനോഹരമായ ഒരു ... രേഖയാൽ ബന്ധിക്കപ്പെട്ടുകാണുന്ന കാഴ്ചയും അത്യന്തം രമണീയമാണ്. അതുപോലെതന്നെ നമുക്കു പത്തടിപോലും മുന്നോട്ടുപോകുന്നതിനു നിവൃത്തിയില്ലാത്തവണ്ണം കണ്ണിൽ തിമിരം കയറിവിടുന്ന മൂടൽമഞ്ഞും, കാറ്റടിച്ചു കണ്ണിൽ കയറുന്ന മഞ്ഞുകട്ടകളും മൂക്കിനു മുമ്പിൽകൂടി പറക്കപ്പോകുമെങ്കിലും അതിന്റെ ഉള്ളിലേക്കു കടക്കാതെ നമ്മെ ... കൊണ്ടു് കടന്നുകളയുന്ന ശക്തിയായ വായുപ്രവാഹവും അനുഭവിക്കേണ്ടതാണ്. ... കഴിയാത്ത കാര്യങ്ങളാണെന്നാണ് എറിക്കിന്റെ അഭിപ്രായം.

കാലാവസ്ഥ അനുനിമിഷം മാറിക്കൊണ്ടിരിക്കുന്നതിനാലാണ് അൻറാർട്ടിക്കിലെ വിമാനയാത്ര സുരക്ഷിതമല്ലാത്തതു്. അന്തരീക്ഷം കലുഷമായിരിക്കുമ്പോൾ എത്ര വിദഗ്ദ്ധനായ വിമാനനേതാക്കും അപകടം ഒഴിക്കാൻ ഇടയുണ്ട്. മൂടൽമഞ്ഞിന്റെ ഘനീഭാവത്താൽ ... ഉള്ള എല്ലാം യന്ത്രസാമഗ്രികൾ ഉണ്ടായിരുന്നാൽത്തന്നെയും കണ്ണുശ്രവണേന്ദ്രിയങ്ങൾകൊണ്ടു യാതൊരു പ്രയോജനവും ലഭിക്കാനിടയില്ല. കടൽതീരവും ഉയർന്നുനിൽക്കുന്ന പർവ്വതനിരകളും ലക്ഷ്യംപിടിച്ചുകൊണ്ടു വിമാനയാത്ര നടത്താവുന്ന ദിവസങ്ങളിൽപോലും ഒരു ... നെ മനംമടുപ്പിക്കുന്ന ഒരു കാഴ്ചയാണ് അവന്റെ കൺമുമ്പിൽ നീണ്ടുപരന്നുകിടക്കുന്ന ഹിമപ്പരപ്പുകൾ. നിശ്ശബ്ദതയും, നിർജ്ജീവതയും നടമാടുന്ന ഒരു ശൂന്യതയിൽ അകപ്പെട്ടതായ ഏതൊരു ... നും അവിടം കണ്ടാൽ തോന്നിപ്പോകും. അത്തരം ഒരു കാഴ്ച ആർക്കും ഏറ്റവും ... മാകുവാനും ഇടയില്ലല്ലോ.

ആർട്ടിക്കിനും അൻറാർട്ടിക്കിനും തമ്മിലുള്ള മറ്റൊരു വ്യത്യാസം ദക്ഷിണപഥത്തിൽ മനോഹരങ്ങളായ നിരവധി പർവ്വതനിരകളുണ്ടെന്നുള്ളതാണ്. റോസ് കടലിന്റെ പശ്ചിമഭാഗത്തുള്ള ആഡ്-മിറാലിറ്റിനിരകളിൽനിന്നു പുറപ്പെട്ടു് ക്വീൻമൗഡ്നിരകളെ ലക്ഷ്യമാക്കി പ്രയാണിച്ചു് ധ്രുവപീഠത്തിനു് ഒരു വലയമെന്നോണം കിടക്കുന്ന മനോഹരമായ ഒരു പർവ്വതനിരയുണ്ട്. പ്രസ്തുത കടലിന്റെ കിഴക്കുഭാഗത്തായി കിടക്കുന്ന മറ്റൊരു പർവ്വതപംക്തിയാണു് എഡ്വ സൽഫോർഡ്. അതിന്റെ ഉപരിഭാഗത്തായി പാമർ ഉപദ്വീപിലേക്കു് കുതിച്ചുപായുന്ന മറ്റൊരു പർവ്വതം ഉണ്ട്. അതും കാഴ്ചയ്ക്കു് വളരെ കൌതുകമുള്ളതാണ്. പാമർ ഉപദ്വീപിലെ പർവ്വതനിരകൾ ആൻഡീസ് പർവ്വതപംക്തയുടെ ഒരു നീട്ടമാണെന്നു് വിശ്വസിച്ചുപോരുന്നു.

ഭൂഗർഭശാസ്ത്രജ്ഞന്മാരുടെ തലച്ചോറിനെ സർവ്വദാ അലട്ടിക്കൊണ്ടിരിക്കുന്ന ഒരു വലിയ കുഴഞ്ഞ പ്രശ്നമാണു് അൻറാർട്ടിക്കു് ഭൂഖണ്ഡം. അതു് ഒരു ഭൂഖണ്ഡം മാത്രമാണോ അതോ രണ്ടെണ്ണം കൂടി ചേർന്നതാണോ എന്നുള്ളതാണു് പ്രസ്തുത പ്രശ്നം. റോസ് കടലിന്റെ നേരെ എതിർഭാഗത്തു കിടക്കുന്ന വെഡൽസമുദ്രം കരയിലേക്കു് കയറിക്കിടക്കുന്നതുകൊണ്ടു് ഒരു കാലത്തു് അവതമ്മിൽ ബന്ധിക്കപ്പെട്ടിരുന്നതല്ലയോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ആ കടലിടുക്കുകളെ തമ്മിൽ അകറ്റിനിറുത്തിയിരിക്കുന്ന കര ഒരുകാലത്തു് മുൻപറഞ്ഞവണ്ണം കടലായിരുന്നതാവാം കാലാന്തരത്തിൽ അവിടം മഞ്ഞുകട്ട ഘനീഭവിച്ചു് കരയായിത്തീർന്നതുമാകാം. അതിന്റെ പരമാർത്ഥം എന്താണെന്നു് കാലവും, ശാസ്ത്രപര്യവേക്ഷണങ്ങളും വെളിപ്പെടുത്തുമെന്നു് വിശ്വസിക്കാം. ഈ ഉദ്ദേശത്തെ മുൻനിർത്തിയാണു് പല പര്യവേക്ഷണസംഘങ്ങളും അവിടെ പ്രവർത്തനം നടത്തിയിട്ടുള്ളതും.

പൂജ്യം ഡിഗ്രിക്കു താഴെയുള്ള അവസ്ഥയിൽ നമ്മുടെ നാസികാരന്ധ്രങ്ങളിൽനിന്നും ബഹിർഗമിക്കുന്ന വായു ഒരു ഷിഷ് ശബ്ദം പുറപ്പെടുവിച്ചുകൊണ്ടു ഘനീഭവിക്കുന്നു. ഇതുമ്പു ഉരുക്കി മഞ്ഞുകട്ടയിൽ ഒഴിച്ചാൽ അതു ഘനീഭവിക്കും. അതുപോലെതന്നെ വെറുംരസം അവിടെ കുഴിച്ചാൽ അതും അരനിമിഷത്തിനകം ഉറച്ചു ഹൽവാകട്ടപോലെയായിത്തീരുന്നു. കത്തിക്കൊണ്ടിരിക്കുന്ന വിളക്കിനകത്തുള്ള മണ്ണെണ്ണ ഉറഞ്ഞുപോകുന്ന സന്ദർഭങ്ങളും ഇല്ലാതില്ല. വിളക്കു കത്തിക്കൊണ്ടിരിക്കുമ്പോൾതന്നെ ചിമ്മിനിക്കകത്തു് മൂടൽമഞ്ഞു് പരക്കുന്നു. അത്രയ്ക്കുണ്ടു് ആ പ്രദേശത്തിന്റെ തണുപ്പ്.

ആർട്ടിക്കിന്റെ ഭാവി ഒരുവേള ശോഭനമായിരിക്കും. എന്നാൽ അൻറാർട്ടിക്കിന്റെ കാര്യം നേരെ വിപരീതമായിരിക്കാനേ തരമുള്ളൂ. തന്റെ ജീവിതത്തിന്റെ നല്ലൊരംശം അൻറാർട്ടിക്കു് പര്യവേക്ഷണത്തിനായി ചിലവഴിച്ചിട്ടുള്ള ഒരാളാണു് സർ ഡഗ്ലസ് മാസൻ. അയാൾക്കു് ആ പ്രദേശത്തെപ്പറ്റി അല്പംപോലും ശുഭവിശ്വാസമില്ല. ഒരുതരം കല്ക്കരിയും, കുറഞ്ഞ ഇനം പിത്തളയുംമാത്രമേ അവിടെനിന്നും ഖനനംചെയ്തു് കണ്ടുകിട്ടിയിട്ടുള്ളൂ. അല്ലാതെ മനുഷ്യനു് ആവശ്യമുള്ള യാതൊന്നും ഇന്നുവരെ ആ സ്ഥലത്തുനിന്നും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഒരു പക്ഷേ നാം ക്ഷമാപൂർവ്വം നിലകൊള്ളേണ്ടിയിരിക്കുന്നതു്. സൂക്ഷ്മവും വിപുലവുമായ ഗവേഷണങ്ങൾക്കുശേഷമല്ലാതെ അൻറാർട്ടിക്കിന്റെ കാര്യത്തിൽ ഒരഭിപ്രായവും പറയുവാൻ നിവൃത്തിയില്ല. മുൻപറഞ്ഞ കൽക്കരിയും പിത്തളയുംതന്നെ മഞ്ഞുകട്ടകളിൽ പ്രകൃതി വളരെ ആഴത്തിൽ പൂഴ്ത്തിവച്ചിരിക്കയാണ്. എന്നാൽ അവ അവിടെ എങ്ങിനെ ഉണ്ടായി എന്നോ എന്നു മുതൽക്കോ എന്നോ ഇന്നേവരെ ആർക്കും പറയുവാനും കഴിഞ്ഞിട്ടില്ല. അനേകായിരം അടി ഘനത്തിലാണു മഞ്ഞുകട്ടപിടിച്ചുകിടക്കുന്നതു്. അവയുടെ താഴെ ഒളിഞ്ഞും മറഞ്ഞും കിടക്കുന്ന രഹസ്യസമ്പത്തുകളെ പുറത്തുകൊണ്ടുവരുന്നതിനു എത്ര ടൺ ആറ്റംബാംബു വേണ്ടിവരുമോ എന്തോ?

ആ ഹിമഭൂമിയുടെ തലയിലെഴുത്തു കണ്ടറിയുന്നതിനു ശാസ്ത്രജ്ഞന്മാർക്കു അതിയായ ജിജ്ഞാസയുണ്ടെങ്കിലും തുഷാരനിർമ്മിതമായ ശിരോലിഖിതം അതിനു ഒരു വലിയ പ്രതിബന്ധമായിട്ടാണു കാണപ്പെടുന്നതു്. ഇനി വളരെ പിടിയും വലിയുംനടക്കുന്ന യുറേനിയം മുതലായ അമൂല്യസാധനങ്ങളുടെ ഒരക്ഷയപാത്രമല്ല അൻറാർട്ടിക്കെന്നു് ആർക്കു തീർത്തുപറയുവാൻ കഴിയും. തനിക്കു് അനുയോജ്യമായവിധത്തിൽ തന്നെയാണു് അൻറാർട്ടിക്ക തന്റെ രഹസ്യ

ജീവചരിത്രപംക്തി

# * മാർഷൽ ടിറ്റോ

## യൂഗോസ്ലാവിയായിലെ പ്രധാനമന്ത്രി

അരുവിക്കര ശിവശങ്കരൻനായർ

മാർഷൽ ടിറ്റോയുടെ ജീവചരിത്രം മർദ്ദിതവിഭാഗത്തിന്റെ മർദ്ദനചരിത്രമാണ്, മർദ്ദകന്മാരുടെ അക്രമചരിത്രമാണ്, പട്ടിണിയും പരിവട്ടവുമില്ലാത്ത പീഡിതരുടെ ലോകം സൃഷ്ടിക്കുവാനുള്ള സമരത്തിന്റെ ഒരദ്ധ്യായമാണ്, നാട്ടുവാഴിത്തവും മുതലാളിത്തവും ഉന്മൂലനംചെയ്തു സമൃദ്ധിയിലേക്കും സന്തുഷ്ടിയിലേക്കും മുന്നോട്ടുനീങ്ങാനുള്ള യൂഗോസ്ലേവിയായിലെ ജനത നടത്തിയ ധീരസമരത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടമാണ്.

ഒരു ചെറുഗ്രാമത്തിലുള്ള ചെറുകുടിലിൽ ദരിദ്രനായ ഒരു തൊഴിലാളിയുടെ മകനായി ജനിച്ച്, തൊഴിൽചെയ്തു വളർന്ന്, തൊഴിലാളി സംഘാടകനായി തുടർന്ന്, തൊഴിലാളി സമരങ്ങളിലൂടെ, തൊഴിലാളികളുടെ ഗവൺമെന്റു സ്ഥാപിച്ച ഒരന്തർദ്ദേശീയ രാജ്യതന്ത്രജ്ഞൻ അത്രേ മാർഷൽ ടിറ്റോ.

56 വർഷങ്ങൾക്കുമുമ്പ് യൂഗോസ്ലേവിയായിലെ ക്രൂനിയാറ്സ് എന്ന ചെറുഗ്രാമത്തിൽ ഒരു കൊല്ലന്റെ മകനായിട്ടാണ് ടിറ്റോ ജനിച്ചത്. പട്ടിണിയും ദാരിദ്ര്യവുമാണ് അദ്ദേഹത്തെ താലോലിച്ചുവളർത്തിയത്. മാസ്റ്ററുമായി വഴക്കുകൂടിയും സഹപാഠികളുമായി ശണ്ഠകൂടിയും നാലു കൊല്ലം പഠിച്ചു. ക്ഷുഭിതനായ പിതാവ് തന്റെ അസിസ്റ്റന്റായി ആലയിൽ ജോലിചെയ്യുവാൻ ബാലനെ നിയോഗിച്ചു. അങ്ങനെ തന്റെ 11-ാമത്തെ വയസ്സിൽ അദ്ദേഹം കരിയും പുകയും നിറഞ്ഞ ജീവിതം മുന്നോട്ടു നയിച്ചു.

പട്ടണം കാണുവാൻ ആ പിഞ്ചുഹൃദയം വെമ്പൽകൊണ്ടു. കൈയിൽ കിട്ടിയ ഓരോ കാശും മണ്ണിനടിയിൽ നിക്ഷേപിച്ചു സൂക്ഷിച്ചു. ഒരുദിവസം രാവിലെ പിതാവ് ആലയിൽ എത്തുന്നതിനുമുമ്പ് ചില സാധനങ്ങളും സൂക്ഷിച്ചിരുന്ന നാണയവും കൈവശപ്പെടുത്തിക്കൊണ്ട് ആ ബാലൻ പട്ടണത്തെ ലക്ഷ്യമാക്കി മുന്നോട്ടുകുതിച്ചു. പിതാവ് അനുഗമിക്കുമോ എന്നുള്ള ഭയവും ഇല്ലാതിരുന്നില്ല. പട്ടണംസമീപിക്കുംതോറും ആ ബാലഹൃദയം സന്തോഷംകൊണ്ട് തുള്ളിച്ചാടി. വൻസൗധങ്ങളും മണിമേടകളും ഓടിക്കൊണ്ടിരുന്ന തീവണ്ടികളും പാഞ്ഞുകൊണ്ടിരുന്ന കാറുകളും മെല്ലെമെല്ലെ നീങ്ങിക്കൊണ്ടിരുന്ന ബോട്ടുകളും ആയതനയനങ്ങളാൽ വേണ്ടുവോളം ആസ്വദിച്ചു.

ജനനിബിഡമായ സാഗ്രേബ് പട്ടണത്തിൽ അവൻ അലഞ്ഞുനടന്നു ചുററിത്തിരിഞ്ഞു. കീശയിലുണ്ടായിരുന്ന ചെറിയ തുക വളരെവേഗം അന്തർദ്ധാനംചെയ്തു. വലഞ്ഞുതിരിഞ്ഞ ടിറ്റോ ചില കെട്ടിടംപണിക്കാരോടൊത്ത് ജോലിചെയ്ത് ജീവിതംനയിച്ചു. ശരൽക്കാലാരംഭത്തോടുകൂടി വീട്ടുപണി അവസാനിച്ചു. കിട്ടിയ പ്രതിഫലംകൊണ്ട് ആയാസം മറന്ന് പണിതിരക്കി. റെയിൽവേ വർക്ക്ഷാപ്പിൽ തനിക്ക് പരിചയമുണ്ടായിരുന്ന ജോലി ലഭിച്ചു. മൂന്നുകൊല്ലം അവിടെ പണിയെടുത്തു. അവർക്ക് കിട്ടിയിരുന്ന വൃത്തികെട്ടതും എന്നാൽ വിലകൂടിയതുമായ ആഹാരത്തിനെതിരായി ഒരു പ്രക്ഷോഭം സംഘടിപ്പിക്കയും ടിറ്റോ വർക്ക്ഷാപ്പിൽനിന്ന് പുറത്താക്കുകയുംചെയ്തു. എന്നാൽ സമർത്ഥനായ ആ ജോലിക്കാരനെ തിരിച്ചെടുത്തു.

1912-ൽ ബാൾക്കൻ രാജ്യങ്ങളും തുർക്കിയും തമ്മിൽ നടന്ന യുദ്ധത്തിൽ ബാൾക്കൻ രാജ്യങ്ങൾ വിജയപതാക ഉയർത്തി. ബാൾക്കൻരാജ്യങ്ങളുടെ ഐക്യംകണ്ട് വിറളിപിടിച്ച ആസ്ട്രിയായും ഹംഗറിയും ഇവരെ നശിപ്പിക്കാൻ തീവ്രശ്രമംനടത്തി. ഇതിനെതിരായി ലോഹതൊഴിലാളികളും ടിറ്റോ ഉൾപ്പെട്ട ഒരു സമരക്കമ്മററി രൂപീകരിക്കയും, ആ കമ്മററിയെ ഉടൻതന്നെ വർക്ക്ഷാപ്പിൽനിന്ന് പുറത്താക്കുകയുംചെയ്തു.

1914-ൽ നടന്ന ഒന്നാംലോകമഹായുദ്ധത്തിൽ ലോഹതൊഴിലാളികൾ ഉൾപ്പെട്ട സേനാവിഭാഗത്തെ സാറിസ്റ്റ് റഷ്യയ്ക്കെതിരായി നിയോഗിച്ചു. ടിറ്റോ ഈ സൈന്യത്തിലെ ഒരു പടയാളിയായിരുന്നു. ഈ വിഭാഗം കമാണ്ടറെ ധിക്കരിച്ചുകൊണ്ട്, ശത്രുപക്ഷത്തുചേർന്നു. എന്നാൽ സാർചക്രവർത്തിയുടെ കൊള്ളപ്പട്ടാളം കുറേപ്പേരെ കൊല്ലുകയും മററുള്ളവരെ ജയിലിലടയ്ക്കുകയുമാണ് ചെയ്തത്. കടത്തിലടച്ചു കടലിലെറിയപ്പെട്ട ഇതരരെപ്പോലെ, തെറ്റുകളിൽ ഖേദിച്ചുകൊണ്ടും എന്നാൽ പല പ്രതീക്ഷകളോടും വാഗ്ദാനങ്ങളോടുംകൂടി ആ നരകത്തിനകത്തു അവർ കഴിഞ്ഞുകൂടി.

1917 നവമ്പറിൽ നടന്ന സോഷ്യലിസ്റ്റു വിപ്ലവം സാർചക്രവർത്തിയുടെ ശക്തിയെ നാമാവശേഷമാക്കിക്കൊണ്ട് അടിമകളുടെ ഗവൺമെന്റു രൂപീകരിച്ചു. തൽഫലമായി ടിറ്റോവും കൂട്ടുകാരും മോചിക്കപ്പെട്ടു. മൂന്നുനാലുകൊല്ലം നിണ്ടുനിന്ന പിൻതിരിപ്പന്മാരുടെ ഭയങ്കരമായ ഗൂഢാലോചനയും അതിനെത്തുടർന്നുണ്ടായ യുദ്ധത്തേയും തോല്പിച്ചു വിപ്ലവശിശുവിനെ സംരക്ഷിക്കുവാൻ അവർ ഉറച്ചുശ്രമിച്ചു. മഹാനായ ലെനിന്റെ നേതൃത്വത്തിൻകീഴിലുള്ള ദേശീയജനവിഭാഗങ്ങളുമായി ടിറ്റോ പൊരുതി. തങ്ങളുടെ സ്വയംരക്ഷയ്ക്കും പുരോഗതിയ്ക്കുംവേണ്ടി പ്രാണനെ തൃണവൽഗണിച്ചുകൊണ്ട് ആത്മവിശ്വാസത്തോടുകൂടി സമരംചെയ്യുന്ന ഒരു നവീനജനസംഘടനയെ അവർ ആദ്യമായി കണ്ടെത്തി. അങ്ങനെ ടിറ്റോ സോവിയററു വിപ്ലവത്തിൽനിന്നു നൂതനമായ പല പാഠങ്ങളും പഠിച്ചു.

1923-ൽ ടിറ്റോ റഷ്യക്കാരിയായ ഒരു ഭാര്യയും കുട്ടിയുമായി സ്വദേശത്തേക്കു മടങ്ങിയെത്തി. ഒരു ഫെഡറൽഭരണം വേണമെന്നുള്ള യൂഗോസ്ലാവ് ജനതയുടെ തീരുമാനത്തെ അവഗണിച്ചുകൊണ്ടുള്ള അലക്സാണ്ടർചക്രവർത്തിയുടെ ഫാസിസ്റ്റ് ഭരണസമ്പ്രദായത്തെയാണ് ടിറ്റോ തന്റെ നാട്ടിൽ കണ്ടെത്തിയത്. ജനങ്ങളുടെ ഐക്യത്തെ ഇല്ലാതാക്കുന്നതിന്, വർഗ്ഗീയകലാപങ്ങൾ കുത്തിപ്പൊക്കി, ജനങ്ങളെ തമ്മിൽ തല്ലിച്ചുകൊണ്ടിരുന്നു. അനീതിയും അക്രമവും യാതൊരുകൂസലുംകൂടാതെ തുടർന്നുവന്നു. മാത്രമല്ല നിയമസഭയിലുണ്ടായിരുന്ന 59 കമ്മ്യൂണിസ്റ്റു മെമ്പർമാരേയും കർഷകമെമ്പർമാരേയും ഗവൺമെന്റിൽനിന്നു പുറത്താക്കി.

ഈ തന്നിഷ്ടഭരണമവസാനിപ്പിക്കുവാൻ ടിറ്റോ മുൻകൈ എടുത്തു. മററു ഇടതുപക്ഷപാർട്ടികളുമായി സഹകരിച്ചു ഒരു ഐക്യമുന്നണി രൂപീകൃതമാക്കി. ടിറ്റോ നാട്ടിലെങ്ങും ഒരുറച്ച തൊഴിലാളിസംഘടന കെട്ടിപ്പടുത്തു. ഈ കഴപ്പംപിടിച്ച വ്യക്തിയെ കൂട്ടിലിടാൻ വലിയ ശ്രമങ്ങൾ തുടരെ തുടർന്നുവന്നു.

1928-ൽ ബെൽഗ്രേഡിലെ ഒരു ഹോട്ടലിൽ ടിറ്റോയും സഹപ്രവർത്തകരും ഉണ്ടെന്നറിഞ്ഞ് പോലീസുകാർ ഓടിയെത്തി. കെട്ടിടത്തിന്റെ നാലുവശത്തും മെഷ്യൻതോക്കുകൾ ഘടിപ്പിക്കയും പ്രധാന വാതിലിൽ ബോംബിടുകയുംചെയ്തു. കെട്ടിടം കുലുങ്ങിമറിഞ്ഞു. ടിറ്റോയും കൂട്ടുകാരും പൊട്ടുന്ന ബോംബിനിടയിൽകൂടി പ്രയാണംചെയ്തു. എന്നാൽ ടിറ്റോയും രണ്ടു സഹപ്രവർത്തകരും വെടിയേററ് നിലംപതിച്ചു. ഒരുമാസത്തിനുശേഷം, മുറിവുകൾ കരിയുന്നതിനുമുമ്പ് "കമ്മ്യൂണിസ്റ്റുസംഘാടകൻ" എന്ന കുററംചുമത്തി അഞ്ചുകൊല്ലത്തെ തടവുശിക്ഷ വിധിച്ചു.

ഏററവും മൃഗീയമായ മർദ്ദനത്തിന് കുപ്രസിദ്ധി നേടിയിട്ടുള്ള "ലിപ്പോഗ്ലേവ്" കാരാഗൃഹത്തിലേക്ക് ടിറ്റോവും നാല്പത്തഞ്ചു കൂട്ടുകാരും മാററപ്പെട്ടു. അച്ചടക്കം ലംഘിക്കുന്നവരെ ചുട്ടുകരിക്കുമെന്ന് അറിവുനൽകി. അവരുടെ നേതാവായ ടിറ്റോയെ പ്രത്യേകം ഒരു മുറിയിൽ താമസിപ്പിച്ചു. ഉറക്കാനനുവദിക്കാതിരിക്കുകയാണ് അവിടുത്തെ മർദ്ദനത്തിന്റെ ആദ്യത്തെ അദ്ധ്യായം. ഉറങ്ങുമ്പോൾ വെള്ളമൊഴിക്കുക നിമിത്തം ടിറ്റോ പലപ്പോഴും ബോധംകെട്ടു വീണിട്ടുണ്ട്.

3 മാസത്തിനുശേഷം ഒരു സുപ്രഭാതത്തിൽ ജയിലിലെ 3,000, തടവുകാരും ഭക്ഷണം നിരസിച്ചു. ഉപവാസം ആചരിക്കപ്പെട്ടു. മർദ്ദനം നിറുത്തുന്നതുവരെ നിരാഹാരവ്രതം തുടരണമെന്നു ടിറ്റോ അവർക്ക് ആഹ്വാനംനൽകിയിരുന്നു. കലിതുള്ളിയ ഗവർണ്ണർ അവരുടെ പത്തുപേരെ ഹാജരാക്കി. അവരിൽ പ്രധാനി ടിറ്റോതന്നെ ആയിരുന്നു. അവരുടെ നഖത്തിനിടയിൽ മൂർച്ചയുള്ള കമ്പികൾ കുത്തിയിറക്കി. അവരതുസഹിച്ചു. വൈകുന്നേരം തിരിച്ചയച്ചു. അടുത്തദിവസം പിന്നെയും ഹാജരാക്കി. ഒരുതരം മണൽചാക്കുകൾകൊണ്ടു അവരുടെ [illegible]ലും തലയും ഇടിച്ചു. രണ്ടുപേർ മരിച്ചുപോയി. ബാക്കിയുള്ളവരെ വലിച്ചിഴച്ചു തിരികെ കൊണ്ടുവന്നു. നടക്കാൻകഴിയാഞ്ഞ അവരെ പിന്നെയും തൂക്കിയെടുത്തു കൊണ്ടുപോയി. തിരികെ കൊണ്ടുവന്നപ്പോൾ അവരുടെ തലയിൽകൂടി രക്തം പ്രവഹിക്കുന്നുണ്ടായിരുന്നു. തലയിലെ എല്ലാ മുടിയും പറിച്ചെടുത്തിരുന്നു. ആർക്കുംതന്നെ ബോധമുണ്ടായിരുന്നില്ല. അടുത്തപ്രഭാതത്തിൽ അവരെ വീണ്ടും കൊണ്ടുപോയി. തിരികെ കൊണ്ടുവന്നപ്പോൾ, അവരുടെ സ്ഥിതി ഭയാനകമായിരുന്നു. ശരീരമാസകലം രക്തത്തിൽ കുളിച്ചിരുന്നു. കണ്ണുകൾ നിർജ്ജീവങ്ങളായിരുന്നു. വിരലുകൾ പിരിച്ചൊടിച്ചിരുന്നു. അന്നുരാത്രി അഞ്ചുപേർ മരിച്ചു. ടിറ്റോയും മററു രണ്ടുപേരും ജീവിതവും മരണവും തമ്മിലുള്ള ഭയാനകവും എന്നാൽ മഹനീയവുമായ സമരത്തിൽ രണ്ടു ദിവസങ്ങൾക്കുശേഷം വിജയിച്ചു. അവരുടെ ആവശ്യങ്ങൾ അനുവദിക്കുകതന്നെ ചെയ്തു.

അഞ്ചുകൊല്ലങ്ങൾക്കുശേഷം 1932-ൽ ടിറ്റോയെ മോചിപ്പിച്ചു. പട്ടിണിയും ദാരിദ്ര്യവും വർദ്ധിച്ച ഒരു അധഃപതിച്ച യൂഗോസ്ലേവിയായെയാണ് ടിറ്റോ കണ്ടെത്തിയത്. അസംതൃപ്തിയും അസമാധാനവും വർദ്ധിക്കുകയും അതിൽനിന്നും ഉടലെടുത്ത ജനകീയശക്തിയെ അടിച്ചമർത്താൻ സ്വേച്ഛാധിപത്യം കൂടുതൽ കൂടുതൽ മർദ്ദനനടപടികൾ കൈക്കൊണ്ടു. രാഷ്ട്രീയപ്രവർത്തകർക്ക് സ്വൈരജീവിതം അസാദ്ധ്യമായിരുന്നു. ജനകീയപാർട്ടികളൊന്നിച്ചു വീണ്ടുമൊരു ഐക്യമുന്നണി രൂപീകൃതമായി. പൈശാചികമായ മർദ്ദനങ്ങൾ ഗവൺമെന്റ് കൈക്കൊണ്ടു. അനന്തരഫലമായി ചക്രവർത്തി വധിക്കപ്പെട്ടു. എന്നിട്ടും കൊള്ളയും കൊലയും അരാജകത്വവും നാട്ടിൽ നടമാടി.

ചില ഗവൺമെന്റുദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ഒരു രഹസ്യസംഘടന രൂപീകരിച്ചു. ടിറ്റോയുടെ ചാരന്മാർ എല്ലായിടത്തും പ്രവർത്തിച്ചു. ഗവൺമെന്റിന്റെ പരാക്രമങ്ങളെ പരാജയപ്പെടുത്തി. ടിറ്റോയെ പിടികൂടാൻ നാടിന്റെ നാനാഭാഗങ്ങളായി 15000-ആളുകൾ ശ്രമിച്ചിരു

(ശേഷം ഒൻപതാംപേജിൽ)

---

ങ്ങളെ നിർമ്മാണം ചെയ്തിട്ടുള്ളത്. ആ അന്തർമണ്ഡലഗോളത്തിലെ നിക്ഷേപങ്ങൾ ഇന്നതിന്നതെല്ലാം ആണ് എന്ന് മനുഷ്യൻ അറിയുവാൻ ഇടയായാൽത്തന്നെയും അത് അവന്റെ സ്വാധീനതയിൽ എത്തിച്ചേരുന്നകാര്യത്തിലും വളരെ പ്രയാസങ്ങളുണ്ട്. അന്റാർട്ടിക്ക് സമുദ്രം അക്കാര്യത്തിൽ അവനെ പരാജയപ്പെടുത്തുമെന്നുള്ളതിൽ തർക്കമില്ല. ഏററവും ഭീമമായ കപ്പലുകൾക്കുപോലും അവിടെ സ്വൈരമായി സഞ്ചരിക്കാൻ കഴിയുന്നില്ല. അത്ര ഭയങ്കരമായ കൊടുങ്കാററും, മഞ്ഞുകട്ടികളുമാണ് അവിടെ ഉള്ളത്.

അന്റാർട്ടിക്കായുടെ ശീതോഷ്ണാവസ്ഥയെപ്പററി പഠനം നടത്തിയിട്ടുള്ളവരുടെ അഭിപ്രായത്തിൽ ഹിമയുഗത്തിനു മുൻപുള്ള കാലഘട്ടത്തിൽ അവിടം ഉഷ്ണപ്രദേശമായിരുന്നുവെന്നാണ്. പാളിപാളിയായി അവിടെ അട്ടിപിടിച്ചുകാണുന്ന മഞ്ഞ് ക്രമേണ അവിടെനിന്നും ഇളകിപ്പോകുന്നുണ്ടെന്നാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. അന്റാർട്ടിക്ക് കേവലം ഒരു പരീക്ഷണശാല മാത്രമല്ല. അവിടം ഒരു ശീതീകരണയന്ത്രംകൂടിയാണ്. അതിന്റെ നിശ്ചിതമായ സ്വാധീനശക്തി വിദൂരസ്ഥിതങ്ങളായ ആസ്ത്രേലിയ, തെക്കേ അമേരിക്ക, ഇന്ത്യ, ദക്ഷിണാഫ്രിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളുടെ ശീതോഷ്ണാവസ്ഥയിന്മേൽ കൈകടത്തുന്നുണ്ട്. അങ്ങും ഇങ്ങും ആയിക്കിടക്കുന്ന പ്രസ്തുത ഭൂഖണ്ഡങ്ങളുടെ ശീതോഷ്ണാവസ്ഥ അന്റാർട്ടിക്കിൽനിന്നും ആണ് ഉടലെടുക്കുന്നത്. ഈ വസ്തുത അനേകവർഷങ്ങൾക്കുമുമ്പു പല പര്യവേക്ഷകസംഘങ്ങളും വെളിപ്പെടുത്തുകയുണ്ടായിട്ടുണ്ട്. ഇപ്പോൾ ഭാവനയിലിരിക്കുന്നതും വിദൂരമായ ഒരു ഭാവികാലത്ത്—ആ ഭാവി അത്ര അകന്നു പോകാതിരിക്കട്ടെ—ദക്ഷിണാർദ്ധഗോളത്തിലെ കൃഷീവലന്മാർക്ക് നിസ്തുലമായ പ്രയോജനത്തെ നൽകാനുപകരിക്കുന്നതുമായ Weather Stations സങ്കല്പാവസ്ഥയെവിട്ട് യാഥാർത്ഥ്യങ്ങളായി പരിണമിക്കാനിടയാകട്ടെ.

എന്നാൽ രാഷ്ട്രങ്ങളുടെ മുമ്പിൽ അന്റാർട്ടിക്ക് നിസ്സാരമാകുന്നില്ല. അവകാശികൾ നിരവധി പേരുണ്ട്. ഫാക്ക്ലെണ്ട് ഡിപ്പൻഡൻസിയും, റോസ് സീ ഡിപ്പൻഡൻസിയും ഇംഗ്ലണ്ട് ആർഡേഴ്സ് ഇൻ-കൗൺസിൽ മുഖാന്തിരം വളരെ നാളുകൾക്കുമുമ്പുതന്നെ അവകാശപ്പെട്ടു കഴിഞ്ഞിട്ടുള്ളതാണ്. ഡി. ഉർവില്ല എന്നൊരു ഫ്രഞ്ചുകാരന്റെ ദൃഷ്ടിയിൽപ്പെട്ടതിനാൽ റോസ്സ സമുദ്രത്തിന്റെ ഏതാനും ഭാഗത്തിന് ഫ്രാൻസ് അവകാശിയാണ്. ഫാക്ക് ദ്വീപസമൂഹങ്ങളിന്മേൽ തനിക്കുള്ള അവകാശം ഇതുവരെ ആർജൻറീനാ മുറുകെപ്പിടിക്കുന്നു. പാമർ ഉപദ്വീപിന്റെ ഉടമസ്ഥാവകാശവും ഏറെക്കുറെ ചിലിയും കാംക്ഷിക്കുന്നു.

ബയർസ്, എൽസ്‌വർത്ത് തുടങ്ങിയവരുടെ കണ്ടുപിടിത്തങ്ങളെ ആധാരമാക്കിയാണ് അമേരിക്ക റോസ് സമുദ്രത്തിന്റെ പൂർവ്വഭാഗത്തുള്ള സ്ഥലങ്ങൾക്ക് അവകാശം പറയുന്നത്. അതോടൊപ്പംതന്നെ അമേരിക്ക ഇംഗ്ലണ്ടിന്റെ അവകാശത്തെ ചോദ്യംചെയ്യുകയും വിഗണിക്കയും ചെയ്യുന്നുണ്ട്. അന്റാർട്ടിക്കിലെ ഏതെങ്കിലും ഒരു സ്ഥലം തന്റേതാണെന്ന് അമേരിക്ക ഔപചാരികമായി പറയാറില്ലെങ്കിലും നിലനിൽക്കാവുന്ന അവകാശങ്ങളെ കൈവെടിയുന്നതിനും ഒരുക്കമില്ല. അത്തരം അവകാശങ്ങൾക്ക് നിയമസാധുത്വം നൽകുന്നതിന് ആവശ്യമായ പ്രമേയങ്ങൾ ഒരിക്കൽ അമേരിക്കൻ കോൺഗ്രസ്സിലവതരിപ്പിക്കയുണ്ടായിട്ടുണ്ട്. പക്ഷേ അതുകൊണ്ടൊന്നും, പ്രതീക്ഷിച്ചഫലങ്ങൾ ഉണ്ടായില്ല. ഗ്രീൻലണ്ട് അമേരിക്കായുടെ കൈവശമാണെങ്കിലും യഥാർത്ഥത്തിൽ അതിന്റെ ഉടമസ്ഥത ഡെൻമാർക്കിനാണ്.

സാമ്രാജ്യവിസ്തൃതിക്കുവേണ്ടി എന്നും പ്രയത്നിക്കുവാൻ തയ്യാറുള്ള ഭൂമോഹികൾക്ക് അന്റാർട്ടിക്ക് എന്നല്ല അതിനെക്കാൾ ഫലശൂന്യമായ ഭൂപ്രദേശങ്ങൾപോലും ആകർഷകമായിരിക്കാനിടയുണ്ട്. എന്നാൽ എല്ലാ പരിഷ്കൃതരാജ്യങ്ങളുടെയും—അഥവാ മഹൽശക്തികളുടെയും പ്രധാനമന്ത്രിമാരോ പ്രതിപുരുഷന്മാരോ അന്റാർട്ടിക്കിൽ കുറേക്കാലം താമസിക്കാൻ ഇടയാകുമെങ്കിൽ അവരാരുംതന്നെ അവിടുത്തെ അവകാശത്തിനുവേണ്ടി പിന്നീടൊരിക്കലും കലഹംചെയ്യുമെന്ന് തോന്നുന്നില്ല. അങ്ങിനെ അന്റാർട്ടിക്ക് സർവ്വതന്ത്രസ്വതന്ത്രയായി അവൾക്ക് ഇഷ്ടമുള്ളവനെ പരിഗ്രഹിക്കുവാൻ സംഗതിയാകും. പ്രയോജനശൂന്യമായ ഒന്നിനുവേണ്ടി വിവരമുള്ളവരാരെങ്കിലും മത്സരിക്കുമോ. സന്താനസിദ്ധിക്കുവേണ്ടി പുത്രകാമേഷ്ടിയാഗം നടത്തുന്ന ഭർത്താവിന്റെ പത്നി പിന്നെയും വന്ധ്യയായിക്കഴിയുന്നതുപോലെയായിരിക്കും അന്റാർട്ടിക്കിന്റെ ഉടമസ്ഥതയ്ക്കുവേണ്ടി യത്നിക്കുന്നവർക്ക് ലഭിക്കുന്ന മിച്ചം. അല്ലെന്ന് തെളിയിക്കുവാനുള്ള ചുമതല സയൻസിനാണുള്ളത്. സയൻസ് മനുഷ്യരാശിയെ രക്ഷിക്കുന്നതിനിടയാകട്ടെ.

(റസ്സൽ ഓവന്റെ ലേഖനത്തെ ഉപജീവിച്ച് എഴുതിയിട്ടുള്ളത്.)

—0—




## ജനകീയ സമരകഥകൾ

ഗ്രന്ഥകർത്താ,
എസ്. കെ. ആർ. കമ്മത്ത്.

പ്രസാധകൻ,
പി. വി. വാസുദേവപ്പണിക്കർ
പി. വി. പി. സ്റ്റോർസ്, കലവൂർ.
വില അണ ൮.

തിരുവിതാംകൂറിൽ അടുത്തു കഴിഞ്ഞ കാലഘട്ടം കലാസൃഷ്ടിക്കുതകുന്ന വിവിധ സംഭവങ്ങളെ ഉൾക്കൊണ്ടിരുന്നു. നമ്മുടെ സാഹിത്യകൃത്തുക്കൾ ആ സന്ദർഭത്തെ യഥാമതി വിനിയോഗിക്കാതെയുമിരുന്നിട്ടില്ല. ആകാശംമുട്ടെയുള്ള പുകൾത്തലുകളും അതലാന്തികംവരെ താഴ്ത്തിക്കൊണ്ടുള്ള അവഹേളനങ്ങളും ഈ സംരംഭത്തെ ഒച്ചകൊള്ളിച്ചിട്ടുണ്ട്. കല്പിതാംശങ്ങൾ രണ്ടിലും ഏറിയിരിക്കും. ഇതിവൃത്തം പ്രധാനമാക്കി സാഹിത്യമൂല്യം നിർണ്ണയിക്കുന്ന സമ്പ്രദായത്തിനു് വിലയിടിവ് സംഭവിച്ചിരിക്കുന്ന ഇക്കാലത്തു് ആ വിചാരണയ്ക്കിവിടെ ഒരുമ്പെടുന്നില്ല. താൻ സ്വീകരിച്ചിരിക്കുന്ന പ്രമേയത്തെ പ്രതിപാദിക്കുന്നതിനുള്ള നിപുണത എത്രമാത്രം ഫലപ്പെടുത്തിയിട്ടുണ്ട്. അതാണിവിടെ പ്രധാനമായി ചിന്തിക്കാനുള്ളതു്.

സമരകഥയലെ് ആദ്യകഥ രാജ്യദ്രോഹിയെപ്പറ്റിയുള്ളതാണ്. ഒരു കെ. പി. കേസില്ലാത്ത വക്കീൽ, ഇദ്ദേഹം എവിടെയാണു പ്രാക്ടീസു ചെയ്യുന്നതെന്നു കഥകൊണ്ടു് വ്യക്തമാകുന്നില്ല, കൗടില്യന്റെ ജനദ്രോഹപരങ്ങളായ പ്രവർത്തനങ്ങൾക്കു് കൂട്ടുനിൽക്കാമെന്ന കരാറിന്മേൽ അയ്യായിരം രൂപയുടെ കറൻസിനോട്ടുകൾ പാക്കറ്റിലാക്കുന്നു. ഈ തൽക്കാലലാഭത്തിനു പുറമേ, ഒരു മുൻസിഫു് ഉദ്യോഗവും. ഈ വിസ്രംഭസംഭാഷണത്തോടുകൂടി കഥ ആരംഭിക്കുന്നു. അന്നു ജനകീയസംഘടനയായിരുന്ന പമെടുത്തിരുന്ന സ്റ്റേറ്റ് കാൺഗ്രസ്സിനെ നാമാവശേഷമാക്കുന്നതിനു ബദ്ധപരികരനായ കൗടില്യനും തദനുയായികളായ കെ. പി. യും കൂട്ടരും ചെയ്യുന്ന വിക്രിയാസാഹസങ്ങളെക്കൊണ്ടു് കഥാഗാത്രം പുഷ്ടമാകുന്നു. കൗടില്യനെ ഇതിൽ വികത്ഥനപടുവയരു ധീരോദ്ധതനാക്കി ഗ്രന്ഥകർത്താവു് വേഷം കെട്ടിക്കുന്നു. സ്റ്റേററ് കാൺഗ്രസ്സു് യോഗങ്ങളെ ചെണ്ടകൊട്ടിക്കുന്നതിനു് കൺട്രാക്ടു് എടുത്ത കെ. പി. സ്വാതന്ത്ര്യസമരത്തിൽ സ്വയം വെടിയേററു് മരിക്കുന്ന സ്വന്തപുത്രന്റേയും രാജ്യദ്രോഹിയെന്ന നാട്ടുകാരുടെ അവമതിയേയും അഭിമുഖീകരിക്കേണ്ടിവരുന്നു. ഒടുവിൽ കൗടില്യൻ ക്ഷതാംഗനായി നാടുവിടുന്നു. കെ. പി. സ്റ്റേററകാൺഗ്രസ്സിലും ചേരുന്നു.

കുറച്ചൊക്കെ മറച്ചും ചില ഭാഗങ്ങൾ തെളിച്ചും സംഭവകഥനങ്ങളിൽ ഔചിത്യം ദീക്ഷിച്ചും കഥാകൃത്തിതിന്റെ നിർമ്മാണം സാധിച്ചിരിക്കുന്നു. നമ്മുടെ മുമ്പിൽ നടന്ന സംഭവങ്ങളെ സാഹിത്യപരിവർത്തനം ചെയ്യുക എന്ന വിഷമമേറിയ രീതിവിശേഷമാണു് ഗ്രന്ഥകർത്താവു് അവലംബിക്കേണ്ടിവന്നിട്ടുള്ളതു്. സ്വതന്ത്രചിന്താഗതിയെ നിയന്ത്രിക്കുന്ന ആപൽക്കരമായ പാറകൾ ആ മാർഗ്ഗത്തിലുണ്ടെന്നു സാമാന്യബുദ്ധിയോടുകൂടിയെങ്കിലും നാം ചിന്തിക്കേണ്ടതായിരിക്കുന്നു. ആ നിലയിൽ കഥാകൃത്തു് അനുവാചകന്റെ കാരുണ്യത്തെ അവകാശപ്പെടുന്നു എന്നാൽ ഇത്തരം വയ്യാവേലികളില്ലാത്ത ഭാഗങ്ങളിൽ അനവസരമായ ഫലിതം കടത്തിവിടാൻ ഗ്രന്ഥകർത്താവു് നോക്കുന്നു. "അപ്പോൾ പോലീസ്സിൽസേട്ടരേക്കാൾ കൂടുതൽ ശമ്പളം കിട്ടുമോ, എന്നിങ്ങനെ ഇക്കാലത്തെ ഒരു അഡ്വക്കേറ്റിന്റെ ഭാര്യ മുൻസിഫിനോ പോലീസിൻസ്പെക്ടർക്കോ ശമ്പളക്കൂടുതലെന്നറിയാത്ത അസൂര്യംപശ്യയായ അക്ഷരാഭ്യാസമില്ലാത്ത ഒരുത്തിയാണെന്നു സങ്കല്പിക്കാൻ സാധിക്കയില്ല. മററുചില കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽ ഔചിത്യാനുസന്ധാനപൂർവ്വം ഭാഷയെ ക്രമീകരിച്ചിട്ടുണ്ടെന്നുള്ളതു് സന്തോഷാവഹമായ വസ്തുതയാണു്.

തിരശ്ശീലയുടെ പുറകിൽ, എന്നപേരിലാണു് ഇതിലെ രണ്ടാമത്തെ കഥ. ഗ്രന്ഥകർത്താവു തിരശ്ശീലയുടെ മുൻയിൽ നിന്നുകൊണ്ടു ചില രംഗങ്ങൾ പണ്ടികാട്ടുന്നുവെന്നല്ലാതെ ആ മാച്ചാവരണം ചീന്തിക്കീറിയെറിയുന്നതിനു ധൈര്യപ്പെടുന്നില്ല. ശവശരീരക്കൂമ്പാരങ്ങളുടെമേൽ മണൽചിതറിയിട്ടുള്ള ശ്മശാനക്കുന്നുകൾ നിരന്നു കാണുന്ന ആ ഹൃദയഭേദകമായ കാഴ്ച, പട്ടാളക്കാർ പാതിരാത്രിയിൽ പാർക്കുടിലുകളിൽ പ്രവേശിച്ചു പാതിപ്പട്ടിണിക്കാരായ പാവപ്പെട്ട പെണ്ണുങ്ങളെ പരേതരാക്കുന്ന ഭയങ്കരകാഴ്ച തിരശ്ശീലയുടെ പുറകിൽ സംഭവിച്ചിട്ടുണ്ടെന്നുള്ള കഥയാണു കഥാകൃത്തു നമുക്കു കാട്ടിത്തരുന്നതു്. ജുബാധാരികളായ ചില ഖദർവേഷക്കാരുടെ അവസരസേവകസ്വഭാവവും അനീതിയെ നീതീകരിക്കാനുള്ള അവരുടെ സംരംഭവും കഥാകൃത്തിനു ഹൃദയവേദനയുണ്ടാക്കുന്നതായിരിക്കുന്നു. ഈ കഥാരചനയിൽ ഗ്രന്ഥകർത്താവു കൈക്കൊണ്ടിരിക്കുന്ന ഭാഷാരീതി പ്രസന്നവും ലളിതവുമാണു്. അനീതിയോടുള്ള തീവ്രപ്രതികാരതയിൽ പ്രക്ഷുബ്ധമായ പ്രഭാഷണങ്ങളും അദ്ദേഹം സ്വീകരിക്കുന്നുണ്ടു്. ചരിത്രപ്രാമാണ്യമുള്ള സംഭവങ്ങൾക്കു കഥാസ്വരൂപം കല്പിച്ചുകൊടുത്ത ഗ്രന്ഥകർത്താവിന്റെ ശ്രമം അഭിനന്ദനാർഹമായിട്ടുണ്ടു്. പ്രണയത്തിന്റെ തേട്ടൽകൊണ്ടു സഹികെടുന്ന കഥാപ്രിയന്മാർക്കു് ഈ അനുപാനം ആസ്വാദ്യവും ആരോഗ്യപ്രദവുമായിരിക്കും.

(സി-എം പി)

—o—

(രണ്ടാംപേജിൽനിന്നും തുടർച്ച)

പ്പിടുവതർക്കു മികവും രുചികരമാനതും. വിശേഷമാക വളരും കുഴന്തൈകളുക്കു മികവും നല്ലതു.

ചാപ്പിടുവതർക്കു മുമ്പോ അല്ലതു പിൻപോ ഒരു സ്പൂൺ അളവു ദിനവും 4 തടവൈ ചാപ്പിട വേണ്ടും. കുഴന്തൈകളുക്കു വയതുക്കു തകുന്തവാറു 1 അല്ലതു 2 സ്പൂൺ അളവു.

### മലയാളം

ആഹാരത്തിലെ പോഷണക്കുറവുകൊണ്ടുള്ള വ്യാപകമായ ദോഷത്തെപ്പററി ആധുനികവൈദ്യശാസ്ത്രം ഊന്നിപ്പറയുന്നു. പോഷണക്കുറവുകൊണ്ടു ദേഹാസ്വാസ്ഥ്യവും ബലഹീനതയും നേരിടുന്നു. അതുകൊണ്ടു രോഗത്തെ എതിർക്കാനുള്ള ശക്തി നശിച്ചും കുട്ടികളുടെ നീരോഗമായ വളർച്ച കുറഞ്ഞും മനുഷ്യവർഗ്ഗത്തിന്റെ ബലപരാക്രമങ്ങൾ ഹനിക്കപ്പെടുന്നു.

പോഷണക്കുറവുകൊണ്ടുള്ള ദോഷം പരിഹരിക്കുന്നതിനു പററിയ മരുന്നു മടക്കുന്ന വാട്ടർബറീസുകമ്പൗണ്ടു സേവിക്കുകയാണു്. ദുർബലതനിമിത്തം ഉണ്ടാവുന്ന ദോഷങ്ങളെ തടുക്കുന്നതിനുള്ള ദ്രവ്യങ്ങൾ എല്ലാം ഈ കമ്പൗണ്ടിൽ അടങ്ങിയിരിക്കുന്നു. ഇതു സേവിക്കാൻ രുചികരമാണ്. വളർച്ചയിലിരിക്കുന്ന കുട്ടികൾക്കു വിശേഷിച്ചും നല്ലതു.

ഭക്ഷണത്തിനുമുമ്പോ പിമ്പോ ഒരു സ്പൂൺവീതം ദിവസം നാലുപ്രാവശ്യം സേവിക്കണം. കുട്ടികൾക്കു വയസ്സിന്റെ ക്രമത്തിനു ഒന്നോ രണ്ടോ സ്പൂൺവീതം കൊടുക്കാം.


—o—

## ശ്രീ. സി. രാജഗോപാലാ ചാരിയുടെ ജാതകം

ഒരു ഭാരതീയനു സിദ്ധിക്കാവുന്ന പരമോന്നതസ്ഥാനത്തു് നിയമിതനായിട്ടുള്ള ശ്രീ: സി രാജഗോപാലാചാരി സ്വതന്ത്രഭാരതത്തിന്റെ ഒന്നാമത്തെ ഭാരതീയഗവർണ്ണർ ജനറൽ എന്ന നിലയിൽ കഴിഞ്ഞ ജൂൺ 21-ാംനു- സ്ഥാനാരോഹണം ചെയ്തിരിക്കുന്നു. അഗാധമായ പാണ്ഡിത്യവും, അനന്യസാധാരണമായ ബുദ്ധികൗശലവും, ആദരണീയമായ സ്വഭാവമേന്മയും അചഞ്ചലമായ ആദർശനിഷ്ഠയും, നിസ്വാർത്ഥമായ സേവനസന്നദ്ധതയും ഒരാൾക്കു രാജാജിക്കല്ലാതെ ആ സമുന്നതസ്ഥാനത്തിനുള്ള അർഹത സമ്പാദിക്കുവാൻ കഴിഞ്ഞിരുന്നില്ല, ഇത പാണ്ഡിത്യസമ്പത്തിയുള്ളിക്കുവാൻ കഴിഞ്ഞിട്ടുള്ള ധിഷണാസമ്പന്നനായ മറെറാരു നേതാവും ഭാരതത്തിനിന്നില്ല. മഹത്തരങ്ങളായ ആ ഗുണഗണങ്ങൾ അദ്ദേഹത്തിന്റെ ജാതകത്തിൽ എങ്ങനെ സംഭരിക്കപ്പെട്ടിരിക്കുന്നുവെന്നു ചിന്തിക്കുന്നതു് വിജ്ഞാനപ്രദമായിരിക്കുമല്ലോ.

### രാജാജിയുടെ ജാതകം

൧൮൭൮ ഡിസംബർ ൧൦-ാംനു- തിങ്കളാഴ്ച ഉദയത്തിനു രോഹിണിയും പഞ്ചമിയും കൂടിയ സമയം വൃശ്ചികലഗ്നത്തിൽ ജനനം.




ശിഷ്ടചന്ദ്രദശ, ൫—൪—൨൦.

വൃശ്ചികലഗ്നം; ലഗ്നത്തിൽ ആദിത്യശുക്രന്മാർ; രണ്ടിൽ ബുധൻ, മൂന്നിൽ വ്യാഴവും രാഹുവും; അഞ്ചിൽ (ഭാവസന്ധിപ്രകാരം നാലിൽ) ശനി; ഏഴിൽ ചന്ദ്രൻ; ഒൻപതിൽ കേതുവും ഗുളികനും; ഇതാണു് രാജാജിയുടെ ജാതകത്തിലെ ഗ്രഹനില

ഈ ജാതകം സാമാന്യദൃഷ്ടിക്കു് അത്രവലിയ മാഹാത്മ്യമൊന്നുമുള്ള തല്ലന്നു തോന്നിയേക്കാം. എന്നാൽ അന്യാദൃശമായ ഒന്നുരണ്ടു ലക്ഷണങ്ങൾ ഈ ജാതകത്തെ വളരെ അസാധാരണമാക്കുന്നുണ്ടു്. പ്രധാനമായി ഈ ജാതകത്തിലെ ചന്ദ്രനെ നോക്കുക. ഒൻപതാം ഭാവാധിപത്യം, ഉച്ചസ്ഥിതി, കലാപൂർണ്ണത, ഉച്ചത്തിലെ വർഗ്ഗോത്തമാംശകം, ശുഭവർഗ്ഗാധിക്യം, ഇതിനെല്ലാംപുറമെ ബുധനൊഴിച്ചുള്ള എല്ലാ ഗ്രഹങ്ങളുടേയും ദൃഷ്ടി, ഇത്രമാത്രം യോഗപ്രദനായ ഒരു ചന്ദ്രൻ അന്യാദൃശനാണല്ലോ? ചന്ദ്രന്റെ യോഗഫലപ്രദായകത്വത്തിനുള്ള ലക്ഷണങ്ങളെക്കുറിച്ചു ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു:—

"ചന്ദ്ര; കർക്കിണിഗോപതൌ നിജദിനേ-
ദ്രേക്കാണരാശ്യംശകേ
രാശ്യന്തേ ശുഭവീക്ഷണേ നിശിസുഖേ-
ത്യാമൃതേന്ദോ വീര്യവാൻ
ഇന്ദുസ്സ്വകലാധരോ യദിബലീ സർവ്വ
ത്രസമ്പദ്ധിംവിനാ
സർവ്വേ വ്യോമചരേക്ഷിതസ്തുകുരുതേ
ഭൂപാലയോഗം നൃണാം"

ചന്ദ്രൻ കർക്കടകത്തിലോ ഇടവത്തിലോ നില്ക്കുക, തിങ്കളാഴ്ചയായിരിക്കുക, ചന്ദ്രൻ തന്റെ ദ്രേക്കാണത്തിലോ വർഗ്ഗങ്ങളിലോ നില്ക്കുക, സ്വരാശികളിൽ അംശിക്കുക, നില്ക്കുന്നതു് ആ രാശിയുടെ പകുതികഴിഞ്ഞതായിരിക്കുക, ശുഭദൃഷ്ടിയുണ്ടായിരിക്കുക, ജനനം രാത്രിയിലാവുക, ചന്ദ്രൻ നാലാംഭാവത്തിൽ നില്ക്കുക, ഉത്തരായനമായിരിക്കുക, കലാസമ്പൂർണ്ണനാവുക, രാശിസന്ധിയോ നക്ഷത്രസന്ധിയോ ഒന്നുമില്ലാതിരിക്കുക, എല്ലാ ഗ്രഹങ്ങളുടേയും ദൃഷ്ടിയിൽ നില്ക്കുക ഇത്രയും ലക്ഷണങ്ങൾ തികഞ്ഞ ചന്ദ്രൻ സാമാന്യജനങ്ങൾക്കു പോലും ഭൂപാലയോഗം പ്രദാനം ചെയ്യുന്നു. ഇതിൽ ഒന്നുരണ്ടു ലക്ഷണങ്ങളൊഴിച്ചു മറെറല്ലാം തികഞ്ഞ അസാധാരണയോഗഫലപ്രദനും മനോബുദ്ധികാരകനുമായ ചന്ദ്രനാണു് രാജാജിയുടെ ജാതകത്തെ ഭരിക്കുന്നതെന്നുള്ള യാഥാർത്ഥ്യം മനസ്സിലാക്കുമ്പോൾ അദ്ദേഹത്തിന്റെ ഉല്ക്കർഷോന്മുഖമായ ജീവിതഗതിയെക്കുറിച്ചു നാം അത്ഭുതപ്പെടേണ്ടതില്ല.

'ലഗ്നം വിഹായകേന്ദ്രേ
സകലകലാപൂരിതേനിശാനാഥ:
ഗുർവ്വാദേവഗുരുഭ്യാം
ദൃഷ്ടോ രാജാഭവേന്നിയതം'
'രവിണാദൃഷ്ടചന്ദ്രേ
ജാതഃ പ്രഖ്യാത ദീർഘായു:

(ശേഷം എട്ടാംപേജിൽ)

# പലസ്തീനിൽ സന്ധിക്കായി അറബികളും യഹൂദരും വെടിനിർത്തലാജ്ഞ സ്വീകരിച്ചു

## ബർണഡോട്ട് ഹാളണ്ടിൽ

### തീരുമാനം ബുദ്ധിപൂർവകമായിട്ടുള്ളതാണെന്നു അബ്ദുള്ളാരാജാവ്

(റായിട്ടർ)

ലേക്സക്സസ്, ജൂലൈ ൧൮—അറബികളും യഹൂദരും ഇപ്പോഴും സന്ധി സ്വീകരിച്ചിരിക്കുന്നു. പലസ്തീനിൽ ഒരു സന്ധിക്കുവേണ്ടിയുള്ള രക്ഷാസമിതിയുടെ വെടിനിർത്തലാജ്ഞ സ്വീകരിച്ചതായുള്ള ഒരു സന്ദേശം ഇജിപ്ഷ്യൻ പ്രധാനമന്ത്രി മി. നൊക്രാഷിപാഷ ഏതാനും സമയത്തിനുമുമ്പ് റോഡ്സിലുള്ള മധ്യസ്ഥന്റെ ഹെഡ്ക്വാർട്ടേഴ്സിലേക്കു അയച്ചുകൊടുത്തിരിക്കുന്നു.

#### അബ്ദുള്ളാരാജാവിന്റെ പ്രസ്താവന

അമ്മനിൽ ട്രാൻസ്ജോർഡാണിലെ അബ്ദുള്ളരാജാവ് പ്രസ്താവിച്ചതു് അറബിരാജ്യങ്ങൾ പലസ്തീനിൽ വെടിനിർത്തൽ സ്വീകരിച്ചിരിക്കുന്നുവെന്നാണ്. രക്ഷാസമിതിയും മററു വലിയ ശക്തികളും കൊണ്ടുവന്ന ഭയങ്കരമായ ഭീഷണികളെ പരിഗണിച്ചു തങ്ങൾ കൈക്കൊണ്ട തീരുമാനം ബുദ്ധിപൂർവകമായിട്ടുള്ളതാണെന്നു അദ്ദേഹം പ്രസ്താവിച്ചു.

പലസ്തീൻപ്രശ്നം ഒത്തുതീർക്കാനുള്ള മാർഗ്ഗം കൂടിയാലോചന നടത്തുകയെന്നതാണെന്നു അബ്ദുള്ളാരാജാവു പ്രസ്താവിച്ചു. ധൃതിയിൽ കൂടിയാലോചിക്കുകയല്ല പിന്നെയോ അവധാനതയോടും സമാധാനപരമായും കൂടിയാലോചിക്കുകയാണ്.

നേരത്തെ അമ്മനിൽനിന്നു ലഭിച്ച ഒരു റിപ്പോർട്ടിൽ അറബികൾ ഇനിയൊരു സന്ധി സ്വീകരിക്കുവാനിടയില്ലെന്നു പറഞ്ഞിരിക്കുന്നു.

#### മേഖല നിർണ്ണയിക്കുവാൻ കൂടിക്കാഴ്ചനടത്തി

ഈജിപ്ഷ്യൻ സൈനികനേതാക്കന്മാരും യഹൂദസൈനികനേതാക്കന്മാരും ഐക്യരാഷ്ട്ര സൈനികപ്രതിനിധികളുമായി ഇന്നു സംഭാഷണം നടന്നു. പലസ്തീൻ സന്ധി പാലിക്കുന്നതിനുള്ള അറബിപ്രദേശവും യഹൂദപ്രദേശവും നിർണ്ണയിക്കുന്നതു സംബന്ധിച്ചുള്ളതായിരുന്നു ഈ സംഭാഷണം.

#### ബർണഡോട്ട് ആംസ്റ്റർഡാമിൽ

ആംസ്റ്റർഡാം ജൂലൈ ൧൮—കൗണ്ട് ബർണഡോട്ട് റോഡ്സിലേക്കുള്ള യാത്രയിൽ ഇന്നു ആംസ്റ്റർഡാമിൽ എത്തിയിരിക്കുന്നു. സമാധാനസംഭാഷണങ്ങളുടെ ഉദ്ദേശം സെപ്റ്റംബറിൽ നടക്കുന്ന ജനറൽ അസംബ്ളിസമ്മേളനത്തിൽ ഇരുകക്ഷികൾക്കും യോജിക്കാവുന്ന ഒരു തീരുമാനം കണ്ടുപിടിക്കുകയെന്നതാണ്. സമരം നടത്താൻ ബ്രി: ഗവർമ്മെന്റ് അറബികളെ പ്രേരിപ്പിക്കുന്നതായി പറയുന്നതു് പരമാബദ്ധമാണ്

ഒന്നു് താൻ വിചാരിക്കുന്നില്ലെന്നു അദ്ദേഹം പ്രസ്താവിച്ചു.

#### ഡമാസ്കസ്സിൽ ബാംബേറു നടന്നു

ഡമാസ്കസ് ജൂലൈ 18 - പലസ്തീനിൽ സമരത്തെപ്പററിയുള്ള ഏററവും പുതിയ വർത്തമാനം ഒരു സിറിയൻകമ്യൂണിക്കേയിൽ കാണുന്നു. യഹൂദവിമാനങ്ങൾ ഇന്നു കാലത്തു ഡമാസ്കസ്സിൽ നിരവധി ബാംബുകൾ വർഷിക്കുകയും കുറെ നഷ്ടവും ആൾനാശവും ഉണ്ടാക്കുകയും ചെയ്തു.

—o—

#### മി: മുൻഷിയെപ്പററി കള്ളവാർത്ത

ബാംബെ ജൂലൈ ൧൮—ഹൈദ്രബാദ് പ്രശ്നത്തെപ്പററി എ. ഐ. സി. സി. രഹസ്യസമ്മേളനത്തിൽ താൻ ചെയ്തതായി പറയപ്പെടുന്ന ഒരു പ്രസംഗം ഹൈദ്രബാദ് പത്രങ്ങളും പാകിസ്ഥാൻപത്രങ്ങളും റിപ്പോർട്ടു ചെയ്തിരിക്കുന്നുവെന്നും അതു് കേവലം സാങ്കല്പികമാണെന്നും ഹൈദ്രബാദിലെ ഇന്ത്യൻഏജൻറുജനറലായ മി. കെ. എം. മുൻഷി പ്രസ്താവിച്ചിരിക്കുന്നു. മുൻഷി എ. ഐ. സി. സി. സമ്മേളനത്തിൽ സംബന്ധിക്കുകയുണ്ടായില്ലെന്നും അദ്ദേഹം വ്യക്തമാക്കുന്നു.

—o—

#### റഷ്യയ്ക്കു വീണ്ടും ബ്രിട്ടന്റെ കുറിപ്പു്

—o—

മാസ്കോ ജൂലൈ ൧൮—ജർമ്മനിയിൽ ഈയിടെയുണ്ടായ ഡക്കോട്ടഅത്യാഹിതത്തിൽ സംഭവിച്ചജീവഹാനിക്കും വസ്തുനാശത്തിനും നഷ്ടപരിഹാരം കൊടുക്കേണ്ട പ്രശ്നത്തെപ്പററി മാസ്കോയിലെ ബ്രിട്ടീഷ്സ്ഥാനപതി റഷ്യൻഗവർമ്മെന്റിനു ഗവർമ്മെന്റിന്റെ ഒരു കുറിപ്പു നൽകിയിരിക്കുന്നു. (റായിട്ടർ)

—o—

#### നിലക്കടല തിന്നുന്നതു് കോർട്ടലക്ഷ്യമാണ്

—o—

##### സബ്ഡിവിഷൻ ആഫീസർ ഒരാൾക്കു പിഴയിട്ടു

—o—

മുസഫർപൂർ, ജൂലൈ ൧൮—സബ്ഡിവിഷൻ ആഫീസരുടെ കോടതിയിൽ വച്ചു് നിലക്കടല തിന്നുകൊണ്ടിരുന്നതായി കാണപ്പെട്ട ഒരാളെ കോർട്ടലക്ഷ്യകുററത്തിനു് ൧൦ രൂപാ ശിക്ഷിച്ചിരിക്കുന്നു. അഭിഭാഷകവേഷത്തിൽ അയാൾ നടപടികൾ വീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. (ഏ-പി)

—o—

#### റായിട്ടർലേഖകനെ പുറത്താക്കുന്നു

—o—

##### യുഗോസ്ലാവ്ഗവ:

—o—

ബൽഗ്രേഡ്, ജൂലൈ ൧൮—കഴിഞ്ഞ ഏതാനും മാസത്തെ റിപ്പോർട്ടിംഗ് രാജ്യത്തിന്റെ താല്പര്യത്തിനു വിരുദ്ധമാണെന്ന കാരണത്താൽ രാജ്യം വിടണമെന്നു് യുഗോസ്ലേവ്യയിലെ റായിട്ടർലേഖകനോടു് ആജ്ഞാപിച്ചിരിക്കുന്നു. (റായിട്ടർ)

—o—

## ഇന്ത്യയുടെ കയററുമതി കൊണ്ടുള്ള വരവുകൂടി

### ജൂൺ അവസാനിച്ച ആദ്യ അർദ്ധവർഷത്തിൽ ൨൦൩ കോടി രൂപയ്ക്കു സാധനം കയററുമതിചെയ്തു

ന്യൂഡെൽഹി ജൂലൈ ൧൮ ഈ വർഷത്തിന്റെ ആദ്യ ആറുമാസത്തിൽ കയററുമതിയിൽനിന്നുള്ള ഇന്ത്യയുടെ സമ്പാദ്യത്തിൽ ഗണ്യമായ ഒരു വർദ്ധനവുണ്ടായിരിക്കുന്നു. ഈ സമയത്തേക്കുള്ള കയററുമതി ആകെ ൨൦൩ കോടി രൂപയ്ക്കുള്ളതാണ്. കഴിഞ്ഞവർഷം ഈസമയം ൧൬൭ കോടി രൂപയ്ക്കുള്ള സാധനങ്ങൾമാത്രമാണ് കയററുമതിചെയ്തിരുന്നതു്. ഈവർഷത്തെ കണക്കിൽ പാകിസ്ഥാനുമായുള്ള ഇന്ത്യൻ കയററുമതിവ്യാപാരം ഉൾപ്പെടുന്നില്ല.

ഈവർഷം ആദ്യ ആറുമാസത്തിലേക്കു് ഇന്ത്യ ൧൬൦൦൦ ടൺ അസംസ്കൃതചണം കയററുമതിചെയ്തു. ബ്രിട്ടനും യു. എസ്സ്-മാണ് ഇതു മുഖ്യമായി വാങ്ങിയതു. ഡാളർമേഖലകളാണ് ഏററവും വലിയഭാഗം എടുത്തതു്. ലിൻസീഡ്എണ്ണയുടെ കയററുമതി കഴിഞ്ഞവർഷത്തെ അപേക്ഷിച്ചു മൂന്നിരട്ടിയായിരുന്നു, നിലക്കടലഎണ്ണയുടെ കയററുമതിയിലും ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ടു്. കഴിഞ്ഞ രണ്ടുവർഷങ്ങളേക്കാൾ അപേക്ഷിച്ചു് ഈവർഷം അഭ്രത്തിന്റെ കയററുമതി നൂറുശതമാനംതന്നെ വർദ്ധിച്ചിരുന്നു. ഈ കണക്കുകൾ ഏററവും ശ്രദ്ധേയമാണ്. കഴിഞ്ഞവർഷം അവിഭക്തഇന്ത്യയുടെ പോർട്ടുകളിൽനിന്നുള്ള കയററുമതികളുടെ കണക്കാണ് കാണിച്ചിട്ടുള്ളതു്. ഈവർഷത്തെ കണക്ക വിഭക്തഇന്ത്യയുടെ തുറമുഖങ്ങളിൽനിന്നാണ്. (റായിട്ടർ)

—o—

#### മലയൻദേശീയകക്ഷി പ്രസിഡൻറ്

—o—

##### അറസ്ററുചെയ്യപ്പെട്ടു

സിംഗപ്പൂർ ജൂലൈ ൧൮—മലയൻദേശീയകക്ഷി പ്രസിഡൻറ് മ. ഇസാക്ക് ഹാജി മഹമ്മദിനെ ഇന്നറസ്ററ ചെയ്തിരിക്കുന്നു മലയായിൽ ഉടനടി സ്വയംഭരണം സ്ഥാപിക്കണമെന്നു വാദിക്കുന്ന ഒരു വാമപക്ഷമാണ് മലയൻ-ദേശീയകക്ഷിയും.

#### ബ്രിട്ടീഷ് സൈനികോദ്യോഗസ്ഥനെ വധിച്ചു

കോലാലമ്പൂർ, ജൂലൈ ൧൮—മലയായിൽ ഭീകരപ്രവർത്തകർ ഇന്നു് ഒരു ബ്രിട്ടീഷ് ആർമി ആഫീസരെ വധിച്ചിരിക്കുന്നു. ബ്രിട്ടീഷ് പട്ടാളം ഇരുപതുരപ്പതു ഭീകരപ്രവർത്തകരെ അവിചാരിതമായി വളഞ്ഞു് വെടിവച്ചു. അവർ തിരിച്ചു വെടിവെച്ചു. ഒരു ബ്രിട്ടീഷ് ആർമി ആഫീസർ കൊല്ലപ്പെട്ടു. (റായിട്ടർ)

#### ദക്ഷിണാഫ്റിക്കയിലെ ഇന്ത്യൻപ്രശ്നം

—o—

##### ജനറൽ അസംബ്ളി പര്യാലോചനയ്ക്കെടുക്കണം

ലേക്സക്സസ് ജൂലൈ ൧൮—ദക്ഷിണാഫ്റിക്കൻയൂണിയനിലെ ഇന്ത്യാക്കാരോടുള്ള പെരുമാററത്തെപ്പററി അടിയന്തിരമായി വീണ്ടും പര്യാലോചിക്കുവാൻ ഇന്ത്യാഗവ: ഐക്യരാഷ്ട്രങ്ങളോടാവശ്യപ്പെട്ടിരിക്കുന്നു. ഈ വർഷം സെപ്റ്റംബറിൽ പാരീസ്സിൽവച്ചുനടക്കുന്ന ജനറൽ അസംബ്ളിയുടെ ചർച്ചാവിഷയങ്ങളിൽ ഇതുൾപ്പെടുത്തണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. (റായിട്ടർ)

—o—

## അമേരിക്കൻ

—o—

### ഡമോക്രാററിക്ക്പാർട്ടി

—o—

#### ട്രൂമനെതിരായി ഒരു സ്ഥാനാർത്ഥിയെ നിർത്തുന്നു

വാഷിംഗ്ടൺ ജൂലൈ 18—യു. എസ് ഡെമോക്രാററിക്ക്കക്ഷിക്കുള്ളിലുള്ള പിളർപ്പ് ഡെമോക്രാററിക്ക്കക്ഷിക്കെതിരായുള്ള ദക്ഷിണസ്റ്റേററുകളിലെ ഡെമോക്രാററ് അംഗങ്ങളുടെ പരസ്യമായ എതിർപ്പായി വെളിച്ചിരിക്കുന്നു. ദക്ഷിണസ്റ്റേററുകളിലെ ൩൦൦൦-ൽപരം പ്രമുഖഡെമോക്രാററ് ഡെലിഗേററുകളുടെ ഒരു യോഗത്തിൽവച്ചു യു. എസ്: അദ്ധ്യക്ഷപദത്തിലേക്കുള്ള തങ്ങളുടെ സ്ഥാനാർത്ഥിയായി ദക്ഷിണകരോലീനയിലെ ഗവർണ്ണരെ നാമനിർദ്ദേശം ചെയ്യാൻ തീരുമാനിച്ചു. വൈസ്പ്രസിഡൻറുസ്ഥാനത്തേക്കു ഒരു സ്ഥാനാർത്ഥിയേയും നാമിനേററുചെയ്തു. ഈ കക്ഷിയിലുള്ള പിളർപ്പിനു കാരണം പ്രസിഡൻറ് ട്രൂമന്റെ പൗരസ്വാതന്ത്ര്യപരിപാടി സംബന്ധിച്ചതാണ്. ഈ പരിപാടി അംഗീകരിക്കുന്നതിനു ഏതാനും മിനിട്ടുകൾക്കുമുൻപു ദക്ഷിണസ്റ്റേററ്സ് ഡെലിഗേററുകൾ ഇറങ്ങിപ്പോക്കു നടത്തുകയും ശേഷിച്ച മെമ്പറന്മാർ പ്രസിഡൻറ് ട്രൂമനെ നാമിനേററു ചെയ്യുകയുമാണുണ്ടായതു്. (റായിട്ടർ)

—o—

#### ഇന്ത്യാപ്രധാനമന്ത്രിയുടെ പരിപാടി

—o—

##### മി: ചെട്ടി, മുക്കർജി തുടങ്ങിയവർ അനുഗമിക്കും

ന്യൂഡെൽഹി, ജൂലൈ ൧൮—കാരക്കുടിയിലെ ചടങ്ങിൽ സംബന്ധിക്കാൻ ജൂലൈ ൨൩-ാം മദ്രാസിലേക്കു തിരിക്കുന്ന പ്രധാനമന്ത്രി പണ്ഡിതനെഹ്റുവിന്റെ കൂടെ മി: ആർ. കെ. ഷണ്മുഖംചെട്ടി, ഡാ: ശ്യാമപ്രസാദ്മുക്കർജി, ഡാ. എസ്. എസ്. ഭട്ട്നഗർ, സർ ജെ. സി. ഘോഷ് എന്നിവരുമുണ്ടായിരിക്കുമെന്നു പണ്ഡിതനെഹ്റുവിനെ കണ്ട് മദ്രാസിലെത്തിയ ഡാക്ടർ അഴകപ്പചെട്ടിയാർ പ്രസ്താവിച്ചു. ജൂലൈ ൨൪-ാം പണ്ഡിതനെഹ്റു കാരക്കുടി ഇലക്ട്രോകെമിക്കൽ ഇൻസ്റ്റിട്ട്യൂട്ടിന്റെ ശിലാസ്ഥാപനകർമ്മം നിർവഹിക്കുന്നതാണ്. സമീപപ്രദേശങ്ങളിൽനിന്നുംമററും അഭിമുഖസംഭാഷണങ്ങളും ദർശനവും ആവശ്യപ്പെട്ടുകൊണ്ടു് അസംഖ്യം ജനങ്ങളിൽനിന്നുള്ള കത്തുകൾ പ്രധാനമന്ത്രിക്കു ലഭിച്ചുകൊണ്ടിരിക്കുന്നതായും തന്റെ പരിപാടിയിൽ അധികസമയം പാഴാക്കുവാനില്ലാത്തതുകൊണ്ടു അവർ അതിലേക്കു പണം ചിലവുചെയ്തു ബുദ്ധിമുട്ടരുതെന്നു പ്രധാനമന്ത്രി അവരെ ധരിപ്പിക്കുവാനാഗ്രഹിക്കുന്നതായും പ്രൈവററുസെക്രട്ടറി മി. എം. ഓ. മത്തായി പറയുന്നു.

—o—

#### രാജപ്രമുഖന്മാരുടെ സമ്മേളനം

ന്യൂഡെൽഹി, ജൂലൈ ൧൮—സ്റ്റേററ്സ് യൂണിയൻ രാജപ്രമുഖന്മാരുടേയും പ്രധാനമന്ത്രിമാരുടെയും സർദാർ പട്ടേലുമായുള്ള മൂന്നാമത്തെ സമ്മേളനം ഇന്നു നടന്നു. ഒരു മണിക്കൂറിലധികം ഇന്നത്തെ ചർച്ചകൾ നീണ്ടുനിന്നു. (ഏ-പി)

—o—

#### പ്രധാനമന്ത്രിമാരുമായി സമ്മേളനം

ന്യൂഡെൽഹി ജൂലൈ 18—ഡെപ്യൂട്ടി പ്രധാനമന്ത്രി സർദാർ പട്ടേൽ ഇന്നു പ്രവിശ്യാപ്രധാനമന്ത്രിമാരുമായി മറെറാരു അനൗപചാരിക സമ്മേളനം നടത്തി. ബീഹാറിലെയും ആസാമിലെയുമൊഴിച്ച് മററുള്ള പ്രവിശ്യാപ്രധാനമന്ത്രിമാരും സന്നിഹിതരായിരുന്നു. (ഏ-പി)

—o—

# ആയുധങ്ങൾ കടത്തുന്നതിനെ തടയാൻ നടപടികൾ

## ഡിസ്ട്രിക്ടിലെ നിഗൂഢശ്രമവും ബാംബെപോലീസിന്റെ ശുഷ്കാന്തിയും

### നിരവധി ബോറാമാരെ അറസ്റ്റുചെയ്തു

ബോംബെ, ജൂലൈ ൧൭—ആയുധങ്ങളും വെടിക്കോപ്പുകളും മററു സംഖ്യം അത്യാവശ്യസാധനങ്ങളും ഹൈദ്രബാദുപ്രദേശത്തിലേക്കു കടത്തിക്കൊണ്ടു ബോംബെഗവൺമെന്റിന്റെ നിരോധനപടപടികളെ തകർക്കാൻ ഒരുമ്പെട്ടിട്ടുണ്ടെന്നുള്ള ഒരു നിഗൂഢശ്രമമെന്നു വിശ്വസിക്കപ്പെടുന്ന സംരംഭം വെളിക്കാക്കുന്നതിൽ ബോംബെപോലീസിലെ ചില കാര്യശേഷിയുള്ള ആഫീസർമാർ ഏർപ്പെട്ടിരിക്കുന്നു. ഇന്നലെ നിരവധി ബോറാമാരെ അറസ്റ്റുചെയ്തതുസംബന്ധിച്ചു നടന്ന അന്വേഷണങ്ങൾ ഊർജ്ജിതമായി തുടർന്നുവരുന്നു. വ്യാജമായി കടത്തിക്കൊണ്ടുപോകുന്നവരുടെ ശൃംഖലയിൽപെട്ട അനവധി ഏജന്റന്മാരെയും മധ്യവയസ്കന്മാരെയും മററും പിടികൂടുവാൻ വളരെ വിപുലമായതോതിൽ വല വീശിയിരിക്കുന്നു.

#### അകോല അധികൃതരുടെ നടപടികൾ

നാഗപ്പൂർ ജൂലൈ ൧൭—അനാശാസ്യ ഹസ്തങ്ങളിലേക്കു ആയുധങ്ങൾ ചെന്നുചേരുന്നതിനെ പൊതുജനരക്ഷകരുതി ആയുധങ്ങളും വെടിക്കോപ്പുകളും സംബന്ധിച്ച നിയന്ത്രണം അകോല, സഗോർ എന്നീ ഡിസ്ട്രിക്ടിലെ അധികൃതർ കൂടുതൽ കർശനമാക്കിയിരിക്കുന്നു. വർധാ, ചന്ദാ എന്നീ ഡിസ്ട്രിക്ടുകളിൽ ഗൂണ്ടാനിയമത്തിന്റെ പ്രവർത്തനം മൂന്നു മാസത്തേക്കുകൂടി നീട്ടിയിരിക്കുന്നു. നാഗപ്പൂരിൽ പോലീസ് ഹൈദ്രബാദ് ഗവൺമെന്റിന്റെ ഏജന്റന്മാരെന്നു സംശയിക്കപ്പെട്ട രണ്ടു മുസ്ലീങ്ങളെ അറസ്റ്റു ചെയ്തിരിക്കുന്നു: അവരുടെ കൈവശത്തിൽനിന്നു ഹൈദ്രബാദ് ഗവൺമെന്റിന്റെ രേഖകൾ പിടിക്കുകയും ചെയ്തു. ആ രേഖകൾ അവർക്കു റസാക്കർ സംഘടനയുമായുള്ള ബന്ധം സ്ഥാപിച്ചിരിക്കുന്നു.

#### ൩ അറബികളെ പിടിച്ചു

ബോംബെ ജൂലൈ ൧൭—ഒരു കപ്പലിൽ നിന്നു ബോംബെ ഡാക്കിൽ ഇറങ്ങിയ ഒരു സ്ത്രീയുൾപ്പെടെ മൂന്നറബികൾ കിടക്കയിൽ ഒരു കെട്ടായി ഏഴു പിസ്റ്റലുകൾ ഒളിച്ചുവച്ചിരിക്കുന്നതു കാണപ്പെട്ടു. കസ്റ്റംസ് പോലീസ് ഇവരെ മൂന്നുപേരെയും കൂടുതൽ അന്വേഷണങ്ങൾക്കായി സിററിപോലീസിനെ ഏല്പിച്ചു.

#### റസാക്കർ ആക്രമണം

നാഗപ്പൂർ, ജൂലൈ ൧൭—മധ്യസംസ്ഥാനവും ബീറാറും പ്രവിശ്യയുടെയും ഹൈദ്രബാദ് പ്രവിശ്യയുടെയും അതിർത്തിയിലെപ്രദേശങ്ങളിൽ റസാക്കന്മാരിൽനിന്നു നിരപരാധികളായ ഹിന്ദുക്കളുടെ നേർക്കു ആക്രമണമുണ്ടായതായി റിപ്പോർട്ടു ലഭിച്ചിരിക്കുന്നു. ഹൈദ്രബാദിൽനിന്നു സ്ലേയിൽ മാൻഡാ ഡിസ്ട്രിക്ടിൽ അഭയം തേടിയിട്ടുള്ള ഹൈന്ദവഅഭയാർത്ഥികൾ ഹൈദ്രബാദിലേക്കു സ്വന്തം ജോലിക്കു പോയി തിരിച്ചുവരുമ്പോൾ പതിനഞ്ചു റസാക്കന്മാർ അവരെ വെടിവയ്ക്കുകയും വെടിയേററ പലരെയും മാൻഡ ആശുപത്രിയിലാക്കുകയും ചെയ്തു.

#### ഭക്ഷ്യധാന്യക്കയററുമതിക്കു നിയന്ത്രണമില്ല

ഹൈദ്രബാദ ജൂലൈ 17 – ഭക്ഷ്യസാധനങ്ങളും മററു അടിയന്തിരാവശ്യസാധനങ്ങളും ഹൈദ്രബാദ് പ്രദേശത്തിലൂടെ കൃഷ്ണശാല, ലിംഗശിരി എന്നീ ഇന്ത്യൻ യൂണിയൻ അതിർത്തിവഴിയിലുള്ള പ്രദേശങ്ങളിലേക്കു ട്രാൻസ്പോർട്ടു ചെയ്യുന്നതിനു യാതൊരു നിയന്ത്രണവുമില്ലെന്നു ഒരു സംസ്ഥാന ഗവൺമെന്റിന്റെ പ്രസ്സ്‌നോട്ടിൽ പറയുന്നു. ആ പ്രദേശങ്ങളിലേക്കു പോകുന്ന ഇന്ത്യൻലോറികൾ ഹൈദ്രബാദ് ഗവൺമെന്റ് പരിശോധിച്ചിരിക്കുന്നു. റയിൽവേയിൽകൂടി പൂനാഗംഗിയിലേക്കു ആയുധങ്ങൾ കൊണ്ടുപോകുന്നതായി ഇയിടെ കണ്ടുപിടിച്ചതുമൂലമാണു ഈ പരിശോധന നടത്തുന്നതു്.

#### ഇന്ത്യൻനാണയങ്ങൾ കള്ളമായി അടിക്കുന്നു

ബോംബെ ജൂലൈ 18—ഹൈദ്രബാദ് സ്റ്റേറ്റുകോൺഗ്രസ് പുറപ്പെടുവിച്ച ഒരു ബുള്ളറ്റിനിൽ ഇപ്രകാരം പറയുന്നു. ഇപ്പോഴത്തെ നാണയദുർഘടസന്ധിയെ നേരിടാൻ നൈസാംഗവൺമെന്റിന്റെ ഏജന്റന്മാർ ഇന്ത്യൻയൂണിയൻനാണയങ്ങൾ നിർമ്മിക്കാൻ ആരംഭിച്ചിരിക്കുന്നു. ഹൈദ്രബാദ് ഗവൺമെന്റ് ഉദ്യോഗസ്ഥന്മാർ ഈ നിയമവിരുദ്ധമായ പ്രവർത്തിക്കു കൂട്ടുനില്ക്കുന്നതായും അതിൽ പറഞ്ഞിരിക്കുന്നു.

#### ഹൈദ്രബാദിലെ പട്ടികജാതിക്കാർ

ബോംബെ ജൂലൈ ൧൮—ഹൈദ്രബാദിലെ പട്ടികജാതിക്കാർ നൈസാമിന്റെ സ്വേച്ഛാഭരണത്തിനെതിരായുള്ള സമരത്തിൽ ഇന്ത്യൻയൂണിയന്റെകൂടെ നില കൊള്ളുമെന്നു അഖിലേന്ത്യാപട്ടികജാതി ഫെഡറേഷൻ ജനറൽസെക്രട്ടറി മി: പി. എൻ. രാജഭോജ് പ്രസ്താവിച്ചിരിക്കുന്നു. (എ പി.)

#### റെയിൽവേലൈൻ തകർത്തു

ഹൈദ്രബാദ് ജൂലൈ ൧൭—നൈസാമിന്റെ സ്റ്റേററ് റെയിൽവേയിലെ കാസിപെട്ട്-ബൽഹർഷ വിഭാഗത്തിൽ രണ്ടു വാരമായുണ്ടാവുന്ന രണ്ടാമത്തെ റെയിൽവേലൈൻ തകർക്കപ്പെടുകയും മൂന്നരമണിക്കൂർനേരത്തേക്കു ട്രാഫിക്ക് തടയപ്പെടുകയുമുണ്ടായി. അതൊരു ദ്രോഹപ്രവൃത്തിയാണെന്നു ഗവൺമെന്റു സംശയിക്കുന്നു. (എ. പി.)

—o—

#### നാഗനക്ഷത്രം

മദ്രാസ്, ജൂലൈ ൧൭—ഇക്കഴിഞ്ഞ ഞായറാഴ്ച രാത്രി ൧൦ മണിയോടുകൂടി നിർമ്മലമായ ആകാശത്തിൽ സർപ്പത്തിന്റെ ആകൃതിയിലുള്ള ഒരു പുതിയ നക്ഷത്രം കാരയ്ക്കൽനിവാസികൾക്കു കാണാൻകഴിഞ്ഞതായി റിപ്പോർട്ടുചെയ്തിരിക്കുന്നു. ഏതാണ്ടു ൪൫ മിനിട്ടുനേരംവരെ അതു പ്രകാശിച്ചിരുന്നു. പലരും ഈ അതിശയം കാണുകയുണ്ടായി. വളരെ ഉയരത്തിൽ ജ്വലിച്ചുകണ്ട ആ ജ്യോതിർരൂപം എരിഞ്ഞണയുന്നതുവരെ സർപ്പം ഫണംവിടർത്തിനില്ക്കുന്നതുപ്പോലെ കാണപ്പെട്ടിരുന്നു. (കേരളപ്രസ്)

—o—

#### ബ്രഹ്മപുത്രായിൽ വെള്ളപ്പൊക്കം

ഗൗഹാതി, ജൂലൈ ൧൮ ആസാമിൽ ബ്രഹ്മപുത്രാ നദിയും അതിന്റെ കൈവഴികളും ഘോരവർഷത്തെ തുടർന്നു കരകവിഞ്ഞൊഴുകുന്നു. നിരവധി ജനങ്ങൾ ഭവനരഹിതരായിരിക്കുന്നു. വിളവുകൾക്കു വലിയ നഷ്ടം സംഭവിച്ചിട്ടുണ്ടു. പ്രാദേശികഗവ: ദുരിതാശ്വാസനടപടികൾ ആരംഭിച്ചിരിക്കുന്നു. (എ-പി)

—o—

#### ഗവർണ്ണർജനറലിന്റെ പര്യടനം

മദ്രാസ്, ജൂലൈ ൧൮—ആഗസ്റ്റിൽ മൈസൂറും തിരുവിതാംകൂറും സന്ദർശിച്ചശേഷം ൨൮ ൨൯ എന്നീ തീയതികളിൽ ഗവർണ്ണർജനറൽ ഇവിടെ എത്തി താമസിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

# മദ്ധ്യസ്ഥത ഉദ്ദേശിക്കുന്നു

—o—

## മൗണ്ട് ബാററൻ-നൈസാം കത്തിടപാടുകൾ

—o—

### പകിസ്ഥാനിലെ നൈസാം പ്രതിനിധി നിർദ്ദേശിക്കുന്നു

കറാച്ചി, ജൂലൈ ൧൮ മൗണ്ട് ബാററൻപ്രഭുവും ഇന്ത്യാഗവൺമെന്റും ഒരുഭാഗത്തും നൈസാമും ഹൈദ്രബാദ് ഗവൺമെന്റും മറുവശത്തുമായി നടന്ന കത്തിടപാടുകളെപ്പററി വിവരിക്കുന്ന ഒരു ലഘുലേഖ പകിസ്ഥാനിലെ നൈസാമിന്റെ ഏജന്റുജനറൽ പ്രസിദ്ധികരണത്തിനിറക്കിയിരിക്കുന്നു. ഈ ലഘുലേഖയുടെ ഒരു മുഖവുരയിൽ ഏജന്റുജനറൽ പ്രസ്താവിക്കുന്നതു് ഇന്ത്യയുമായുള്ള ഭാവിബന്ധമെന്ന പ്രശ്നത്തെപ്പററി മധ്യസ്ഥത ആരായുവാൻ ഹൈദ്രബാദ് ഉദ്ദേശിക്കുന്നുവെന്നാണ്. (ഏ-പി)

—o—

### ഇൻഡോ-റഷ്യൻ സൗഹാർദ്ദം വർദ്ധിപ്പിക്കാൻ

മാസ്കോ, ജൂലൈ 5—ഇൻഡ്യയും റഷ്യയും തമ്മിൽ സൗഹാർദ്ദം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ചില പുതിയ സംരംഭങ്ങൾ ഇവിടെ ആരംഭിച്ചിരിക്കുന്നു. വിദേശീയ രാജ്യങ്ങളുമായി സംസ്കാരബന്ധം പുലർത്തുന്നതിനുള്ള സോവിയററ് സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു ഇൻഡ്യൻ സംഗീതസദസ്സും ഒരു സിനിമാപ്രദർശനവും നടത്തപ്പെടുകയുണ്ടായി. പ്രസിദ്ധ റഷ്യൻകവികളും സംഗീതജ്ഞരും മററു കലാകാരന്മാരുമായി 100-ൽപരം അതിഥികൾ അതിൽ സംബന്ധിച്ചിരുന്നു. മൂന്നുമണിക്കൂർ നേരം നീണ്ടുനിന്ന ആ സംഗീതസദസ്സിനുശേഷം ഇൻഡ്യൻകലകളെപ്പററിയും സംസ്കാരത്തെപ്പററിയും മുക്തകണ്ഠം പ്രശംസിച്ചുകൊണ്ടു പല റഷ്യൻപ്രതിനിധികളും പ്രസംഗിച്ചു. ഇൻഡ്യൻസ്ഥാനാപതി മിസ്സിസ്സ് വിജയലക്ഷ്മിപണ്ഡിററ് സമുചിതമായ മറുപടിപ്രസംഗം നടത്തി. (യു. പി)


## ടാക്കീസ്

കൊല്ലം ലക്ഷ്മിടാക്കീസിൽ
എം. എം. ദണ്ഡപാണിദേശികർ, യു. ആർ ജീവരത്നം, എൻ എസ്. കൃഷ്ണൻ ററി. ഏ. മധുരം, ററി. എസ് ബാലയ്യ് മുതലായവർ അഭിനയിച്ച
**മാണിക്കവാചകർ**
എന്ന പുണ്യപുരാണതമിഴ് ചിത്രം

ചവറ കെ. സി. ടാക്കീസിൽ
അമീനാ കത്തിമൺ, മുഹമ്മദ് ഹുസ്സയിൻ, മുക്ത്താർ ബീഗം അഭിനയിച്ച
**ജംഗിൾ-കി-പുക്കാർ**

ആലപ്പുഴ ശ്രീകൃഷ്ണാടാക്കീസിൽ
സർദാർ മൻസൂർ, മധുരികനടിച്ച
**"ഷാഹി ഖജാന"**
വരുന്നു.—
ശാന്തരാരംജീവൽയാത്ര


### ഇന്ത്യാ-ചൈനാ ബന്ധം

നാങ്കിങ്ങ്, ജൂലൈ ൧൮—ചൈനയിലെ ഇന്ത്യൻസ്ഥാനാപതിയായ സർദാർ കെ. എം. പണിക്കർക്കു ചൈനീസ് വിദ്യാഭ്യാസവകുപ്പുമന്ത്രി നൽകിയ സല്ക്കാരത്തിൽ പാനോപചാരങ്ങൾക്കു മറുപടിയായി സർദാർ പണിക്കർ ഇപ്രകാരം പ്രസ്താവിച്ചു: "ഇന്ത്യയും ചൈനയും തമ്മിലുള്ള സൗഹാർദ്ദബന്ധം ഇന്നോ ഇന്നലെയോ സമാരംഭിച്ചിട്ടുള്ളതല്ല പല നൂററാണ്ടുകളായി അഭംഗം പുലർന്നുപോരുന്നതാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിനു ചൈന നൽകിയ ധാർമ്മികപിൻതുണ ഞങ്ങൾക്കു വലിയൊരു ഉത്തേജനമായിരുന്നു. ഭാവിയിലും ഈ സൗഹാർദ്ദബന്ധം അഭംഗുരമായി തുടർന്നുകൊണ്ടുപോകുമെന്നു എനിക്കു ദൃഢവിശ്വാസമുണ്ടു്. ചൈനയുടെ ഏററവും വലിയ സുഹൃത്തുക്കളിൽ ഒരാളാണു ഇന്നു ഇന്ത്യാഗവൺമെന്റിന്റെ ഭരണസാരഥ്യം വഹിക്കുന്നതു്. ചൈനയുടെ ഈ വിഷമഘട്ടത്തിൽ ഇന്ത്യയുടെ ശുഭാശംസകൾ ഉണ്ടായിരിക്കുമെന്നു ഞാൻ ഒരിക്കൽകൂടി ഉറപ്പു നൽകിക്കൊള്ളുന്നു. (യു. പി. ഐ.)

# ബ്രി: പാർലമെൻറ് ഏതു നിമിഷത്തിലും വിളിച്ചുകൂട്ടാം

## ബർലിൻ സ്ഥിതിഗതികൾ തുടർന്നു ഗുരുതരമായിരിക്കുന്നപക്ഷം

ലണ്ടൻ, ജൂലൈ ൧൭—ബർലിൻസംബന്ധിച്ചുള്ള മൂർദ്ധന്യാവസ്ഥ തുടർന്നുകൊണ്ടിരിക്കെ പാർലമെൻറ് ഏതു നിമിഷത്തിലും വിളിച്ചുകൂട്ടാൻ ബ്രിട്ടീഷുഗവൺമെൻറ് തയാറായിരിക്കുന്നു. ഈ കാലഘട്ടത്തിലേക്കു സമാപിക്കുന്നതിനുപകരം വേനൽകാലാവധിക്കായി പാർലമെൻറ് ജൂലൈ ൩൦-ാനു- മാററിവയ്ക്കുകമാത്രമേയുള്ളുവെന്നു ഇപ്പോൾ നിശ്ചയമായിരിക്കുന്നു. ഈ സമ്പ്രദായംകൊണ്ടു പാർലമെൻറിനു റേഡിയോമുഖേനയുള്ള അറിയിപ്പും പത്രത്തിലെ അറിയിപ്പുംകൊണ്ടു ഒരു ദിവസത്തെ നോട്ടീസിൽ സമ്മേളനം തുടരുവാൻ കഴിയും. രാജാവിന്റെ ഔദ്യോഗിക ഉൽഘാടനത്തോടുകൂടിയ ഒരു പുതിയ സമ്മേളനത്തിനു മൂന്നു ദിവസമെങ്കിലുമെടുക്കേണ്ടിവരും.

### ലേബർഗവ: നാലാമത്തെ വർഷത്തിലേക്കു്

ലേബർ ഗവൺമെൻറ് ജൂലൈ ൨൬-ാനു-യാണ് അതിന്റെ നാലാംവർഷത്തിലേക്കു പ്രവേശിക്കുന്നതു്. പാർലമെൻറ് പിരിച്ചുവിടുന്നതിനു മുമ്പുള്ള ഇരുപതു മാസമോ മറേറാ നടക്കുവാനിരിക്കുന്ന വലിയ തിരഞ്ഞെടുപ്പു പ്രചരണപ്രസ്ഥാനത്തിനായി രാജ്യത്തെ കക്ഷിസംഘടനകളെല്ലാം ഉണർന്നുതുടങ്ങിയിരിക്കുന്നു. തങ്ങളുടെ കഴിഞ്ഞ കാലത്തെ കാര്യങ്ങളെ അടിസ്ഥാനമാക്കിമാത്രം ഒരു പുതിയ മാൻഡേററ് ആവശ്യപ്പെടാൻ തങ്ങൾക്കു രാജ്യത്തെ സമീപിക്കുവാൻ സാധിക്കുന്നതല്ലെന്നു കക്ഷിനേതാക്കന്മാർ മനസ്സിലാക്കുന്നുണ്ടു്. പ്രതിപക്ഷത്തിലായിരുന്നപ്പോൾ വളരെ ഉപകരിച്ചു നിരവധി ലേബർ മുദ്രാവാക്യങ്ങൾ ഇപ്പോൾ പററിയതല്ലെന്നുള്ള വസ്തുതയെപ്പററി അവർക്കു നല്ല ബോധമുണ്ടു. കക്ഷിയുടെ വിജ്ഞാപനത്തിൽ പ്രസ്താവിക്കപ്പെട്ടിരുന്ന മിക്കനിയമനിർമ്മാണപദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടു്.

൧൯൪൯-൫൦ ലെ ലെജിസ്ലേററീവ് പരിപാടിക്കു് അടിസ്ഥാനം നല്കാവുന്ന പുതിയ മുദ്രാവാക്യങ്ങൾക്കും വികസനത്തിനുംവേണ്ടി ഉൽക്കണ്ഠാകുലമായി ആരായുന്നുണ്ടു്. രണ്ടാമത്തെ ഒരു "പഞ്ചവത്സരപദ്ധതി" യായിരിക്കും ഫലം. സ്റ്റേററിന്റെവക വ്യവസായത്തിൻകീഴിൽ 'മാനേഷിക'മാക്കപ്പെട്ട സമിതികളുടെ ഒരു ചിത്രം മുഖാന്തിരം വ്യാവസായികജനതയുടെയിടയിൽ പുതിയ പ്രചോദനവും ഉന്മേഷവും പ്രദാനംചെയ്യുന്നതിനുള്ള സുദൃഢമായ ഒരു ശ്രമമാണു് ഈ പദ്ധതിയുടെ കാതലെന്നു വിശ്വസിക്കപ്പെടുന്നു.

—o—

# നമ്മുടെ പത്രപ്രവർത്തകരോട്

(ജി. കേശവപിഷാരടി എം. എ. ശ്രീനാരായണകാളേജ്, കൊല്ലം)

വളരെ വിപൽക്കരമായ വിഷയമാണ് മേൽ കാണിച്ചിരിക്കുന്നത് എന്ന് എനിക്ക നല്ലതുപോലെ അറിയാം. പണമാണ് ഇന്ന പ്രാപ്തിയെ പ്രദാനം ചെയ്യുന്നത്. പത്രപ്രവർത്തകന്മാർ ആ ദേവതയുടെ ഉപാസകന്മാരാണ്. ആ ദേവത അവരിൽ പ്രസാദിച്ചിട്ടുമുണ്ട്. അതുകൊണ്ട്, പത്രപ്രവർത്തകർ പ്രാപ്തന്മാരുടെ മുന്നണിയിൽ സ്ഥാനം പിടിച്ചുകഴിഞ്ഞു. അവരുടെ ആജ്ഞാകരന്മാരായി പല നിലയിലുമുള്ള ലേഖകസൈന്യം സുസന്നദ്ധമായി സ്ഥിതിചെയ്യുന്നു. പണത്തിന്റെ തിളക്കംകാണിച്ച് കണ്ണുമഞ്ഞളിപ്പിച്ച് തുവലെടുക്കാൻകൊള്ളാത്തവരും, നാക്കിന നീളമില്ലാത്തവരുമായ എത്ര പത്രപ്രവർത്തകന്മാർ സ്റ്റീൽപേനധാരികളായ പത്രാധിപന്മാരെയും ലേഖകന്മാരെയും സ്വസൈന്യത്തിൽ ചേർത്ത് ശക്തികൂട്ടിയിട്ടുണ്ട്! ആ സൈന്യത്തിലെ സാമാന്യഭടന്മാർ സാധാരണ ആയുധങ്ങളോടുകൂടിയും ഉയർന്ന പടിക്കാർ പരിഷ്കൃതങ്ങളായി യുദ്ധോപകരണങ്ങളോടുകൂടിയും എന്റെ നേരെ വക്കാണത്തിന പുറപ്പെടുന്നത് എനിക്ക് വിഭാവന ചെയ്യാൻ കഴിയും. ഈ അക്ഷൗഹിണിയിൽ ചേരാതെ ഞാൻ മാറിനിന്നു നില്ക്കുന്നത് മറ്റൊന്നുമല്ല. സദാ സമരസന്നദ്ധരായി മരണപര്യന്തമുള്ള യാതനകളും സഹിക്കാൻ തയ്യാറായി മാത്രമേ ജീവിക്കാൻ സാധിക്കൂ എങ്കിൽ, എന്തിന നിസ്സാരമായ പ്രതിഫലത്തിന ജീവനെ പണയപ്പെടുത്തണം? ജീവിതത്തേക്കാൾ ഉന്നതമായ ആദർശപാലനത്തിന്, വ്യക്തിസ്വാതന്ത്ര്യരക്ഷയ്ക്കുവേണ്ടി ആകരുതേ?

ഈ തലക്കെട്ടുകൊണ്ട് ഞാൻ പരാമർശിക്കാൻ ഭാവിക്കുന്നത് മുഖ്യമായി പ്രതിദിനപ്പത്രങ്ങളെയാണ് എന്ന ധരിക്കുന്നതിൽ തെറ്റില്ല. എന്നാൽ, വാരികകളും മാസികകളും കൂടി ഇക്കൂട്ടത്തിൽ ഉൾപ്പെട്ടുകൂടെന്നില്ല. ഈ രണ്ടുതരം പ്രസിദ്ധീകരണങ്ങൾക്കും വലിയ വ്യത്യാസങ്ങളില്ല. ഒരു കവി പറയുന്നു.

> "സുതേസുകരയുവതീ
> സുതശതമതിമാത്രദുർഭഗം ഛട്ടതി
> കരിണീചിരേണ സുതേ
> സകലമഹീപാലലാളിതം കളഭം"

എന്ന്. പ്രതിദിനപത്രങ്ങൾ സൂകരീസുതശതങ്ങളാണെങ്കിൽ ഇതരങ്ങൾ ദുർല്ലഭങ്ങളായി ജനിക്കുന്ന കരിണീസുതരാണെന്ന് പറയാം. എങ്കിലും "അമ്മയും മോളും പെണ്ണുതന്നെ" ബാഹ്യംകൊണ്ട് വിഭിന്നം, വർഗ്ഗംകൊണ്ട് ഏകം.

പാശ്ചാത്യപരിഷ്കാരപ്രവാഹത്തിൽ ഒഴുകിവന്ന മുളച്ചു തഴച്ചു വൃക്ഷമായതാണ് നമ്മുടെ ഈ പത്രവൃക്ഷത്തിന്റെ ബീജം.

> "മൂലേ ഭുജംഗം, ശിഖരേവിഹംഗം
> ശാഖാപ്ലവംഗം, കുസുമേഷുഭൃംഗം
> വിരാജതേ ചന്ദനപാദപത്രം
> പരോപകാരാത്ഥമിദംശരീരം"

എന്ന ആപ്തവാക്യം പത്രവൃക്ഷത്തെസംബന്ധിച്ചിടത്തോളം അൽപം ശരിയാണ്. പത്രവൃക്ഷത്തിന്റെ മൂലത്തിൽ ചുറ്റിപ്പിണഞ്ഞുകിടക്കുന്നത് അതിന്റെ പ്രവർത്തകന്മാരെന്നുപറയുന്ന ഉരഗസ്ഥന്മാരാണ്. അതിന്റെ ഉന്നതശിഖരങ്ങളിൽ കൂടുകെട്ടി പാർക്കുന്നത്, ചിന്തകന്മാരും കലാകാരന്മാരുമാണ്. ശാഖതോറും ചാടിനടക്കുന്നത് സ്വാതന്ത്ര്യാദർശങ്ങളോ ചിന്തയോ ഇല്ലാതെ, അവസരസേവകന്മാരായി മതഭ്രമിതമായ മനസ്സിനെ സാമാന്യതമമാക്കി പ്രദർശിപ്പിക്കുന്ന ലേഖകലോകമാണ്. ചുമതലാബോധമില്ലാതെ തരം ലൗകികമായി തങ്ങൾക്കനുഭവിക്കുന്ന പരിമിതമായ സുഖം കൊതിച്ചുനടക്കുന്ന കാമുകന്മാരെപ്പോലെ മദോന്മത്തരായി മൂളി മധുപാനംചെയ്യുപറക്കുന്ന വണ്ടുകളാണ് രസികന്മാരെന്നോ വിമർശകന്മാരെന്നോ നടിക്കുന്ന സാമാന്യ പത്രവായനക്കാർ.

പ്രകൃതിശാസ്ത്രജ്ഞന്മാർ ഒരു വൃക്ഷത്തെപ്പറ്റി പരിചിന്തനംചെയ്യുന്നത് അതിന്റെ ഉത്ഭവം, വളർച്ച, ആകൃതി, പ്രകൃതി, പ്രത്യേകത, ഫലം മുതലായവ വീക്ഷിച്ചാണ്. ജീവിതളമിയിൽ ഭാവനാബീജം കൊണ്ടുമുളച്ച്, പ്രയോജനത്തിനൊത്തവണ്ണം തഴച്ച് വിനോദവിജ്ഞാനങ്ങളാകുന്ന പുഷ്പഫലങ്ങൾ വഹിച്ചുനില്ക്കുന്ന പത്രവൃക്ഷത്തെപ്പറ്റി നമുക്കും അതേരീതിയിൽ പഠിക്കാൻ തുടങ്ങാം.

പാശ്ചാത്യദേശത്തു സമൃദ്ധിയായുണ്ടാകുന്ന ഈ വൃക്ഷം ഒരു നാഗരികസന്താനമാണ്. അതായത് മനുഷ്യൻ സ്വപ്രയത്നംകൊണ്ട് സ്വേച്ഛപോലെ വളർത്തിയിട്ടുണ്ടെന്നർത്ഥം. ഏതെങ്കിലും വൃക്ഷം പ്രത്യേകമായ ഉപയോഗമുണ്ടെന്ന കണ്ടിട്ടാണ് അതു കൃഷിചെയ്യാൻ തുടങ്ങുക. ഈ വൃക്ഷം കൃഷിചെയ്യാൻ തുടങ്ങിയത്, പൊതുതാല്പര്യസംരക്ഷണത്തിന് ആകാംക്ഷയുള്ളവരാണ്. സാമൂഹ്യബോധം വളർത്തി സമുദായപരിഷ്കാരം സരസമായി സാധിക്കുന്നതിന് അവർ പത്രത്തെ ഒരു ഉപകരണമാക്കി. കാലക്രമേണ അതു ഫലപ്രദമായിത്തീർന്നു. രാഷ്ട്രീയപരിഷ്കാരത്തിനും, പ്രസിദ്ധീകരണത്തിനും, വൃത്താന്തവിതരണത്തിനും ഇതു ഉപകരിച്ചു.

ഇന്ത്യയിൽ ഈ വൃക്ഷം ആദ്യം കൃഷിചെയ്യാൻതുടങ്ങിയത് ആംഗ്ലോ ഇന്ത്യൻ ജനതയാണ്. പൊതുതാല്പര്യംവിട്ടു സ്വാപക്ഷക്കാരായ സ്വസമുദായത്തിന്റെ താല്പര്യങ്ങളെ സംരക്ഷിക്കുവാനായിട്ട് അവർ ഈ വൃക്ഷംനട്ടുപിടിപ്പിച്ചു. വരുംവരായ്കനോക്കാതെ, തല്ക്കാലനന്മ ആശിച്ചു ഭ്രമിക്കുന്ന ചിലർ ഈ വൃക്ഷം കൃഷിചെയ്യുതുടങ്ങി. അവരുടെ ലക്ഷ്യം സങ്കുചിതമായി പൊതുനന്മ, സമുദായനന്മ, വ്യക്തിനന്മ എന്ന മട്ടാകുകയും ചെയ്തു. നോക്കുക, ചന്ദനമരം കാട്ടുചെടിയാക്കി വിറകിനുവേണ്ടി മുറിക്കുവാനും തുടങ്ങി.

ഇന്ന പത്രപ്രവർത്തകർക്ക് സംഘടനയുണ്ട്. അവരുടെ അനുവാദമുദ്ര വഹിക്കാത്ത ലേഖനങ്ങൾ പത്രപംക്തിയിൽ കാണുകയില്ല. ലേഖകന് ഒരു ആദർശമുണ്ടെങ്കിലും ഇല്ലെങ്കിലും, അയാൾക്ക് ലോകത്തെ അറിയിക്കാൻ വല്ലതും ഉണ്ടെങ്കിലും ഇല്ലെങ്കിലും, അയാൾ പറയുന്നത് സ്വാതന്ത്ര്യാഭിപ്രായമായാലും, അല്ലെങ്കിലും പത്രപ്രവർത്തകരുടെ അനുമതിയില്ലെങ്കിൽ ലേഖനത്തിന സ്ഥാനമില്ല.

പത്രങ്ങൾ പൊതുജനാഭിപ്രായ പ്രകാശകങ്ങളാണ്. പക്ഷേ, പത്രപ്രവർത്തകർ പൊതുതാല്പര്യസംരക്ഷകരായിരിക്കുന്നമെന്നു വിശ്വസിനീയമല്ല. ഇന്ന പത്രപ്രവർത്തകർ സ്വകാര്യതാല്പര്യങ്ങളെ കൺകെട്ടുവിദ്യകൊണ്ട് പൊതുതാല്പര്യങ്ങളായി കാണിച്ച് പത്രധർമ്മത്തെ വ്യഭിചരിപ്പിക്കുന്നു. അതു ജീവിതം അപകടത്തിലാക്കുമെന്ന പ്രത്യേകം ഓർമ്മിക്കുന്നു.

അസ്വാതന്ത്ര്യമായ നമ്മുടെ നാട്ടിൽ ഭരണാധികാരിക്ക അപരിമിതമായ അധികാരമുണ്ടായിരുന്നു. അയാൾ സേച്ഛാധികാരം നടത്തിയിരുന്നെങ്കിൽ മറ്റുള്ളവരുടെ ഇടയിൽ പരസ്പരമാത്സര്യം വളർത്താൻ അനുവദിച്ചില്ല. പാശ്ചാത്യസിദ്ധാന്തപ്രകാരം സ്വാതന്ത്ര്യായിത്തീർന്നതും ഭരണകർത്താക്കളുടെ അധികാരം വെട്ടിക്കുറച്ചു പരിമിതമാക്കിയിട്ടുണ്ട്. അവർ പരസ്പരമാത്സര്യത്തിൽ നിഷ്പക്ഷമായി മാദ്ധ്യസ്ഥം വഹിക്കാൻ നിവൃത്തിയില്ലാതെവന്നിട്ടുണ്ട്. പാശ്ചാത്യദേശങ്ങളിൽ ഭരണാധികാരികൾക്കുള്ളതാണ് ബലം പത്രപ്രവർത്തകർക്കാണ്. രാഷ്ട്രീയപരിണാമം നമ്മുടെ നാട്ടിലും ആ നില സൃഷ്ടിച്ചു എന്നതിന് ഒരു ദൃഷ്ടാന്തം പറയാം. ആദർശമൂർത്തിയും, സ്വാഭിമാനി, ധീരകേസരി, ശ്രീമാൻ രാമകൃഷ്ണപിള്ളയെ രാജഗോപാലാചാരിയുടെ ഗവർമ്മെന്റ് നാടുകടത്തി. ഇന്നാകട്ടെ സർ സി. പി. രാമസ്വാമിഅയ്യർ കണ്ടുകെട്ടിയ മനോരമ സ്റ്റേറ്റ്കോൺഗ്രസ് ഗവർമ്മെന്റ നഷ്ടപരിഹാരംകൊടുക്കാൻ താല്പര്യം പ്രകടിപ്പിക്കുന്നു!

സ്വകാര്യതാല്പര്യ സംരക്ഷകരുടെ യുക്തിവാദങ്ങളുടെ പൊള്ളത്തരം നാട്ടുകാർ കാലാന്തരത്തിൽ മനസ്സിലാക്കാതിരിക്കയില്ല. ആത്മശുദ്ധിക്ക പകരം ബുദ്ധിശക്തികൊണ്ട് അവർ ഉണ്ടാക്കിയിട്ടുള്ള ആകർഷണീയങ്ങളായ ഹർമ്മ്യങ്ങൾ മണലുകളാണെന്ന വസ്തുത ഇന്നത്തെ സ്വപ്നങ്ങളിൽനിന്നും ഉണരുമ്പോൾ നമുക്ക ബോദ്ധ്യംവരും. അതിനുമുമ്പു പത്രപ്രവർത്തകർ ആത്മപരിഷ്കാരത്തിനൊരുങ്ങുന്നതു ഇക്കൂട്ടരുടെയും ഭാവിഭാഗ്യത്തിന് അത്യന്താപേക്ഷിതമാണ്.

—o—

## മത്സ്യം വിമാനത്തിൽ കൊണ്ടുവന്നു വില്ക്കുന്നു

കൽക്കത്താ, ജൂലൈ 24—കൽക്കത്തായിൽ വില്പനയ്ക്കായി പച്ചമത്സ്യം പൂർവ്വബംഗാളിൽനിന്ന് വിമാനമാർഗ്ഗം ഇവിടെ കൊണ്ടുവരുന്നത് ഒരു പതിവായിത്തീർന്നിരിക്കുന്നു. 80 മന്ന മത്സ്യം "കോമില്ലാ"യിൽനിന്ന് ഓരോ പ്രഭാതത്തിലും മുക്കുവരോട്ട വാങ്ങിച്ച് ഉച്ചയ്ക്കുമുമ്പായി വിമാനത്തിൽ ഇവിടെ കൊണ്ടുവന്നു വലിയ വിലയ്ക്കു വില്പന നടത്തിക്കൊണ്ടിരിക്കയാണ്. കൽക്കത്താപട്ടണത്തിൽ ദിവസേന 2,000 മന്ന് മത്സ്യം ചിലവുണ്ട്. അതിൽ പകുതിയും പൂർവ്വബംഗാളിൽനിന്നാണ് വന്നുചേരുന്നത്. ഈ വ്യവസായം വിമാനമാർഗ്ഗം നടത്തുന്നതിന വേണ്ട സഹായങ്ങൾ ഗവർമ്മെന്റ വാഗ്ദാനംചെയ്തിരിക്കുന്നു. (യു. പി)

## 400 ഇന്ത്യൻരൂപയ്ക്കു 200 ഹൈദ്രബാദ്രൂപ

ഹൈദ്രബാദ്, ജൂലൈ 24—ഇന്ത്യൻ നാണയങ്ങൾ ഹൈദ്രബാദിന നഷ്ടംവരുത്തിനെ നിയന്ത്രിച്ചുകൊണ്ടുള്ള റിസർവ് ബാങ്ക് നടപടിയുടെ ഫലമായി ഹൈദ്രബാദിൽ ഇന്ത്യൻരൂപാനാണയത്തിന വളരെ പ്രിയംകുറഞ്ഞിരിക്കുന്നു. നൂറ് ഇന്ത്യൻരൂപായ്ക്കു ഇരുനൂറ് ഹൈദ്രബാദുരൂപ എന്നതോതിൽ വിനിമയനിരക്ക വർദ്ധിപ്പിച്ചുകൊണ്ടാണ് ഇപ്പോൾ ബ്ലാക്ക മാർക്കറ്റുകളിൽ വ്യാപാരംനടക്കുന്നത്. (യു. പി)

—o—

## ഉടനെ ആവശ്യമുണ്ട്

ഇൻഡ്യാ നാഷണൽ ആർമിയിൽ ചേരുവാൻ എല്ലാം കോടിലുമുള്ള വിമുക്തഭടന്മാരെ ഉടനെ ആവശ്യമുണ്ട്. വിമുക്തഭടന്മാർക്ക് ചേരുന്ന അവസരത്തിലുള്ള പട്ടാളക്കാരുടെ ബേസിക് ശമ്പളത്തിന്റെ 30 ശതമാനം ഡിസ്ചാർബൻസ് അലവൻസ് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് താഴെപ്പറയുന്ന മേൽവിലാസത്തിൽ നിങ്ങളുടെ ഏറ്റവും അടുത്തുള്ള റിക്രൂട്ടിങ്ങ് ആഫീസിൽ അപേക്ഷിക്കുക.

1) ഡി റിക്രൂട്ടിങ്ങ് ആഫീസർ, ബോഡ്സൺസ് കാർണർ, റസിഡൻസിറോഡ്, ബാംഗ്ലൂർ.

2) അസി: റിക്രൂട്ടിങ്ങ് ആഫീസർ, ഓൾഡ് സി. എം. എച്ച്. ബിൽഡിംഗ്സ് കോയമ്പത്തൂർ.

3) അസി: റിക്രൂട്ടിങ്ങ് ആഫീസർ, പുഴപ്പേട്ട്, മദ്രാസ്.

4) അസി: റിക്രൂട്ടിങ്ങ് ആഫീസർ, ഷെല്ലവ് ലൈൻസ്, തൃശ്ശിനാപ്പള്ളി.

(അഞ്ചാംപേജിൽനിന്നും തുടർച്ച)

> പിതുരധികേ വിദ്യാഭഃ
> ശ്രുതസ്തോത്രണന്നാത്യക്തഃ'
> 'സമ്പൂർണ്ണചന്ദ്രമാഃ കേന്ദ്രേ
> ബലാന്വിതോ ഗുരുവീക്ഷിതഃ
> ശുക്രകേന്ദ്രാംശഃ കർത്താ
> ജാതകം രാജസേവിതം'

എന്നൊക്കെയുള്ള പ്രമാണങ്ങളും ഇവിടെ സ്മരണീയമാണ്. രാജ്യകർമ്മാധിപന്മാരുടെ പരസ്പരദൃഷ്ടി, മൗഢ്യരഹിതനും ഉച്ചാംശകസ്ഥനുമായ ബുധന്റെ രണ്ടാംഭാവസ്ഥിതി മുതലായവയും ജാതകത്തെ അസാധാരണതപമുള്ളതാക്കിത്തീർക്കുന്നു.

7-ലെ ഗുളികയുക്തനായ കേതു, 4-ലെ ചൊവ്വ, 8-ലെ ശനി, 6-ലെ നീചസ്ഥനായ വ്യാഴം എന്നിവയുടെ ഫലമായി, ശത്രുതാപങ്ങളും ധനവ്യയങ്ങളും അപവാദങ്ങളും ബന്ധനവുമെല്ലാം ജാതകനെ പീഡിപ്പിച്ചിട്ടുണ്ടെങ്കിലും, യോഗകാരകനായ ചന്ദ്രൻ അവയെയൊക്കെ അതിജീവിക്കുവാനുള്ള ഭാഗ്യവും ധൈര്യവും ബുദ്ധിശക്തിയും പ്രദാനംചെയ്തു വിജയിക്കുന്നു.

രാജാജിയുടെ ജാതകപ്രകാരം 1121 സെപ്തംബർ മാസത്തിൽ ബുധദശയിലെ ശുക്രാപഹാരമാരംഭിച്ചു. ഇതിലെ സ്വാഭാവികമായ ശുഭത്തിൽ പശ്ചിമബംഗാൾഗവർണ്ണറെന്ന സ്ഥാനത്ത് ജാതകൻ അവരോധിക്കപ്പെട്ടു. 1948 ഏപ്രിൽ 24 മുതൽ ജൂലൈ 28 വരെ ശുക്രാപഹാരത്തിലെ ചന്ദ്രഛിദ്രമാണ് ഈ ഛിദ്രത്തിലു് തിങ്കളും പൗർണ്ണമിയും കൂടിയ ജൂൺ 21-ാം തീയതി ചന്ദ്രസിദ്ധമായ 'ഭൂപാലയോഗ'ത്തെ സമ്പൂർണ്ണമാക്കത്തക്കവണ്ണം ഇന്ത്യായൂണിയന്റെ ഗവർണ്ണർ ജനറൽ എന്ന മഹോന്നതപദം ജാതകന സിദ്ധിച്ചു. 1950 ജൂലൈ വരെ നീണ്ടുനിൽക്കുന്ന ശുക്രാപഹാരം രാജാജിയുടെ ജീവിതത്തിലെ ഒരു വിജയഘട്ടംതന്നെ ആയിരിക്കും. ഇന്ത്യയുടെ രാഷ്ട്രീയാന്തരീക്ഷത്തിൽ കടന്നുകൂടിയിട്ടുള്ള പല ദുർഘടപ്രശ്നങ്ങൾക്കും സമുചിതമായ പരിഹാരങ്ങളുണ്ടാക്കി ഭാരതത്തിന്റെ അഭിമാനവും സംസ്കാരവും പരിപാലിച്ചു വിജയിക്കുവാൻപോരുന്ന ശുക്രാപഹാരത്തിലെ അന്തരകാലങ്ങൾ ഐക്യത്തിന്റെയും ഐശ്വര്യത്തിന്റെയും ഉദയവേളയായി പരിലസിക്കുവാൻ ജഗദീശ്വരൻ അനുഗ്രഹിക്കട്ടെ.

കേരളീയജ്യോതിഷമാസിക

—o—

## എന്റെ ഗാനം

കൈപ്പള്ളിൽ കൃഷ്ണപിള്ള ബി. എ.

ജീവിതപ്പുലരിതൊട്ടിന്നോളം ഭവദീയ-
ലാവണ്യപ്രകീർത്തനഗാനങ്ങൾ രചിച്ച ഞാൻ
ഇന്നിതാ, രാഗം, രൂപം, താളവുംമറന്നേവ-
മന്യൂന നാദാത്മകചേതനാനിലീനനായ്
വാചികകലാരംഗഭംഗികൾകൈവിട്ടേറെ-
വാടിയ വാസന്തികത്താരായിച്ചമഞ്ഞല്ലോ!
എന്തിനെന്നവിവേകബദ്ധാന്തകളാഡംബര-
ച്ചിന്തുപാടുവാനിനിഞാനൊരുങ്ങുകയില്ല!
ഭാവൽക്കഭാവങ്ങളെപ്പാട്ടായിപ്പകർത്തുവാൻ
ഭാവിക്കുമെനിക്കവ ഭാരമായ്ച്ചമഞ്ഞേയ്ക്കാം!

നിന്നെനീയായിക്കാണാൻ, നിന്നിലെന്നെയുംകാണാൻ
നിർണ്ണയമാഡംബരം കൈവെടിഞ്ഞാലേ പറ്റൂ!
മാമകപദാരവം താവകമൃദുസ്മേര-
മാധുര്യസുധാരസാസ്വാദനപ്രാവീണ്യത്തെ
എന്നിൽനിന്നകറ്റിയാലായി മറ്റൊരു മേന്മ-
വന്നിടില്ലീമട്ടിലെൻ ഗാനനിർഝരിപാഞ്ഞാൽ!

ചാരുവാം തവരൂപദർശനനിമേഷത്തിൽ-
സ്സ്മരനെക്കാണുംപടിനീരുഞാൻ കലാകാരൻ!
വിശ്വസുന്ദരകവേ, നിൻപാദാന്തികപ്രാപ്തി
നശ്വരഗാനപ്രേമമെന്നിൽനിന്നകറ്റുകിൽ
ജീവിതംമദീയ, മാമട്ടിൽനിന്നമേയമാം
ഗീതപൂരിതവേണുനാദമായ് ത്രസിക്കുകിൽ,
അന്നുഞാൻ കലാകാരനന്നുഞാൻ കവീശ്വര-
നന്നുഞാനലൗകികപ്രേമത്തിൻ പ്രവാചകൻ!

(നാലാംപേജിൽനിന്നും തുടർച്ച)

ന്നതായി മനസ്സിലാകുമ്പോൾ ടിറ്റോവിന്റെ പ്രവർത്തനമഹത്വം നമുക്ക് ഊഹിക്കാവുന്നതാണ്.

1941 ഏപ്രിൽമാസത്തിൽ ജർമ്മൻകാർ അപ്രതീക്ഷിതമായ ആക്രമണം നടത്തി. ബാംബുകളുടേയും പ്രഹരമേററ് മറിയുന്ന ഒരു വീടോ ഓടുന്ന ഒരു തീവണ്ടിയോ അംഗഭംഗംവന്ന ഒരു മനുഷ്യനോ അവിടെ ഉണ്ടായിരുന്നില്ല. ആ കൊല്ലത്തിൽ തന്നെ പോൾരാജാവ് യൂഗോസ്ലേവിയായെ ഹിററ്ലർക്ക് കാഴ്ചവെയ്ക്കുകയും, ഫാസിസ്റ്റുകളുമായി ഒരു സന്ധി ചെയ്യുകയും ചെയ്തു. ബൽഗ്രേഡിലെ ജനങ്ങൾ ഈ വഞ്ചനയ്ക്കെതിരായി വമ്പിച്ച പ്രകടനങ്ങൾ നടത്തി.

ബാംബേറിന്റെ ഫലമായി ടിറ്റോയുടെ വസതി പൊളിഞ്ഞുവീണു. അദ്ദേഹത്തിന്റെ കൂട്ടുകാർ ഓടിവന്നെത്തി, മേൽക്കൂര എടുത്തുമാററി ടിറ്റോയെ വലിച്ചെടുത്തു. ഒരു ദീർഘനിശ്വാസത്തിനുശേഷം അദ്ദേഹം ചോദിക്കുകയാണ്, "അപ്പോൾ ഞാൻ മരിച്ചില്ല അല്ലേ?", അതിനുശേഷം അവർ അവിടെനിന്നും അടുത്തുള്ള ഒരു വനസങ്കേതത്തിൽ മറഞ്ഞു.

നാസികളെ നശിപ്പിച്ച് സ്വാതന്ത്ര്യം കരഗതമാക്കേണ്ടതു തങ്ങളുടെ കടമയായി അവർ കരുതി. ആയുധം ശേഖരിക്കാനും ആളുകളെ അണിനിരത്താനും അവർ പ്ലാൻ തയ്യാറാക്കി. ടിറ്റോ ബൽഗ്രേഡിൽ പോയി ആന്റിഫാസിസ്റ്റ് സംഘടനകളുമായി ബന്ധംപുലർത്തി. സഹപ്രവർത്തകനായ മാൻസിച്ച് ജർമ്മൻകാരുടെ ജലവിതരണമേധ്യന്റെ ഡ്രൈവറായിചേർന്നു. ഗ്രാമങ്ങളിൽനിന്ന് പട്ടണത്തിലേക്ക് വെള്ളംകൊണ്ടുവരികയും തിരിയെപോകുമ്പോൾ പഴയതാവളത്തിന്റെ ആയുധശാലകളിൽനിന്ന്; ആയുധങ്ങൾ സംഭരിച്ചുകൊണ്ട് രഹസ്യസങ്കേതങ്ങളിൽ നിക്ഷേപിച്ചു. അങ്ങനെ അവരുടെ കർത്തവ്യം കാര്യക്ഷമമായി നിർവഹിച്ചു. പക്ഷേ കുറച്ചുദിവസങ്ങൾക്കകം കള്ളി പുറത്താകുകയും രഹസ്യസങ്കേതങ്ങൾ വെളിപ്പെട്ടതോടെ ധൈര്യം കാണിച്ച മാൻസിച്ച് ഉൾപ്പെട്ട ഇരുപത്തഞ്ചു ഡ്രൈവർമാരേയും വെടിവച്ചുകൊന്നു.

ശത്രുവിനെ എതിർത്തു തോല്പിക്കുവാൻ ഒരു കൂട്ടായ പരിപാടി ഇട്ടു. ശത്രുവിനെതിരായി അണിനിരക്കാൻ അവർ നാട്ടുകാരോടഭ്യർത്ഥിച്ചു.

1941 ജൂൺ 5-ാംതീയതി ആദ്യമായി ടിറ്റോയുടെ സൈന്യം ശത്രുവിനെ ആക്രമിച്ചു. അവിചാരിതമായ ഈ അടി ശത്രുവിനു ശരിക്കുകൊണ്ടു. ശത്രുപക്ഷത്തു കൂടുതൽ സൈന്യങ്ങൾ അണിനിരന്നപ്പോൾ അവർ വനത്തിൽ മറഞ്ഞു. ജൂൺ അവസാനത്തിൽ ജർമ്മനി റഷ്യയുമായി ഏററുമുട്ടി. ജർമ്മനിക്കു കൂടുതൽസൈന്യത്തെ അങ്ങോട്ടയക്കേണ്ടിവന്നു. ഈ അവസരത്തിൽ ടിറ്റോയുടെ പാർട്ടിസാൻ വീരന്മാർ ആവേശത്തോടുകൂടി പൊരുതി. ആശ്ചര്യത്തോടും ആവേശത്തോടും ആ നാട്ടിലെ യുവതീയുവാക്കന്മാരും തൊഴിലാളികളും ശത്രുവിനെ കടപുഴക്കാൻ പാർട്ടിസാൻസേനകളിൽ അണിനിരന്നു. നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നും ശത്രുവിനെ തുരത്തി. വേണ്ടത്ര ആയുധമോ പരിശീലനമോ ഇല്ലാത്ത ജനതതി, സ്വാതന്ത്ര്യതൃഷ്ണയാൽമാത്രം പ്രേരിതരായി നടത്തിയ, ആ ചരിത്രം സൃഷ്ടിച്ച സമരം, ആർക്കാണ പ്രചോദനം നൽകാത്തതു?

1943 ആദ്യത്തിൽ ഇററാലിയർ ചേർന്ന, നശീകരണായുധവിദഗ്ദ്ധകൾ ഉൾപ്പെട്ട ഒരു വമ്പിച്ച സൈന്യം പാർട്ടിസാന്റെ നേരേ ഭയങ്കരമായ ബോംബാക്രമണം നടത്തി. അതിനെ നേരിടുവാൻ സാദ്ധ്യമല്ലാതിരുന്നതിനാൽ, ടിറ്റോവിന്റെ സൈന്യം പരുക്കേററ 4,000 പേരേയും വഹിച്ചുകൊണ്ടു പിൻവാങ്ങി. മരിച്ച കുതിരകളുടെ പച്ചമാംസംതിന്നവർ കഴിച്ചുകൂട്ടി. പരുക്കേററവരെ രക്ഷിച്ചതിൽ ടിറ്റോ കൃതാർത്ഥനായി.

1943, ജൂൺമാസത്തിൽ ടിറ്റോവിന്റെ പട്ടാളകേന്ദ്രങ്ങളെ ലക്ഷ്യമാക്കി ജർമ്മൻകാർ ബോംബാക്രമണം നടത്തി. അതിലൊരെണ്ണം ടിറ്റോയുടെ വസതിയിലും വന്നുവീണു. ഒരു നായകനായ ഡീക്കിന്റെ കാലിലും, ടിറ്റോയുടെ കൈകയ്യിലും, കേണൽ ഡ.ലീയരുടെ തലയിലും, അദ്ദേഹത്തിന്റെ ഭാര്യ മേജർ ഓൾഗായുടെ ഇടതുകൈയ്യിലും സാരമായ പരുക്കുകളേററു. ഔഷധങ്ങളുടെ അഭാവത്താൽ പച്ചിലകളുടെ ചാറുകൊണ്ടു ഡ്രസ്സുചെയ്തുകൊണ്ടവർ പൊരുതി. മേജർഓൾഗായുടെ കൈ മുറിക്കേണ്ടിവന്നു. എന്നിട്ടും അവർ വീറോടെ ശത്രുവിനെ എതിർത്തുനിന്നു. അടുത്തപ്രഭാതത്തിൽ വെറും ഇരുപത്തെട്ടുവയസ്സായ ആ യുവതി രക്തസാക്ഷിയായി. ഇങ്ങനെ എത്രഎത്ര...

ജർമ്മൻകാർ അവിടെ നടത്തിയിട്ടുള്ള കൂട്ടക്കൊലകൾ അനവധിയാണ്. ഒരിക്കൽ 10 ഫാസിസ്ററുകാരെ കൊന്നതിനു മജിസ്ട്രേട്ടന്മാർ, പ്രൊഫസറന്മാർ തുടങ്ങിയ 8,000 പേരെ പിടിച്ചുകൊണ്ടുപോയി, 40 വീതമുള്ള സ്ക്വാഡുകളായി തിരിച്ചു കൊന്നൊടുക്കി. പിറേറദിവസം "2300 കമ്മ്യൂണിസ്റ്റ് അക്രമികളെ നാസികൾ വധിച്ചു"എന്ന ഒരു പരസ്യം എഴുതി ചുവരുകളിൽ ഒട്ടിച്ചിരുന്നു.

മനോഹരചിന്തയ്ക്കതീതമായ ഈ മർദ്ദന സംവിധാനങ്ങൾകണ്ടു വിരളിപിടിക്കാതെ ടിറ്റോയും തന്റെ അനുയായികളും മുന്നോട്ടുനീങ്ങി. കാൽഭാഗം സ്ത്രീകൾ ഉൾപ്പെട്ട പാർട്ടിസാൻപട 1943 ഒടുവിലായപ്പോഴേയ്ക്കും യൂഗോസ്ലാവിയായുടെ മൂന്നിൽ രണ്ടുഭാഗം കൈവശപ്പെടുത്തി. രണ്ടരലക്ഷംവരുന്ന ആ സൈന്യത്തിൽ കാൽഭാഗം സ്ത്രീകളാണെന്നറിയുമ്പോൾ ആ നാട്ടിലെ രാഷ്ട്രീയപ്രബുദ്ധതയെപ്പററി ചിന്തിക്കാമല്ലോ.

യൂഗോസ്ലാവുജനത തങ്ങളുടെ മാംസവും രക്തവുംകൊണ്ടു സ്വാതന്ത്ര്യം സമ്പാദിച്ചു. അധികാരത്തിലെത്തുമ്പോൾ അവശരെ മറക്കുന്ന പതിവ് അവിടത്തെ നേതാക്കന്മാർക്ക് ഇല്ലായിരുന്നു. ഒന്നാംലോകമഹായുദ്ധത്തിലും, റഷ്യയിലെ ആഭ്യന്തരസമരങ്ങളിലും റഷ്യയിലെ സോഷ്യലിസ്ററുവിപ്ലവത്തിലും തനിക്കുകിട്ടിയ നേരിട്ടുള്ള അറിവിനെ തന്റെ മാതൃഭൂമിയെ സ്വതന്ത്രയാക്കുന്നതിനു ടിറ്റോ വിനിയോഗിച്ചു. പ്രത്യേകിച്ചു 6 ലക്ഷം മെമ്പറന്മാരുള്ള യൂഗോസ്ലേവിയാ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അനിഷേധ്യനേതാവും പൊതുവേ ലോകത്തിലുള്ള കമ്മ്യൂണിസ്ററുപാർട്ടികളുടെ നായകന്മാരായി ടിറ്റോ ഇന്നു പരിചയിക്കുന്ന പ്രതിഫലംകൊടുക്കാതെ രണ്ടരലക്ഷം ഭടന്മാരെ പരിശീലിപ്പിക്കുന്നതിനും അവരെക്കൊണ്ടു അഞ്ചരലക്ഷം ഫാസിസ്ററുകളെ നശിപ്പിക്കുന്നതിനും ടിറ്റോയ്ക്കു അധികം കഷ്ടപ്പാടനുഭവിക്കേണ്ടിവന്നില്ല. ഇത്രയും തന്ത്രജ്ഞനായ ഒരു നേതാവു തമ്മിൽതല്ലിക്കൊണ്ടിരുന്ന, സെർബ്യ്, ക്രോട്ട്, മാണ്ടിനിഗ്രൂ, സ്ലോവിന്യർ, മാസിഡോണിയർ എന്ന 5 ജനവിഭാഗത്തെ കൂട്ടിയിണക്കി സാഹോദര്യം സ്ഥാപിക്കാൻ കഴിഞ്ഞതിൽ അത്ഭുതത്തിനവകാശമില്ലതന്നെ. അവിടത്തെ ആഭ്യന്തരമന്ത്രി ഒരു പാതിരിയച്ചനാണെന്നറിയുമ്പോൾ കമ്മ്യൂണിസ്ററുകൾ മതസ്നേഹികളെ വെറുക്കുന്ന വാദം അടിസ്ഥാനരഹിതമാണെന്നു ആർക്കും മനസ്സിലാകുന്നതാണ്.

1945-ൽ നടന്ന ജനഹിതപരിശോധനയിൽ രാജാവിന്റെ ആവശ്യം ഇല്ലായെന്നു ജനങ്ങൾ പ്രഖ്യാപിച്ചു. പിന്നീടു സിംഹാസനാരോഹണംചെയ്യാൻ പീററർ രാജാവും മററ പിന്തിരിപ്പന്മാരും നടത്തിയ പരിശ്രമം പരാജയത്തിൽതന്നെ കലാശിച്ചു. നാട്ടിനേയും വിമോചനപ്പടയേയും വഞ്ചിച്ച മൈഹലോവിച്ചിനെ മൂന്നാഴ്ച നീണ്ടുനിന്ന പരസ്യമായ വിസ്താരത്തിനുശേഷം വധശിക്ഷയ്ക്കു വിധിച്ചു. നാട്ടിനെ ഒററിക്കൊടുക്കുന്നവരുമായി സന്ധിചെയ്യുന്ന പ്രശ്നം മാർഷൽ ടിറ്റോവിനു അപരിചിതമായിരുന്നു. ജന്മിത്വം അവസാനിപ്പിച്ചു, വൻകിടവ്യവസായങ്ങൾ ബാങ്കുകൾ മുതലായവ ദേശീയമാക്കിയും, സാമ്പത്തികവും, സാംസ്കാരികവും സാമൂഹ്യവുമായ പരിവർത്തനങ്ങളിൽ കൂടി യൂഗോസ്ലേവിയാ മുന്നോട്ടു പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എല്ലാവർക്കും ജോലിയും, ജീവിക്കാനുള്ള പ്രതിഫലവും, എല്ലാവർക്കും വിദ്യാഭ്യാസവും നൽകുന്ന സമത്വസുന്ദരമായ ഒരു യൂഗോസ്ലേവിയാ ഉദയം ചെയ്തിരിക്കുന്നു. അവരുടെ നേതാവും പ്രധാനമന്ത്രിയുമായ മാർഷൽ ടിറ്റോയെ ലോകത്തിലുള്ള മർദ്ദിതജനവിഭാഗങ്ങൾ മാത്രമല്ല, ചർച്ചിൽതുടങ്ങിയ യാഥാസ്ഥിതികർപോലും പുകഴ്ത്തുന്നു. ലണ്ടൻ ടൈംസ് അദ്ദേഹത്തെപ്പററി പറയുന്നതു നോക്കുക. "മാർഷൽ സ്റ്റാലിൻ റഷ്യയിൽ എത്രമാത്രം ബഹുമാനിക്കപ്പെടുന്നുവോ അത്രതന്നെ ടിറ്റോ യൂഗോസ്ലേവിയായിൽ ബഹുമാനിക്കപ്പെടുന്നു. മാത്രമല്ല ടിറ്റോയും യൂഗോസ്ലേവുകാരും തമ്മിൽ ഹൃദയസ്പർശിയായ സൗഹൃദബന്ധവുംകൂടിയുണ്ടു".

* "മാർഷൽ ടിറ്റോ" എന്ന പുസ്തകത്തിൽനിന്നു.

—o—

# തകന്ന നിറകുടം

കെ. ജി പിള്ള, 'ചിത്രഭാനു'പത്രാധിപർ

മുകളിലൊരാകാശ,മടിയിൽമരുഭൂമി
പരിസരംപാടേ നിരാശാജന്യം,
അവിടൊരു 'ചങ്ങമ്പുഴ'യിൽ ശിശുവായി-
ട്ടവതാരമാന്നൊരു കുട്ടിക്കൃഷ്ണൻ!
കരകേററാൻകഴിവുള്ള കരമൊന്നുംകണ്ടില്ല-
പ്പുഴയിലേ ശിശുവിനൊരാലംബമായ്,
ചെറുകാലും കയ്യുമടിച്ചുസ്വയംനീന്തി-
ക്കരപററിയപ്പൈത,ലീറൻമാറി;
മരുഭൂമി — മറുകര കാണാത്തമരുഭൂമി!
നെട്ടനീളംകൺമുൻപിൽക്കണ്ടപൈതൽ,
അതുതാണ്ടാനവിടെയുമവനില്ലൊരവലംബ-
മശരണൻശിശുവതും വകവച്ചില്ലാ
അരയുംതലയുംമുറുക്കിച്ചെറുപൈതൽ
തെരുതെരെയടിവച്ചു നടതുടർന്നു!
പലകാതംപിന്നിട്ടങ്ങലയും കുമാരനു
വഴിവക്കിലൊരുവിദ്വാൻകൂട്ടുകിട്ടീ,
അവനുമാ മരുഭൂമിയഴലാന്നു താണ്ടിട്ടും
പഥികസഹൃദയനായിരുന്നു.
അവർതമ്മിലനുഭവംപലതുംപറഞ്ഞുകൊ-
ണ്ടവിരളാനന്ദം നടന്നിടുമ്പോൾ
ഒരുചെറുമത്സരം — "മരുഭൂമിയതിവേഗം
തരണംചെയ്യുന്നതുനീയോ,ഞാനോ?"
ഇരുവരും ദ്രുതമായി,നടയായിടപ്പിള്ളി-
സ്സുഹൃജർ,സഹൃദയർ,നിസ്സഹായർ!
സരസൻ'രമ്യവീരൻ'മുന്നേറിപ്പോകിലും
പുറകേവിരഞ്ഞെത്തി കുട്ടിക്കൃഷ്ണൻ.
ശിവ!ശിവ!രമ്യവീരൻ കാമക്കയറൊന്നി-
ലവശൻനിരാശനായന്തരിച്ചു!!
അതുകണ്ടുകരൾവിങ്ങി'രമണ'നെയശ്രുവാ-
ലഭിഷേകംചെയ്തുപോയ്ചങ്ങമ്പുഴ!
ഒരുവിധംമരുഭൂവിന്നതിർവിട്ടു,വിശ്രമ-
നിലയനമൊന്നുചമച്ചുപാവം!
അതിലിരുന്നരുമയായ്'ദേവഗീതാ'മൃതം
മുട്ടകരംമീട്ടുവാനാരംഭിച്ചു,
അതുവരെയനുഭാവഹീനമാംയാതനാ
പലതുമട്ടഹത്താഞ്ഞടിക്കെ,
അവയെയൊക്കെയുൾക്കരുത്തൊന്നിനാൽനേരിട്ട
കവികുലകോകിലം ചങ്ങമ്പുഴ-
കളിവിട്ടുകാര്യമായ്കൃജനംചെയ്യുവാൻ
ഗളനാളംനീട്ടിയ ചങ്ങമ്പുഴ,
വിപുലാശയംപേറം ഹൃദയമശക്തമായ്
ചുമപിടിപെട്ടതുംവകവച്ചില്ലാ;
പ്രതികൂലശക്തിയോടെതിരിട്ടുശീലിച്ച
പ്രതിഭാവിലാസമതോർത്തതില്ലാ;
പടിപടിദിവസവും കുറവാരയോരാരോഗ്യ-
വിടവുനികത്താൻ തുനിഞ്ഞതില്ലാ,
പായുവാൻകഴിവില്ലേ!യെഴുതുവാൻ കരതലം
പതറുന്നു!മഷിതീർന്നോതൂലികയിൽ?
ഹര!ഹര!ശിവ!ശിവ!മുട്ടകവനാമൃത
നിറകുടംപൊട്ടിത്തകർന്നുപോയി!!!
കരയേണ്ടലോകമേ!വിധിഗതി;യനുഭാവ-
മനഗസഹൃദയക്കേകിൻ നിങ്ങൾ.

# ആ മധുരഗായകൻ

ചാത്തപ്പറമ്പിൽ,
എൻ. ശ്രീധരൻനായർ, ഉഴവ (ബോംബെ)

ഓ മൽകവീന്ദ്രമണിയായ് മലയാളനാട്ടിൽ-
പ്രേമത്തോടും മുടിയിൽവച്ചു മനോജ്ഞരത്നം
ഭീമോഗ്രകാലഫണിയിന്നുകരാളമായ
വ്യാമോഹമേകിയകടന്നുകവർന്നുവെന്നോ
വാരാശിയായ മുറയിട്ടിഹ കണ്ണുനീരു-
തോരാതെയായ് ഘനതതിക്ക വിപത്തിതേൽക്കേ
പാരാകെയക്കവിവരന്റെ വിയോഗദുഃഖ-
ഭാരാർദ്രമായനിലകാട്ടി വിഷാദപൂർവ്വം
ശ്രീകേരളിയ്ക്കിയലുമമ്മണിവേദിയിങ്ക-
ലാകമ്രഭാസ്സൊടുവിളങ്ങിയ രത്നദീപം
വാഗീശ്വരീ സരസമായണിവീണമീട്ടും
രാഗാമൃതപ്രകൃതിതൻ പുലർകാലഗീതം
ശൃംഗാരമാധുരി നിറഞ്ഞ മനോജ്ഞകാവ്യ-
ശൃംഗങ്ങളും വിരചിച്ചു കലാവിശേഷാൻ
ഭംഗീവിധത്തിലതിവിശ്രുതിചേർത്തു ലോക-
മംഗീകരിച്ചവകളാദരപൂർവ്വമെങ്ങും
ചങ്ങമ്പുഴ, തവയശോധവളാംശു കാവ്യ-
ഭംഗിതരംഗിതമഭംഗുരമായ് വിളങ്ങും
ഗംഗാപ്രവാഹരുചിയിമ്മലയാളഭാഷാ-
രംഗത്തിനാദ്യമിടചേർത്ത ഭഗീരഥൻനീ
ദീനാനുകമ്പി ഹൃദന്തരനാം ഭവാന്റെ
ദീനസ്വരം കരളലിഞ്ഞിട്ടമാറുകേട്ടു
ഊനാതിരേകമകലെ ലോകമുദീർണ്ണബാഷ്പ-
സൂനാഞ്ജലീഭരിതമങ്ങയെ നോക്കിനിന്നു
നിൻതോഴനാം രമണനോടൊരുമിച്ചുകൂടാൻ
സ്വാതന്ത്ര്യോത്സവം പൊലികിവന്നതുമൂലമാമോ
സന്തപ്തമാക്കിയലിവാർന്നിടരങ്ങളേയും
നിൻദേവിയേയുമഖിലത്തെയുമൊന്നുപോലെ
ദൈവാനുകൂലസുകൃതപ്രകൃതിപ്രഭാവ-
കൈവല്യവല്ലിമലരിൻ മകരന്ദസാരം
കൈവന്നിടട്ടെ കവിവല്ലഭമാനനിത്യം
വൈവിധ്യലേശമിയലാത്ത പരംപദത്തിൽ.

ചെറുകഥ

# പുനർജ്ജന്മം

കോന്നിയൂർ ആർ. നരേന്ദ്രനാഥ് ബി. എസ്സ്‌സി, ബി. എൽ.

അദ്ദേഹം രോഗശയ്യയിൽ ആയശേഷം അവസാനത്തെ രണ്ടുമാസങ്ങളിൽ എനിക്കു ഒന്നുംതന്നെ എഴുതാൻ സാധിച്ചിട്ടില്ല. ഞാൻ എപ്പോഴും കിടക്കയ്ക്കു സമീപം ഉണ്ടായിരിക്കണമെന്നു അദ്ദേഹത്തിനു നിർബ്ബന്ധമുണ്ട്. അദ്ദേഹത്തിനു് എന്നെ എപ്പോഴും കണ്ടുകൊണ്ടിരിക്കണം. ഏകാന്തതയെ അദ്ദേഹം വളരെ ഭയപ്പെട്ടു. ശയ്യയ്ക്കുസമീപത്തുനിന്നു ഞാൻ അകന്നുമാറിയാൽ അദ്ദേഹം ഭയന്നു വിറയ്ക്കുന്നതു കാണാം. നിശാഗമത്തിൽ കൊച്ചുകുഞ്ഞുങ്ങൾക്കുണ്ടാകാറുള്ള ഭയത്തെപ്പോലെയായിരുന്നു അദ്ദേഹത്തിന്റെ ഭയവും. സ്വശക്തിയിൽ വളരെ വിശ്വാസവും മതിപ്പും ഉണ്ടായിരുന്ന അദ്ദേഹം ഇത്രമാത്രം പരാശ്രയനായിത്തീർന്നതു് വളരെ ദയനീയമായി എനിക്കു തോന്നാറുണ്ട്. സ്വസ്ഥനായി കിടക്കയിൽ കിടക്കാൻതന്നെ അദ്ദേഹം ഭയപ്പെട്ടിരുന്നു. അതുകൊണ്ട് മിക്കവാറും സമയങ്ങളിൽ സോഫായുടെ ചാരിൽ തലയണ ചാരി കിടക്കുവാനാണ് ഇഷ്ടപ്പെടുന്നതു്. എന്റെ പ്രവൃത്തികൾ ഒരു കൊച്ചുകുഞ്ഞിനെപ്പോലെ അദ്ദേഹം നോക്കിക്കിടക്കും. ഞാൻ ആ മുറിവിട്ടു പുറത്തുപോയാൽ അദ്ദേഹം ചഞ്ചലതപ്രദർശിപ്പിച്ചുതുടങ്ങും. മുഖം വിളറും. വിരലുകൾ വിറച്ചുതുടങ്ങും. ഇന്നും ഞാൻ അദ്ദേഹത്തെ സ്മരണമണ്ഡലത്തിൽ വ്യക്തമായി കാണുന്നു. ലോലമായ തൂവെള്ളത്തുണിയിൽ പൊതിഞ്ഞ ഒരു അസ്ഥിപഞ്ജരം! വെള്ളത്തുണിയുടെ പശ്ചാത്തലത്തിൽ ആ മഞ്ഞളിപ്പ് വളരെ വ്യക്തമാണ്. കുഴിയിൽതാണ കണ്ണുകൾ! എന്റെനേർക്കുള്ള നിരാലംബനോട്ടം! കറുത്തു ജടപിടിച്ച തലമുടി......അങ്ങനെ എല്ലാം ഞാൻ വളരെ വ്യക്തമായി ഇന്നും കാണുന്നു. ആ ചിത്രം എന്റെ സ്മരണമണ്ഡലത്തിൽനിന്ന് എങ്ങിനെ മാഞ്ഞുപോകും?

സോഫായുടെ ചാരിൽ ചാഞ്ഞുകിടന്നു അദ്ദേഹം ചിലപ്പോഴൊക്കെ പറയും:— "കമലം! എനിക്കു് ആ ട്രങ്കുപെട്ടിയിലെ കടലാസ്സുകൾ ഒന്നു നോക്കാൻതക്ക കരുത്തുണ്ടോ? അവ പരിശോധിക്കുവാൻ ഞാൻ എത്രനാളായിട്ടാഗ്രഹിക്കുന്നതാണ്."— അദ്ദേഹത്തിന്റെ ശരീരശക്തി ക്ഷയിക്കുന്തോറും ആ ആഗ്രഹം അദ്ദേഹം കൂടുതൽ കൂടുതൽ വ്യക്തമാക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ നിർബ്ബന്ധം വർദ്ധിക്കാറുള്ളപ്പോൾ ഞാൻതന്നെ അതു പരിശോധിക്കാമെന്നു പറഞ്ഞുനോക്കി. പക്ഷേ അദ്ദേഹം അതിനു വിസമ്മതിച്ചു. "വേണ്ട കമലം! ഞാൻതന്നെ അതു ചെയ്തെങ്കിലേ പ്രയോജനമുള്ളൂ. എന്റെ ദീനം ഭേദപ്പെട്ടാലുടൻ ഞാൻ അതു നിർവ്വഹിച്ചുകൊള്ളാം."—അദ്ദേഹം പറയും. എനിക്കും അദ്ദേഹത്തിനും അറിയാമായിരുന്നു ആ ആഗ്രഹം ഫലിക്കാൻപോകുന്നില്ലെന്നു്. ഓരോദിവസവും അദ്ദേഹം ദുർബ്ബലനായിക്കൊണ്ടിരിക്കയാണ്. അധികദിവസങ്ങൾ അദ്ദേഹത്തിന് അവശേഷിച്ചിട്ടില്ല.

ഈ പരിതഃസ്ഥിതികളിൽ എന്തെങ്കിലും എഴുതാൻ എനിക്കു സമയമെവിടെ? എന്നാൽ എന്റെ ചിന്തകൾ കാടുകയറാതിരിക്കാൻവേണ്ടി, പരിതഃസ്ഥിതികൾ വിസ്മരിക്കാൻവേണ്ടി ഞാൻ ചിലതൊക്കെ കുത്തിക്കുറിച്ചുകൊണ്ടിരുന്നു. ഒന്നുരണ്ടു ചെറുകഥ തീർക്കാനും എഴുതിക്കൊണ്ടിരുന്ന ഒരു നോവലിന്റെ കുറേഭാഗങ്ങൾ പൂർത്തിയാക്കാനും ഇക്കാലത്തു എനിക്കു സാധിച്ചിട്ടുണ്ട്. എന്റെ നോവലിനെപ്പറ്റി അദ്ദേഹം ചിരിച്ചുകൊണ്ടു ചിലപ്പോൾ പറയും, "കമലത്തിന്റെ ഏറ്റവും നല്ല നോവലാണതു്."

എന്റെ സാഹിത്യപ്രവർത്തനങ്ങളെപ്പറ്റി അദ്ദേഹത്തിനു വളരെ അഭിമാനമുണ്ടായിരുന്നു. വിവാഹംകഴിഞ്ഞാൽ അടുക്കളക്കാര്യമൊഴിച്ചുള്ള പ്രവർത്തനങ്ങളെല്ലാം സ്ത്രീകൾ ഉപേക്ഷിച്ചുകൊള്ളണം എന്നു് സാധാരണ പുരുഷന്മാർക്കുള്ളതുപോലുള്ള ചിന്താഗതി ആയിരുന്നില്ല അദ്ദേഹത്തിന്റേതു്. എന്റെ കൃതികൾ വായിച്ചുകേൾക്കാൻ അദ്ദേഹത്തിനു വളരെ ഇഷ്ടമാണ്. കയ്യെഴുത്തുപ്രതിയിൽ കടന്നുകൂടിയിട്ടുള്ള പോരായ്മകൾ ചൂണ്ടിക്കാണിക്കാനും അദ്ദേഹം വിസ്മരിക്കാറില്ല. ഞാൻ കണ്ടെത്താത്ത എത്ര കാര്യങ്ങൾ അങ്ങിനെ ശരിയാക്കപ്പെട്ടിട്ടുണ്ട്. ആ രീതിയിലുള്ള അഭിപ്രായങ്ങൾ എത്രമാത്രം പ്രയോജനകരമായി തോന്നിയിട്ടുണ്ട്! അദ്ദേഹത്തിന്റെ സൂക്ഷ്മദൃഷ്ടിക്കു പിൻപിൽ ഒളിഞ്ഞുകിടന്നിരുന്ന കലാബോധവും നിരൂപണസാമർത്ഥ്യവും ചിലപ്പോഴൊക്കെ എന്നെ അത്ഭുതപ്പെടുത്തിയിരുന്നു. ആ അവസരങ്ങളിൽ ഞാൻ ചോദിക്കും—"അങ്ങു് എന്താ ഒന്നുമെഴുതാത്തതു്. ഒരു നല്ല ഗ്രന്ഥകാരനാകാനുള്ള സാമർത്ഥ്യമുണ്ടു്. ഒന്നു ഉത്സാഹിച്ചാൽമാത്രംമതി." പക്ഷേ അതിനു മറുപടി അവജ്ഞയോടുകൂടിയ ചെറുചിരിമാത്രമായിരിക്കും സാധാരണ ഉണ്ടാകുക. നേരമ്പോക്കുപോലെ അദ്ദേഹം മറുപടി പറയുന്നതു് ഈവിധമാണ്: "ഒരു വീട്ടിൽ ഒരു മഹാൻ മതി! എന്നതന്നെയല്ല ഞാൻകൂടി പ്രസിദ്ധനാകുന്നതു് നിനക്കു ഇഷ്ടമാകുമോ?" ആ ചോദ്യം ആത്മാർത്ഥതയോടെ ചോദിച്ചിട്ടുള്ളതാണോ എന്നു് എനിക്കു അറിവില്ല. ഒരുപക്ഷേ അർദ്ധസത്യം അതിൽ കലർന്നിട്ടുണ്ടായിരിക്കും. ഇന്നു ഞാൻ എന്തിനു സത്യം മറയ്ക്കണം? അദ്ദേഹംകൂടി ഒരു ഗ്രന്ഥകാരനായി, പ്രസിദ്ധനായിത്തീരാൻ ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്റെ കൃതികളുടെ ഒരു ആസ്വാദകനെന്ന നിലയിലാണ്, അദ്ദേഹത്തെ ഞാൻ കൂടുതൽ ഇഷ്ടപ്പെട്ടതു്. സാഹിത്യലോകത്തിൽ അദ്ദേഹത്തിൽനിന്നുള്ള മത്സരം ഞാൻ തീരെ പ്രതീക്ഷിക്കുന്നില്ല. അദ്ദേഹം സാഹിത്യലോകത്തിലേക്കു ശ്രദ്ധചെലുത്തിയാൽ കൂടുതൽ കൂടുതൽ സ്വന്തഗ്രന്ഥങ്ങളിലേക്കു സമയം ചിലവാക്കിത്തുടങ്ങും. എന്റെ കാര്യം അദ്ദേഹം വിസ്മരിക്കുകയുംചെയ്യും. ഇതായിരുന്നു അന്നത്തെ എന്റെ ചിന്താഗതി. ഇതു പറയാൻ ഇന്നു ഞാൻ എന്തിനു മടിക്കണം?

എന്റെ പുതിയ നോവലിന്റെ അവസാനഅദ്ധ്യായം അദ്ദേഹത്തെ വായിച്ചുകേൾപ്പിച്ച ആ സായാഹ്നം ഞാൻ ഒരിക്കലും വിസ്മരിക്കുന്നില്ല. സോഫായുടെ ചാരിൽ തലയണയിൽ ചാഞ്ഞുകിടന്നുകൊണ്ടു് എന്റെ വായന അദ്ദേഹം ശ്രദ്ധിച്ചുകൊണ്ടിരിക്കയാണ്. കിടക്കയുടെ കാൽക്കൽ ജനാലയുടെ സമീപമുള്ള ഒരു കസേരയിലിരുന്നാണു ഞാൻ അതു വായിച്ചതു്. മരണത്തിനു് നാലഞ്ചുദിവസം കൂടിയേ ഉള്ളൂ. കൊയ്ത്തുകഴിഞ്ഞ വയൽപ്രദേശത്തുനിന്നു ബാലന്മാരുടെ ബഹളമുള്ള ഇടയ്ക്കിടെ കേൾക്കാം. കാറ്റിന്റെ ശക്തിയിൽ തലകുനിക്കുന്ന വൃക്ഷശിഖരങ്ങളും, തെങ്ങിൻതോപ്പിൽകൂടി ചിലച്ചുകൊണ്ടു പറന്നുപോകുന്ന പക്ഷികളും, നീലാംബരത്തിൽകൂടി നീങ്ങിമറയുന്ന വെൺമേഘങ്ങളും, പച്ചപുതച്ചു ഞൊറിഞ്ഞുനിൽക്കുന്ന കിഴക്കേക്കുന്നുകളും എല്ലാം ആ ജനാലവഴി കാണാം.

അന്നു സാധാരണദിവസങ്ങളെ അപേക്ഷിച്ചു അദ്ദേഹത്തിനു സുഖംതോന്നിയിരുന്നു. അന്തരീക്ഷത്തിന്റെ സുഖസ്ഥിതിയും മനസ്സിന്റെ ആഹ്ലാദവും കൊണ്ടു ഞാൻ അന്നു സാധാരണയിൽ കവിഞ്ഞു ഊർജ്ജിതമുള്ളവളായിരുന്നു. എന്റെ ഭർത്താവിന്റെ സ്ഥിതി ഭേദപ്പെട്ടു എന്നു എനിക്കു ആശ്വാസം ജനിച്ചിരുന്നു. നോവലിന്റെ അവസാനത്തെ അദ്ധ്യായം വളരെ നന്നായിട്ടുണ്ടെന്നു് ഞാൻ സ്വയം അഭിനന്ദിച്ചു്. സ്വയം അഭിനന്ദിച്ചു് ആസ്വദിച്ചാണു ഞാൻ അതു വായിച്ചതു്. സായാഹ്നസമയത്തു എന്റെ ശബ്ദവും ആ പരിസരങ്ങളിൽ പ്രതിധ്വനിച്ചുകൊണ്ടിരുന്നു. എന്നെപ്പോലെ എന്റെ വായനയിൽ അദ്ദേഹവും മുഴുകിയിരുന്നു. തലയണകളിൽ ചാഞ്ഞുകിടന്നു് മെലിഞ്ഞു മഞ്ഞച്ച കൈകൾ മാറത്തു ഇട്ടു് ശാന്തനായിട്ടാണ് അദ്ദേഹം അവിടെ കിടന്നിരുന്നതു്.

ഞാൻ അദ്ധ്യായം വായിച്ചുതീർന്നപ്പോഴേക്കു സായംസന്ധ്യ സമാഗതമായിക്കഴിഞ്ഞിരുന്നു. മുറിയാകെ അന്ധകാരത്തിന്റെ നിഴൽവീശി. എന്റെ വിജയകരമായ കലാസൃഷ്ടികളെപ്പറ്റി അദ്ദേഹം എന്തുപറയുമെന്നു ഞാൻ ഊഹിച്ചു. എന്റെ ഏറ്റവും വിജയകരമായ നോവലിലെ പാത്രസൃഷ്ടിയെപ്പറ്റിയും ശൈലിയെപ്പറ്റിയും അദ്ദേഹം വളരെ അഭിമാനിക്കുന്നുണ്ടാവും.

അതീവ സന്തുഷ്ടിയോടുകൂടി അവസാനത്തെ വാചകവും ഞാൻ വായിച്ചുതീർത്തു. കയ്യെഴുത്തുപ്രതി മേശമേൽവച്ചിട്ട് അദ്ദേഹത്തിന്റെ അഭിപ്രായം കേൾക്കാൻവേണ്ടി ഞാൻ തലയുയർത്തി അങ്ങോട്ടുനോക്കി. ഞാൻ എത്രസമയം അങ്ങിനെയിരുന്നെന്നു എനിക്കറിവില്ല. അദ്ദേഹത്തിന്റെ അധരങ്ങളിൽനിന്നു് ശബ്ദവീചികൾ പുറപ്പെട്ടില്ല. കുറ്റപ്പെടുത്തലുകളോ ആസ്വാദ്യതയോ ഒന്നും അവിടെനിന്നു് പുറത്തുവന്നില്ല. അദ്ദേഹത്തിന്റെ കണ്ണുകൾ അടഞ്ഞിരുന്നു. സാധാരണ കാണാറില്ലാത്ത ഒരു ശാന്തതയും പ്രകാശവും ആ മുഖത്തിനുചുറ്റും കളിയാടിയിരുന്നു. പക്ഷേ ആ നിശ്ശബ്ദത എന്നെ വളരെ ഭയപ്പെടുത്തി. വിറയ്ക്കുന്ന കൈകളോടെ മുറിയിലെ വിളക്കു ഞാൻ കൊളുത്തി. വിളക്കില്ലാത്ത ആ കിടപ്പിൽ അദ്ദേഹത്തെ സമീപിക്കാൻ എനിക്കു കരുത്തുതോന്നിയില്ല. അദ്ദേഹത്തിന്റെ ജീവചൈതന്യത്തിന്റെ അവസാനബിന്ദുവും ആ അസ്ഥിപഞ്ജരത്തിൽനിന്നു ചോർന്നൊഴിഞ്ഞിരുന്നു. മെലിഞ്ഞു വിളറിയ അദ്ദേഹത്തിന്റെ കൈകാലുകൾ മാർബിൾപോലെ മരവിച്ചിരുന്നു......

അദ്ദേഹം മരിച്ചു. എന്റെ വായനയിൽ ലയിച്ചുലയിച്ചു അദ്ദേഹം മരിച്ചു. എല്ലാകാലും ഉന്തിനിൽക്കുന്ന ആ മുഖത്തു അസംതൃപ്തിയുടെ നേരിയ ഛായപോലും കാണാനില്ല. ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു പ്രഭ ആ അടഞ്ഞ കണ്ണുകൾക്കുചുറ്റും വ്യാപിച്ചിട്ടുണ്ട്. എന്തൊരു നിശ്ശബ്ദത! ആ കൊല്ലുന്ന ഏകാന്തതയിൽപോലും അദ്ദേഹത്തിന്റെ സുന്ദരങ്ങളായ അധരപുടങ്ങളിൽ എന്തുഛായയാണ് വ്യാപിച്ചിരിക്കുന്നതു? എന്റെ ദുർബ്ബലമായ മനസ്സ് അവിടെ പുച്ഛരസത്തിന്റെ നിഴലാട്ടം ദർശിച്ചു!...

സംവത്സരം ഒന്നു് പരിപൂർണ്ണമായി കഴിഞ്ഞു. എന്റെ ഭർത്താവിന്റെ മരണശേഷം ഞാൻ എന്റെ മാതൃഗൃഹത്തിലാണു് ആ ഒരു കൊല്ലം കഴിച്ചുകൂട്ടിയതു്. കാലം കഴിയുന്തോറും എന്റെ ജീവിതത്തിലുണ്ടായ വിടവിന്റെ വലിപ്പം എനിക്കു കൂടുതൽ കൂടുതൽ അനുഭവപ്പെട്ടുതുടങ്ങി. അടുത്ത ചിങ്ങത്തിലാണു ഞാൻ അവിടെ വീണ്ടും കാലുകുത്തിയതു്. വീടു വളരെ മൂകമായിരുന്നു. തെല്ലുകൂടിനിന്നിരുന്ന മൂകതയാണു എനിക്കു് അവിടെ സ്വാഗതമരുളിയതു്! അവിടെ വന്നശേഷം വീണ്ടും ഞാൻ സാഹിത്യശ്രമങ്ങൾക്കു തുനിയുകയായി.

ഒരുദിവസം മദ്ധ്യാഹ്നഭക്ഷണം കഴിഞ്ഞതാണ് അദ്ദേഹം ഉപയോഗിക്കാറുണ്ടായിരുന്ന ചെറിയമുറി ഞാൻ തുറന്നതു്. അവിടെ വിശേഷിച്ചു ഒന്നുംതന്നെ ഞാൻ പ്രതീക്ഷിച്ചില്ല. അദ്ദേഹം അതിയായ ആഗ്രഹത്തോടെ പറയാറുണ്ടായിരുന്ന ട്രങ്കുപെട്ടി അവിടെ പൊടിയണിഞ്ഞു ഇരിക്കുന്നു. അവിടെയെല്ലാം പൊടി പൊതിഞ്ഞിരുന്നു. 'മുറി'യുടെ മൂലകളിൽ ചിലന്തിവല വളരെയുണ്ടു്. ഒരു കൗതുകമായി ആ ചെറുമുറി തുറന്നുനോക്കിയിട്ടു്. അവിടെ ഒന്നുരണ്ടു ചെറിയ ട്രങ്കുപെട്ടികളുമിരുന്നു. അദ്ദേഹം പറയാറുള്ള ആ പെട്ടി ഒരു തഴപ്പാട്ടുപൂട്ടിയിരുന്നു. താക്കോൽക്കൂട്ടത്തിൽ ഒരു ചെറിയതാക്കോൽ അതിനു യോജിച്ചതിട്ടു ഞാൻ അതു തുറന്നുനോക്കി. അത്ഭുതകരമായ യാതൊന്നുംതന്നെ ഞാൻ അവിടെ പ്രതീക്ഷിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ കൈയക്ഷരത്തിൽ കുറെ കടലാസ്സുകെട്ടുകൾ അതു നിറച്ചു ഇരിക്കുന്നതു കണ്ടു. എനിക്കു വളരെ അത്ഭുതംതോന്നി. ഏറ്റവും പുറത്തിരുന്ന കടലാസ്സുകെട്ടു ഞാൻ വെളിയിലെടുത്തുനോക്കി. അതിന്റെ പുറംകടലാസ്സിൽ ഇങ്ങിനെ എഴുതിയിരുന്നു. "വെള്ളിമേഘം— ഒരു നോവൽ ഗ്രന്ഥകാരൻ വിശ്വനാഥൻ." ഇങ്ങനെയുള്ള ഏട്ടു കൃതികളുടെ കയ്യെഴുത്തുപ്രതികൾ അത്യത്ഭുതത്തോടെ ഞാൻ ആ പെട്ടിയിൽനിന്നു വെളിയിലെടുത്തു. പെട്ടിയുടെ അടിയിൽ നിന്നു നാല്പതിനോളം ചെറുകഥകൾ ഞാൻ എടുത്തു. ഓരോന്നിന്റെ തലക്കെട്ടുമാത്രം നോക്കി എല്ലാം താഴെവച്ചു. 'സ്മാരകം' 'സഞ്ചാരി' 'ജലദേവത, 'ഏകാന്തതയിൽ' 'സമാപ്തി':— ഇങ്ങിനെ ഓരോന്നു്. അവിടെ ഇരുന്നുകൊണ്ടുതന്നെ 'സഞ്ചാരി' വായിച്ചുതീർത്തു. എത്ര സുന്ദരമായ ചെറുകഥ. എന്തൊരു ഭാഷാരീതി. എത്ര മനോഹരമായ കഥാഘടന. എന്തിനധികം അതേറ്റവും മനോഹരമായ ഒരു കഥയായി എനിക്കു അനുഭവപ്പെട്ടു! ഒരുപക്ഷേ എനിക്കു നല്ല സാഹിത്യകൃതികൾ സൃഷ്ടിക്കാൻ കഴിവില്ലായിരിക്കാം. പക്ഷേ നല്ലതുകണ്ടാൽ അതു ആസ്വദിക്കാനുള്ള കഴിവു എനിക്കുണ്ടു്. എന്റെ കണ്ണുകളിൽ ബാഷ്പബിന്ദുക്കൾ നിറഞ്ഞു കാഴ്ച വിഘാതമായി. എന്റെ നിസ്സാരമായ കലാസൃഷ്ടികളെപ്പറ്റി ഞാൻ ഓർമ്മിച്ചു. ഇതുമായി താരതമ്യപ്പെടുത്താൻ തന്നെ അവയ്ക്കു അർഹതയില്ല. പക്ഷേ അതിനെപ്പറ്റി ഞാൻ എത്രമാത്രം അഹങ്കരിച്ചു! അദ്ദേഹത്തിന്റെ മുമ്പിൽ അവയെപ്പറ്റിയെന്തെല്ലാം ഞാൻ തട്ടിമൂളിച്ചിട്ടുണ്ട്.

"വിശ്വം എന്റെ പ്രിയപ്പെട്ട വിശ്വം! ക്ഷമിക്കണേ ഞാൻ ചെയ്ത അപരാധങ്ങൾ! പക്ഷേ അങ്ങു് എന്തുകൊണ്ടു് ഇതൊന്നും എന്നെ അറിയിച്ചില്ല, പറയൂ വിശ്വം!"—ഞാൻ അവിടെ മുട്ടുകുത്തിയിരുന്നു് വിങ്ങിവിങ്ങിക്കരഞ്ഞു. കുന്നുപോലെ എന്റെമുമ്പിൽ അദ്ദേഹത്തിന്റെ അനശ്വരഗ്രന്ഥങ്ങൾ കിടക്കുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾ ഇതു വെളിയിൽ കാണിക്കാഞ്ഞതു് എന്തുകൊണ്ടാണ്? എന്നോടുള്ള പ്രത്യേകതകൊണ്ടോ? എനിക്കു അദ്ദേഹത്തോടു വളരെ വെറുപ്പുതോന്നി. ഈ കയ്യെഴുത്തുപ്രതികൾ എല്ലാം ചുട്ടുകളയാൻ ഞാൻ വിചാരിച്ചു. ഒരുപക്ഷേ ലോകം ഇവ അറിയരുതെന്നായിരുന്നിരിക്കും അദ്ദേഹത്തിന്റെ ആശയം! എന്നാൽ അല്പനേരം അവിടെയിരുന്നു ചിന്തിച്ചപ്പോൾ എന്റെ അസൂയയുടെ ശക്തി ക്ഷയിച്ചു. ഞാൻ കയ്യെഴുത്തുപ്രതികൾ പ്രസിദ്ധീകരണത്തിനുതന്നെ കൊടുത്തു.

അതിനുശേഷമുള്ള വിവരങ്ങൾ എല്ലാവർക്കും അറിവുള്ളതാണ്. ഇന്നു വിശ്വനാഥന്റെ പേർ അറിയാത്തവർ ആരുണ്ടു്. 'വെള്ളിമേഘ'ത്തിന്റെ പ്രസിദ്ധീകരണം എന്തൊരു വമ്പിച്ച വിജയമായിരുന്നു. ഇന്നു് അതു എത്രപതിപ്പുകളാണു ആയിരിക്കുന്നതു്! എല്ലാ ഭാഷകളിലേക്കു് അതു് തർജ്ജമചെയ്യപ്പെട്ടുകഴിഞ്ഞിരിക്കുന്നു. അങ്ങനെ വിശ്വനാഥന്റെ പേരു് ഇന്നു സുപ്രസിദ്ധമാണ്. മരണത്തിനുശേഷമാണ് അദ്ദേഹം ജനിച്ചതും, വളർന്നതും! ഒരു നല്ല സാഹിത്യകാരൻ എന്ന നിലയിൽ അദ്ദേഹത്തിന്റെ സ്ഥാനമെവിടെ? എന്റെനിലയോ? ഞാൻ ഒരു നിസ്സാരകൃമി! ഈയിടെ ഞാൻ ഒന്നും എഴുതാറില്ല. എന്തിനെഴുതണം? ഞാൻ എന്നുമുതൽ എഴുതിത്തുടങ്ങിയതാണ്. അതുകൊണ്ടു എന്തുഫലം എനിക്കുണ്ടായി? എന്നെ ഇന്നു അറിയപ്പെടുന്നതു് ഒരു സാഹിത്യകാരി എന്ന നിലയിലല്ല; ഒരു വിഖ്യാതനായ സാഹിത്യകാരന്റെ ഭാര്യ എന്നനിലയിൽ മാത്രമാണ്. എന്തൊരു ദൈവപരീക്ഷണം നോക്കുക!

ഈവർഷം ആദ്യം ഒരു പ്രസിദ്ധീകരണക്കാർ വിശ്വനാഥന്റെ വിഖ്യാതഗ്രന്ഥങ്ങളുടെ ഒരു നൂതനസമാഹാരം പ്രസിദ്ധപ്പെടുത്തുവാൻ തീരുമാനിച്ചു. ആ പ്രസിദ്ധീകരണത്തിനു് ഞാൻ ഒരു മുഖവുര എഴുതിക്കൊടുക്കണമെന്നു് അവർ നിർബ്ബന്ധംപിടിച്ചു് എന്നോടു ആവശ്യപ്പെട്ടു. അവർ അയച്ച കത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. "ഒരു ഗ്രന്ഥകർത്താവെന്ന നിലയിൽ മാത്രമല്ല ഒരു സാധാരണ മനുഷ്യനെന്ന നിലയിലും അദ്ദേഹത്തെ ഏറ്റവും അടുത്തു് ആത്മാർത്ഥമായും പരിപൂർണ്ണമായും മനസ്സിലാക്കിയിട്ടുള്ള താങ്കൾക്കുമാത്രമേ ഈ കൃത്യം സമ്പൂർണ്ണമായി നിർവ്വഹിക്കുവാൻ സാധിക്കൂ, എന്നു ഞങ്ങൾ ദൃഢമായി വിശ്വസിക്കുന്നു."

ഇതിനു ഞാൻ എന്തുമറുപടിപറയും?

[ഒരു ഇംഗ്ലീഷ് ചെറുകഥയുടെ അനുകരണം. പകർപ്പവകാശം കഥാകാരനു്:

# വ്യാവസായികപ്ലാനിംഗും ഭാരതവും

## ബോംബേപ്ലാനും അതിനുശേഷവും

[നാഗവള്ളിൽ ആർ. ജി. കുറുപ്പ് ബി. എസ്സ്. സി., ബി. എൽ. അഡ്വക്കേററ്, ആലപ്പുഴ.]

II

വ്യാവസായികപ്ലാനിംഗിനെപ്പററി പലരും ചിന്തിക്കുകയും എഴുതുകയും ചെയ്തുഎങ്കിലും ഭാരതത്തിന്റെ മുൻപിൽ ഏററവും വ്യക്തമായ രൂപത്തിൽ സമപ്പിക്കപ്പെട്ട പ്രഥമപ്ലാൻ സുപ്രസിദ്ധമായ ബോംബേപ്ലാനാണ്. ഇതിന്റെ ജനയിതാക്കൾ സർ പുരുഷോത്തംദാസ്‌താക്കൂർദാസും അദ്ദേഹത്തിന്റെ വിദഗ്ദ്ധന്മാരായ ഏഴു സഹപ്രവത്തകന്മാരും ആണ്. ഇവരുടെകൂട്ടത്തിൽ സർ ദലാലും നമ്മുടെ ട്രാൻസ്പോർട്ടുമന്ത്രിയായ ഡാക്ടർ ജോൺമത്തായിയും ഉൾപ്പെടുന്നു. പ്ലാനിന്റെ പ്രാരംഭത്തിൽതന്നെ അവരുടെ ഉദ്ദേശം വ്യക്തമാക്കുന്നു. ഈ പദ്ധതി പ്രവത്തനം ആരംഭിച്ച സമയംമുതൽ പതിനഞ്ചു വർഷത്തിനകം ഒരു ഭാരതീയന്റെ ശരാശരി വരുമാനം ഇന്നത്തേതിന്റെ ഇരട്ടിയാക്കുകയെന്നുള്ളതാണ് ഈ പദ്ധതിയുടെ പരമമായ ഉദ്ദേശം. ഇങ്ങനെ ൧൫ സംവത്സരംകൊണ്ടു ഇന്നത്തെ വരുമാനത്തിന്റെ ഇരട്ടി വരുമാനം ഓരോ ഭാരതീയനും ലഭിക്കണമെങ്കിൽ രാഷ്ട്രത്തിന്റെ ആകെ വരുമാനം മൂന്നിരട്ടിയായി വദ്ധിക്കണം. എന്തെന്നാൽ വർഷത്തിൽ ശരാശരി അൻപതുലക്ഷം ജനങ്ങൾ ഭാരതത്തിൽ വദ്ധിക്കുന്നു. ഇങ്ങനെ രാഷ്ട്രത്തിന്റെ ആകെ വരുമാനം മൂന്നിരട്ടിയാകണമെങ്കിൽ വ്യാവസായികോല്പന്നഉല്പാദനം അഞ്ചിരട്ടിയാക്കുകയും കാർഷികോല്പന്നഉല്പാദനം ഇരട്ടിയാക്കുകയെങ്കിലുംചെയ്യണം ൧൫ സംവത്സരത്തിനകം ഓരോ ഭാരതീയനും തന്റെ അവശ്യങ്ങൾക്കുശേഷം കുറച്ചുതുക തന്റെ വിനോദങ്ങൾക്കും സാംസ്കാരികചിലവുകൾക്കും ലഭിക്കുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇന്നു കാർഷികപണിയിൽ ഏപ്പെട്ടിരിക്കുന്ന ജനതയുടെ ഒരു വലിയ ഭാഗം വ്യവസായത്തിൽ ഏപ്പെടേണ്ടിവരും.

വ്യാവസായിക വിപുലീകരണം ഈ പദ്ധതിയുടെ നട്ടെല്ലാണെന്നുതന്നെ പറയാം. ഈ ബോംബേപ്ലാനിൽ മൂലവ്യവസായങ്ങൾക്കു (ഇരുമ്പ്, വൈദ്യുതപദ്ധതി മുതലായവ) മുൻഗണന നൽകിയിരിക്കുന്നു. ഈ പ്ലാനിൽ കുടിൽവ്യവസായങ്ങൾക്കും വേണ്ടത്ര സ്ഥാനം നൾകിയിട്ടുണ്ട്. ഈ പദ്ധതിക്കു മൂലധനമായി ൧൦൦൦ കോടി രൂപ ചിലവു വരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ബോംബേപ്ലാനിന്റെ ചില വൈകല്യങ്ങൾ ചില സാമ്പത്തികവിദഗ്ദ്ധന്മാരും രാഷ്ട്രീയചിന്തകന്മാരും ചൂണ്ടിക്കാണിക്കാറുണ്ട്. ഈ പ്ലാൻ പ്രായോഗികമാക്കുവാനുള്ള മാർഗ്ഗങ്ങൾ പ്ലാനിൽ നിർദ്ദേശിക്കുന്നില്ല എന്നുള്ളതാണു ഇവയിൽ പ്രധാനമായിട്ടുള്ളതു്.

സോവിയററ്യൂണിയനിൽ ൧൫ സംവത്സരംകൊണ്ടു അതായതു് മൂന്നു [illegible] വത്സരപദ്ധതികൾകൊണ്ടു സാ[illegible] വളരെ കുറച്ചു മാത്രമെ

ഈ ബോംബേപ്ലാൻകൊണ്ടു സാധിക്കുന്നുള്ളു എന്നുള്ളതാണു മറെറാരു [illegible] രൂപണം. പക്ഷേ പലപ്പോഴും ഭാരതത്തിനും റഷ്യയ്ക്കുമുള്ള പാരമ്പര്യവും ഇന്നുള്ള അവസ്ഥാഭേദവും നാം വിസ്മരിക്കുന്നു. സോവിയററുഭരണാരംഭത്തിൽതന്നെ റഷ്യയിൽ ഭാരതത്തിലുള്ളതിനെക്കാൾ വ്യവസായവിദഗ്ദ്ധന്മാരും വ്യാവസായികപാരമ്പര്യവും ഉണ്ടായിരുന്നു. കമ്യൂണിസ്റ്റ്സമ്പ്രദായത്തിലെപ്പോലെ പ്രേരകശക്തി ചെലുത്തുവാനും പ്രകൃതിവിഭവങ്ങളെയും മനുഷ്യപ്രയത്നങ്ങളെയും ഉപയോഗപ്പെടുത്തുവാനും ഭാരതത്തിനു ഇന്നത്തെ സ്ഥിതിക്കു പ്രയാസമാണ്. ഇതിൽനിന്നെല്ലാം ബോംബേപ്ലാൻ ന്യൂനതകുറഞ്ഞ ഒരു പ്രായോഗികപദ്ധതിയാണെ[illegible] സിദ്ധിക്കുന്നു. ഇങ്ങനെ ദേശീയഗവമ്മെൻറ മുൻകയ്യെടുത്തു വ്യക്തിത്വത്തെ നശിപ്പിക്കാതെയും സാമൂഹ്യജീവിതത്തെ വദ്ധിപ്പിച്ചും വ്യവസായസംരംഭങ്ങൾക്കു വേണ[illegible] പ്രോത്സാഹനം നൾകിയും പ്ര[illegible]ണ്ടിയിരിക്കുന്നു.

### ബോംബേപ്ലാനിനുശേഷം

ഈ പ്ലാനിന്റെ പ്രസിദ്ധീകരണം രാഷ്ട്രത്തിനാകമാനം നവോന്മേഷം പ്രദാനംചെയ്തു. ഭാരതത്തിന്റെ ദേശഭക്തന്മാർ അതിനെ സ്വാഗതംചെയ്തു. സാമ്പത്തികശില്പികൾ പ്ലാനിനു പരിഷ്കാരങ്ങൾ നിർദ്ദേശിച്ചു. അന്നത്തെ ഇൻഡ്യാഗവമ്മെൻറ് ബോംബേപ്ലാനിന്റെ ജനയിതാക്കളിൽ ഒരാളായ സർ ദലാലിനെ പുതുതായി സൃഷ്ടിക്കപ്പെട്ട പുനരുദ്ധാരണകൗൺസിലിന്റെ അദ്ധ്യക്ഷനായി നിയമിച്ചു. മററ രാഷ്ട്രങ്ങളോടൊപ്പം വ്യാവസായികമായി ഭാര[illegible]തിനും പുരോഗമിക്കണമെന്നുള്ള [illegible]ഹം ഈ നവോന്മേഷം ഉളവാ[illegible] വിളംബരംചെയ്തു.

യുദ്ധകാലത്തിനുശേഷം പണ്ഡിററു ജവഹരിലാലിന്റെ നേതൃത്വത്തിലുള്ള നമ്മുടെ ദേശീയഗവർമ്മെൻറ ഭാരതത്തിന്റെ ഭരണസാരഥ്യം ഏറെറടുത്തശേഷം ഈ വ്യാവസായികപ്ലാനിംഗു പ്രായോഗികമാക്കുവാൻ പ്രാരംഭനടപടികൾ എടുത്തുകഴിഞ്ഞിരിക്കുന്നു. ഒരു ചുരുങ്ങിയ കാലയളവിനുള്ളിൽ ആരംഭിച്ചിരിക്കുന്ന Damodar Paddy Project തുടങ്ങിയ പദ്ധതികൾതന്നെ ഈ സാമ്പത്തിക പ്ലാനിംഗു പ്രായോഗികമാക്കുവാൻ ഇന്നത്തെ ഗവർമ്മെൻറിന്റെ സന്നദ്ധതയെ വ്യക്തമാക്കുന്നുണ്ട്. താമസംവിനാ ഈ പദ്ധതികളെല്ലാം പരിപൂർണ്ണതയിലെത്തുമെന്നും സാമ്പത്തിക സാമൂഹ്യ പ്ലാനിംഗിന്റെ ഫലമായി ഒരു നവഭാരതം അടിമത്വത്തിന്റെ ചാമ്പലിൽനിന്നും ഉദയം ചെയ്യുമെന്നും നമുക്കു ന്യായമായി പ്രതീക്ഷി[illegible]




Daily except Sundays to
COCHIN—COIMBATORE
BANGALORE—MADRAS

with daily connections to
COLOMBO—BOMBAY—KARACHI
DELHI & CALCUTTA (Via Bombay)

FLY YOUR FREIGHT—IT'S CHEAPER

AIR-INDIA LTD.
TRIVANDRUM AIR CENTRE
MAIN ROAD :: TRIVANDRUM
'Grams: "AIRINDIA" 'Phone: 507.

(മൂന്നാംപേജിൽനിന്നും തുടർച്ച)

മുടെ പണ്ഡിതകേസരികളും, അഭ്യസ്തവിദ്യരായ മുസ്ലീങ്ങളും ഇതേവരെ സംക്ഷോൽക്കരിച്ചിട്ടില്ലെന്നു കാണുന്നതു് സങ്കടകരമായിരിക്കുന്നു. സ്വാമി പറയുന്നു:—"യാതൊന്നിന്റെ കൽശേഷങ്ങൾപോലും സ്വീകരിച്ചിരിക്കുന്നുവോ, ആ പ്രേമത്തോടുകൂടി ചോദിക്കട്ടെ. ഹേ! പ്രിയപ്പെട്ട മുസ്ലീം അമ്മേ! എന്തുകൊണ്ടും ഈ വ്യത്യാസം കാണുന്നതു്? നിങ്ങളുടെ തല ഇവിടെയും, ഹൃദയം അവിടെയും, ജീവിതം വേറൊരിടത്തും ആയിരിക്കുന്നതെന്തുകൊണ്ട്? നിങ്ങൾ വർഷശതങ്ങളായി ഇൻഡ്യയിൽ ജീവിച്ചുവരുന്നു, പിന്നെ എന്തുകൊണ്ടു നിങ്ങൾ ഹിന്ദുക്കളിൽനിന്നു ഹൃദയങ്ങളെ അകററിനിത്തുന്നു?

"മഹാനായ പണ്ഡിതന്മാരെ, ശ്രീരാമചന്ദ്രന്റെ ജീവിതകഥകൾ ഹൃദയം അനുസ്മരിപ്പിൻ! അദ്ദേഹം ലോകത്തിനു മാതൃകകൾ കാണിച്ചുകൊടുത്തിട്ടുണ്ട്. ശബരി എന്ന വേടസ്ത്രീ ഭക്ഷിച്ച ഫലങ്ങളുടെ ഉച്ഛിഷ്ടം അദ്ദേഹം കഴിച്ചു; അദ്ദേഹം സാധുവായ ഗുഹനെ സ്നേഹിച്ചു; ശത്രുവിന്റെ സഹോദരനോടു അനുകമ്പ കാണിച്ചു. പഴയ സങ്കടങ്ങളൊക്കെ മറക്കുവിൻ! പരസ്പരം കാറങ്ങളെ [illegible]വിൻ! നിങ്ങളിൽനിന്നു മുഖം തിരിച്ചുകളയുന്നവരെയും രഞ്ജിപ്പിക്കുവിൻ!"

"ചോദ്യമെല്ലാം പോകട്ടെ.

"താരങ്ങൾ പ്രകാ[illegible]ത്തിൽനിന്നു. (ഭ നങ്ങളല്ലാം തീരെ [illegible]ങ്ങളോടുചേർത്തിരി- ([illegible]തവരല്ലാം"

ൾക്കിഷ്ടമുള്ളതു് പറഞ്ഞുകൊൾവിൻ! എത്ര കഠിനമെങ്കിലുമായിക്കൊള്ളട്ടെ. എന്നെ അ[illegible]ഹ്യപ്പെടുത്താൻ എത്രയെങ്കിലും ശ്രമിച്ചുകൊള്ളുവിൻ! എന്നാൽ ഞാൻ നിങ്ങളുടെ ഹൃദയത്തിൽ സ്ഥലം പിടിക്കുന്നില്ലെങ്കിൽ, ഞാൻ രാമനല്ല."


മതദുരുപയോഗരോഗത്തിനു ഇതിനേക്കാൾ നല്ല ഒരു പ്രതിവിധി[illegible] വേറെ വിധിക്കുന്നുണ്ടോ? അതുപയോഗിക്കുക; അതു നിങ്ങളെ ശരിപ്പെടുത്തും. നിങ്ങൾക്കു ആത്മീയബലം വീണ്ടും ലഭിക്കും. ഗാർഹികകലഹം സകലവും ശമിക്കും; പ്രേമം സർവോപരി ഭരിച്ചുകൊണ്ടു നിത്യാനന്ദവും അതിരററ ഐശ്വര്യവും പ്രത്യക്ഷമാക്കിത്തരും; ആദ്ധ്യാത്മികവും ഭൌതികവും ആയ രണ്ടു മണ്ഡലങ്ങളിലും ഇവ കൈവരുകയും ചെയ്യും.

(പരിഭാഷകൻ റി. ആർ. നാരായണൻനമ്പ്യാർ ബി. ഏ. ബി. എൽ.)

—o—

## കേരളയൂണിയൻ സാദ്ധ്യതകൾ


ന്യൂഡൽഹി, ജൂലൈ ൧൧. കേരളയൂണിയൻ രൂപവൽക്കരണം സംബന്ധിച്ചുള്ള സാദ്ധ്യതകൾ ആസന്നഭാവിയിൽതന്നെ തെളിഞ്ഞുവരുമെന്നു ഡൽഹി കേരളക്കാരുടെ [illegible] ഭാരവാഹികൾ വിശ്വസിക്കുന്നു. കഴിഞ്ഞ [illegible] കേന്ദ്രങ്ങളിൽനിന്നു ഈ വിശ്വാസത്തെ ദൃഢീകരിക്കുന്ന വാഗ്ദാനങ്ങൾ ലഭിച്ചിട്ടുള്ളതായി അറിയുന്നു. ([illegible])



ബ്രിട്ടീഷ് വ്യവസായ വാണിജ്യപ്രദർശനം: [illegible] ലണ്ടനിലും ബർമിങ്ഹാമിലും നടത്തപ്പെട്ട പ്രദർശനം. [illegible] സന്ദർശകരെ ആകർഷിക്കുകയുണ്ടായി. [illegible] പ്രസ്താവ്യമത്രേ. എഞ്ചിനീയറിംഗ് വിഭാഗത്തിൽ പ്രദർശിപ്പിക്കപ്പെട്ടിരുന്ന [illegible] ക്രാങ്ക്ഷാഫ്റ്റ്.



യു. എസ്. അദ്ധ്യക്ഷപദതിരഞ്ഞെടുപ്പിലേക്കുള്ള റിപ്പബ്ലിക്കൻ സ്ഥാനാർത്ഥി മി: താമസ്ഡ്യൂയി.




[illegible] വിപ്ലവകരമായ സാദ്ധ്യതകൾ:— ബ്രിട്ടീഷ് [illegible] വാണിജ്യപ്രദർശനത്തിൽ ഒരു പ്രദർശനവസ്തുവായിരുന്ന 'റോഡ് ട്രാൻസ്പോർട്ട് ഗ്യാസ് ടർബൈൻ' മോട്ടോർകാർവ്യവസായത്തിൽ അത്ഭുതകരമായ പരിവർത്തനങ്ങളുണ്ടാക്കുമെന്ന പ്രതീക്ഷിക്കപ്പെടുന്നു. ഒരു ബ്രിട്ടീഷ് [illegible] നിർമ്മിച്ചിട്ടുള്ളതിൽ ഏററവും ചെറിയ ഈ ഗ്യാസ്ടർബൈൻ ഒരു [illegible] ഘടിപ്പിക്കാവുന്നതാണത്രേ. ഇതിന് 160-ബ്രേക്ക് ഹോഴ്സ് പവ്വറും മണിക്കൂറിൽ 35-40-മൈൽ സ്പീഡുമുണ്ട്.



രാജകീയ വ്യോമസേന [illegible] രാജകീയ വ്യോമസേനയുടെ [illegible] പ്രദർശിപ്പിക്കുന്നതിനായി ഒരു സംഘം വിമാനങ്ങൾ സിംഗപ്പൂർ [illegible] പറക്കുകയുണ്ടായി. [illegible] സന്ദർശിച്ച് പ്രകടനങ്ങൾ നടത്തി ബ്രിട്ടനിൽ തിരിച്ചെത്തുമ്പോൾ [illegible] മൈൽ ദൂരം ഈ സംഘം പറന്നിരിക്കും.



[illegible] കുതിര ജയിക്കുന്നു — [illegible] എന്ന കുതിര [illegible]



ഒളിമ്പിക് ദീപവാഹി — ഒളിമ്പിക് ഉത്സവത്തിൽ പങ്കെടുക്കുന്ന 1500 പേർ ഒളിമ്പിയായിൽനിന്നും വെംബ്ളിയിലേക്ക വഹിച്ചുകൊണ്ടുപോകുന്ന ഒളിമ്പിക് ദീപവാഹ[illegible] [illegible] പേർ [illegible].

[illegible] and Published [illegible] at the [illegible] Vilas Press, Quilon.